2025 MARCH 2

emalayalee.com

# The Weekly

WEEKLY NEWSPA

Contact: editor yalee.com | Phone: 91 907; 917 662 1122



# നയതന്ത്രമില്ല

# നാടകീയത



## പാപ്പക്ക് വേണ്ടി പ്രാർത്ഥന


THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF | ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
Offer valid from 21ST Feb. to Mar. 23rd, 2025
GET 100% VALUE ON DIAMOND EXCHANGE
EASY PAYMENT PLANS
*T&C Apply. Not applicable for Gold coins & bars.
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936



# പരസ്പരം കടന്നാക്രമിച്ചു ട്രംപും സിലിൻസ്കിയും; യുക്രെൻ സമാധാന ചർച്ച അലസി

യുക്രെൻ യുദ്ധം അവസാനിപ്പിക്കാനും ആ രാജ്യത്തിൻറെ ധാതു നിക്ഷേപങ്ങൾ ഖനനം ചെയ്യാനുമുള്ള  പ്രസിഡൻ്റ് ഡോണൾഡ് ട്രംപിന്റെ പരിശ്രമങ്ങൾ വെള്ളിയാഴ്ച്ച വൈറ്റ് ഹൗസിൽ അലസി. ട്രംപും വൈസ് പ്രസിഡൻ്റ് ജെ ഡി വാൻസും യുക്രെൻ പ്രസിഡൻ്റ് വോളോദിമിർ സിലിൻസ്കിയുമായി ഏറ്റു മുട്ടിയ രണ്ടര മണിക്കൂർ ചർച്ചയ്ക്കു ശേഷം തീരുമാനം ഒന്നുമില്ലാതെ സിലിൻസ്കി മടങ്ങുകയായിരുന്നു.

ഇരുവരും പങ്കെടുക്കുന്ന പത്രസമ്മേളനവും ഉച്ചഭക്ഷണവും റദ്ദാക്കിയതായി വൈറ്റ് ഹൗസ് അറിയിച്ചു.

സിലിൻസ്കി ഒരിക്കൽ പോലും ●350 ബില്യൺ നൽകിയ അമേരിക്കയ്ക്കു നന്ദി പറഞ്ഞില്ല എന്ന ആരോപണവുമായി വാൻസ് ഇടപെട്ടപ്പോഴാണ് ചർച്ച പരുക്കനായത്. 'പല തവണ നന്ദി പറഞ്ഞിട്ടുണ്ട്,' സിലിൻസ്കി പറഞ്ഞു. 'വാൻസ്  നിങ്ങൾ എന്തു തരം നയതന്ത്രത്തിനാണ് ശ്രമിക്കുന്നത്?'

റഷ്യൻ പ്രസിഡൻ്റ് പുട്ടിൻ നിരവധി തവണ വെടിനിർത്തൽ ലംഘിച്ചെന്നു സിലിൻസ്കി ചൂണ്ടിക്കാട്ടി.

സിലിൻസ്കി മൂന്നാം ലോകയുദ്ധത്തിലേക്കാണ് നയിക്കുന്നതെന്നു ട്രംപ് ആരോപിച്ചപ്പോൾ, വാൻസ്  ശബ്ദമുയർത്തി സംസാരിക്കുന്നത് ഒരു പ്രശ്നവും പരിഹരിക്കില്ലെന്നു സിലിൻസ്കി തിരിച്ചടിച്ചു.

വാൻസിനു നേരെ കൈചൂണ്ടിയാണ് സിലിൻസ്കി സംസാരിച്ചത്. 'നിങ്ങളുടെ രാജ്യത്തിൻറെ നാശം ഒഴിവാക്കുന്ന നയതന്ത്രത്തെ കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്,' വാൻസ് പറഞ്ഞു.

സിലിൻസ്കിക്കു ബഹുമാനം ഇല്ലെന്നും സമാധാനത്തിനു അദ്ദേഹം തയാറില്ലെന്നും ട്രംപ് ആരോപിച്ചു. 'നിങ്ങൾ മൂന്നാം ലോക മഹായുദ്ധം വിളിച്ചു വരുത്തുകയാണ്.'

വൈറ്റ് ഹൗസിൽ സിലിൻസ്കി എത്തുമ്പോൾ യുക്രെൻ ധാതു നിക്ഷേപങ്ങൾ യുഎസിനു തുറന്നു കൊടുത്തു പകരം സുരക്ഷയും സമാധാനവും വാങ്ങാം എന്ന പ്രതീക്ഷയിൽ ആയിരുന്നു സിലിൻസ്കി. എന്നാൽ റഷ്യയുമായി പുതിയ സൗഹൃദം സ്ഥാപിച്ച ട്രംപ് തുടക്കത്തിൽ ശാന്തനായിരുന്നെങ്കിലും 45 മിനിറ്റ് പിന്നിട്ടപ്പോൾ പരുക്കനായി.

വൈറ്റ് ഹൗസിൽ വന്നു അമേരിക്കൻ മാധ്യമങ്ങളുടെ മുന്നിൽ വാദിക്കുന്നത് അനാദരവാണെന്നു വാൻസ് പറഞ്ഞു. അതോടെ ഇരുവരും തമ്മിലുള്ള വാക്പോര് മൂത്തു.

സിലിൻസ്കി ചോദിച്ചു: 'നിങ്ങൾ എപ്പോഴെങ്കിലും യുക്രെനിൽ വന്നിട്ടുണ്ടോ. അവിടത്തെ പ്രശ്നങ്ങൾ അറിയാമോ. ഒരിക്കലെങ്കിലും വന്നു നോക്കൂ.'

ട്രംപ് പറഞ്ഞു: ''നിങ്ങളുടെ ആളുകൾ മരിച്ചു വീഴുകയാണ്. നിങ്ങൾക്കു വേണ്ടത്ര

സൈനികരില്ല. എന്നിട്ടും നിങ്ങൾ പറയുന്നു, വെടിനിർത്തൽ വേണ്ടെന്ന്. ഈ സമീപനം മാറിയില്ലെങ്കിൽ സമാധാനം കൈവരില്ല.''

അദ്ദേഹം പിന്നീട് ട്രൂത് സോഷ്യലിൽ കുറിച്ചു: 'പ്രസിഡന്റ് സിലിൻസ്കി അമേരിക്ക ഉൾപ്പെട്ട സമാധാനം സ്വീകരിക്കാൻ തയ്യാറില്ല.

'അദ്ദേഹം അമേരിക്കയുടെ ആദരിക്കപ്പെട്ട ഓവൽ ഓഫിസിൽ വച്ചു യുഎസിനോട് അനാദരവ് കാട്ടി. സമാധാനത്തിനു തയാറാവുമ്പോൾ അദ്ദേഹത്തിനു തിരിച്ചു വരാം.'

സിലിൻസ്കി വെസ്റ്റ് വിങ്ങിൽ കാത്തു നിന്ന കാറിലേക്കു കയറി പോയപ്പോഴേക്കു മാധ്യമ ലേഖകർ പിരിഞ്ഞു പോയിരുന്നു.

നാൽപതു മിനിറ്റ് കഴിഞ്ഞു സിലിൻസ്കി എക്സിൽ കുറിച്ചു: 'താങ്ക് യു അമേരിക്ക. നിങ്ങൾ തന്ന പിന്തുണയ്ക്കു നന്ദി. ഈ സന്ദർശനം അനുവദിച്ചതിനു നന്ദി. താങ്ക് യു പോട്ടസ്, കോൺഗ്രസ്; അമേരിക്കൻ ജനതയ്ക്കും നന്ദി. യുക്രൈനു നീണ്ടു നിൽക്കുന്ന സമാധാനം ആവശ്യമാണ്. അതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്.'

പിന്നീട് ഫ്ളോറിഡയിലേക്കു പറക്കുമ്പോൾ ട്രംപ മാധ്യമങ്ങളോട് പറഞ്ഞു: 'സിലിൻസ്കി അതിരു കടന്നു. ഞാൻ സമാധാനത്തിനാണ് ശ്രമിക്കുന്നത്. അദ്ദേഹം വീണ്ടും യുദ്ധമാണ് ആഗ്രഹിക്കുന്നത്.'

ട്രംപിന്റെ കളി പുട്ടിനു വേണ്ടിയെന്നു ഡെമോക്രാറ്റിക് നേതാക്കൾ; കുറേക്കൂടി അന്തസ് വേണ്ടിയിരുന്നു

യുക്രൈൻ പ്രസിഡന്റ് വോളോദിമിർ സിലിൻസ്കിയുമായി ഏറ്റു മുട്ടിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യഥാർഥത്തിൽ റഷ്യൻ പ്രസിഡന്റ് പുട്ടിനു വേണ്ടിയാണു നിലകൊണ്ടതെന്നു ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾ കുറ്റപ്പെടുത്തി.

സെനറ്റിലെ പാർട്ടി നേതാവ് ചക്ക് ഷൂമർ എക്സിൽ കുറിച്ചു: 'ട്രംപും വാൻസും ചെയ്യുന്നത് പുട്ടിന്റെ വൃത്തികെട്ട ജോലിയാണ്. സെനറ്റ് ഡെമോക്റാറ്റുകൾ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ നിന്ന് ഒരിക്കലും ഒഴിഞ്ഞു മാറില്ല.'

ഹൗസ് സ്പീക്കർ ആയിരുന്ന നാൻസി പെലോസി ഓവൽ ഓഫിസ് സംഭവം നാണം കേട്ട പ്രകടനമായി എന്നു ചൂണ്ടിക്കാട്ടി. 'ഈ നാടകം കണ്ടു പുട്ടിൻ ആനന്ദത്തിൽ ആറാടിക്കാണും.

'സിലിൻസ്കിയുമായി ഇടപെടുമ്പോൾ കുറേക്കൂടി അന്തസ് കാട്ടിയിരുന്നെങ്കിൽ യുഎസ് പ്രസിഡന്റ് കരുത്തു കാട്ടി എന്നു പറയാൻ കഴിയുമായിരുന്നു.'

സെനറ്റ് വിദേശകാര്യ സമിതിയിലെ ഡെമോക്രാറ്റിക് അംഗം ജീൻ ഷഹീൻ പറഞ്ഞു: 'യുക്രൈന്റെ ഊർജം ചോർത്താനോ പോരാടാനുള്ള അവരുടെ നിശ്ചയദാർഢ്യം തകർക്കാനോ റഷ്യയ്ക്കു കഴിഞ്ഞിട്ടില്ല. പ്രസിഡന്റ് ട്രംപിന്റെ ബാലിശമായ പെരുമാറ്റം കൊണ്ട് അത് നേടാനും പോകുന്നില്ല.'

ഡെമോക്രാറ്റിക് ഗവർണർമാരുടെ അസോയിയേഷൻ പറഞ്ഞു: 'മില്യൺ കണക്കിനു അമേരിക്കക്കാർക്കൊപ്പം ഞങ്ങൾ ഒറ്റക്കെട്ടായി യുക്രൈൻ ജനതയോടൊപ്പം നിൽക്കുന്നു. ലോക വേദിയിൽ നമ്മുടെ ശക്തമായ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുക എന്നതാണ് അമേരിക്ക ചെയ്യേണ്ടത്. അല്ലാതെ റഷ്യൻ ആക്രമണത്തിനു ശേഷം പ്രസിഡന്റ് സിലിൻസ്കിയുടെ പ്രവർത്തനം തകർക്കാൻ ശ്രമിക്കയല്ല.'

യുഎസ് ഹൗസിലെ ഡെമോക്രാറ്റിക് നേതാവ് ഹക്കീം ജെഫ്രിസ് പറഞ്ഞു: 'ഇന്നത്തെ വൈറ്റ് ഹൗസ് കൂടിക്കാഴ്ച്ച പരിതാപകരമായി. പ്രാകൃതനായ ഏകാധിപതി പുട്ടിനു ധൈര്യം കൂട്ടാൻ മാത്രമേ അത് ഉപകരിക്കൂ.'

**സിലിൻസ്കി ട്രംപിന്റെ നോട്ടപ്പുള്ളിയായത് 2019 ഇംപീച്ച്മെന്റ് മുതൽ**

ഓവൽ ഓഫിസിൽ വെള്ളിയാഴ്ച്ച ട്രംപും സിലിൻസ്കിയും തമ്മിലുണ്ടായ ഏറ്റുമുട്ടലിനു പിന്നിൽ വർഷങ്ങൾ നീണ്ട ശത്രുതയുടെ ചരിത്രവുമുണ്ട്. 2019ൽ ഡെമോക്രറ്റുകൾ തന്നെ ഇംപീച്ച് ചെയ്തതിനു പിന്നിൽ സിലിൻസ്കിയുടെ കൈയുണ്ടെന്നു ട്രംപ് കരുതുന്നു.

2020 പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ജോ ബൈഡൻ കുതിപ്പ് തുടങ്ങിയപ്പോൾ അദ്ദേഹത്തിനെതിരെ അഴിമതി ആയുധമാക്കാൻ ട്രംപ് കണ്ടെത്തിയത് യുക്രൈനുമായി ബന്ധപ്പെട്ടു ബൈഡന്റെ മകൻ ഹണ്ടർ അഴിമതി നടത്തി എന്ന ആരോപണം ആയിരുന്നു. അന്ന് പ്രസിഡന്റ് ആയിരുന്ന ട്രംപ് യുക്രൈനുള്ള ●400 മില്യൺ സഹായം തടഞ്ഞു വച്ചിരുന്നു. അതേ സമയം, സിലിൻസ്കിയെ വിളിച്ചു ബൈഡൻ കുടുംബത്തിനെതിരായ ആരോപണത്തിനു തെളിവുണ്ടാക്കാൻ ആവശ്യപ്പെട്ടു.

യുക്രൈനിലെ ബുറിസ്മ എന്ന ഗ്യാസ് കമ്പനിയിൽ ആ രംഗത്ത് പരിചയമൊന്നും ഇല്ലാത്ത ഹണ്ടർ ബൈഡനെ ഡയറക്റ്ററാക്കി എന്നതാണ് ആരോപണം. അത് നടക്കുമ്പോൾ ബൈഡൻ വൈസ് പ്രസിഡന്റ് ആയിരുന്നു.

ധനസഹായം പിടിച്ചു വച്ചിട്ട് കള്ളത്തെളിവുണ്ടാക്കാൻ ട്രംപ് ആവശ്യപ്പെട്ടു എന്ന ആരോപണം ഡെമോക്രറ്റുകൾ ഉയർത്തി. അധികാര ദുർവിനിയോഗമാണ് അതെന്നു അവർ ചൂണ്ടിക്കാട്ടി. യുഎസ് തിരഞ്ഞെടുപ്പിൽ വിദേശ ഇടപെടൽ കൊണ്ടുവരാനുള്ള ശ്രമമാണ് എന്ന ആരോപണവും ഉണ്ടായി.

**വൈറ്റ് ഹൗസ് വിട്ട് പുറത്തുപോകാൻ ട്രംപ് സെലൻസ്കിയോട് പറഞ്ഞു. സെലൻസ്കി മൂന്നാം ലോകമഹായുദ്ധത്തിന് ശ്രമിക്കുകയാണെന്നും ഡോണൾഡ് കുറ്റപ്പെടുത്തി. കൂടാതെ, സെലൻസ്കി അമേരിക്കയെ അനാദരിച്ചുവെന്നും താൻ മൂന്നാം ലോകമഹായുദ്ധത്തിന് തയ്യാറല്ലെന്നും സമാധാനത്തിന് തയ്യാറാവുകയാണെങ്കിൽ സെലൻസ്കിക്ക് തിരിച്ചുവരാമെന്നും ട്രംപ് കൂട്ടിച്ചേർത്തു.**



അതിന്റെ പേരിൽ അവർ കോൺഗ്രസിൽ ട്രംപിനെതിരെ ആദ്യത്തെ ഇംപീച്ച്മെന്റ് കൊണ്ടുവന്നു. അന്നു സെനറ്റിൽ ട്രംപ് തടിതപ്പിയെങ്കിലും സംഭവം നാണക്കേടായി. 2020ൽ ട്രംപ് തോൽക്കുകയും ചെയ്തു.

ഈ വിവാദത്തിലേക്ക് ചെന്നുവീഴാതിരിക്കാൻ സിലിൻസ്കി പരാമാവധി ശ്രമിച്ചു. അതേ സമയം ബൈഡൻ പ്രസിഡന്റായ ശേഷം അദ്ദേഹം ഉറ്റ ബന്ധം ഉണ്ടാക്കിയെടുത്തു. യുക്രൈനു വൻ സഹായം നൽകുകയും ചെയ്തു.

മാത്രമല്ല, റഷ്യയെ ലോക വേദിയിൽ നിന്ന് അകറ്റി നിർത്താൻ ബൈഡനു കഴിഞ്ഞു. കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്തു പെൻസിൽവേനിയയിൽ സിലിൻസ്കി നടത്തിയ സന്ദർശനം ഇടപെടലാണെന്നു റിപ്പബ്ലിക്കൻ പാർട്ടി ആരോപിച്ചു.

യുക്രൈന് ബൈഡൻ നൽകിയ സഹായം കോൺഗ്രസ് അംഗീകരിച്ചതാണ്. എന്നാൽ ആ സഹായം പാഴ്വ്യയം ആണെന്ന് ട്രംപ് വാദിച്ചു.

പ്രസിഡന്റായ ശേഷം യൂറോപ്പിനെ പോലും ഒഴിവാക്കി റഷ്യയുമായി നേരിട്ടു ചർച്ച നടത്തി ട്രംപ് പ്രകോപനം സൃഷ്ടിച്ചു. സിലിൻസ്കിയെ ഏകാധിപതി എന്നു വിളിക്കയും യുഎസ് നൽകിയ സഹായത്തിനു പകരമായി യുക്രൈന്റെ ധാതു നിക്ഷേപങ്ങൾ ആവശ്യപ്പെടുകയും ചെയ്തു.

യുക്രൈൻ ആണ് യുദ്ധം തുടങ്ങി വച്ചതെന്ന് ട്രംപ് ആരോപിച്ചപ്പോൾ റഷ്യൻ നുണകളുടെ തടവിലാണ് ട്രംപ് എന്നു സിലിൻസ്കി തിരിച്ചടിച്ചു.

### വ്യക്തിത്വങ്ങളുടെ ഏറ്റുമുട്ടൽ

ടെലിവിഷൻ പശ്ചാത്തലമുള്ള ട്രംപും സിലിൻസ്കിയും നാടകീയതയും വീരസ്യവും ഇഷ്ടപ്പെടുന്നവരാണ് എന്ന വാദവുമുണ്ട്. റഷ്യയുമായി നേരിട്ടു കരാർ ഉണ്ടാക്കാനുള്ള ട്രംപിന്റെ ശ്രമം എത്ര വിചിത്രമാണെന്നു ലോകത്തിനു മുന്നിൽ വിളിച്ചു പറയാൻ കിട്ടിയ ഏറ്റവും നല്ല അവസരം സിലിൻസ്കി മുതലാക്കി.

ട്രംപ് ആവട്ടെ, സിലിൻസ്കി അമേരിക്കയെ അപമാനിച്ചു എന്നൊക്കെയുള്ള വാദങ്ങൾ ഉയർത്തിയാണ് പിടിച്ചു നില്ക്കാൻ നോക്കിയത്.

സിലിൻസ്കിയെ കീഴടക്കാൻ അദ്ദേഹത്തെ ഏകാധിപതി എന്നു വിളിക്കുക വരെ ചെയ്ത ട്രംപ് അവിടെ വെളിവാക്കിയത് ദൗർബല്യമാണ്, കരുത്തല്ല. നയതന്ത്രത്തിന്റെ ഭാഷ ചീത്തവിളിയല്ല.

തെറ്റൊന്നും ചെയ്തില്ല, ട്രംപിനോടു മാപ്പു ചോദിക്കേണ്ട കാര്യമില്ലെന്നു സിലിൻസകി

ട്രംപുമായി ഏറ്റുമുട്ടിയതിന്റെ പേരിൽ മാപ്പു ചോദിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു സിലിൻസ്കി വ്യക്തമാക്കി. മാപ്പു ചോദിയ്ക്കാൻ താൻ തെറ്റൊന്നും ചെയ്തില്ല എന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

സമാധാന ശ്രമങ്ങൾ യുഎസിന്റെ ഭാവി നിലപാടിനെ ആശ്രയിച്ചിരിക്കുമെന്നു സിലിൻസ്കി പറഞ്ഞു. ന്യായവും ശാശ്വതവുമായ സമാധാനമാണ് യുക്രൈൻ ആഗ്രഹിക്കുന്നത്. റഷ്യ വീണ്ടും ആക്രമണം നടത്താൻ പാടില്ല.

ഫോക്സ് ന്യൂസിൽ സംസാരിച്ച സിലിൻസ്കി പക്ഷെ വൈറ്റ് ഹൗസിൽ ഏറ്റുമുട്ടൽ ഉണ്ടായത് നല്ല കാര്യമല്ലെന്നു ചൂണ്ടിക്കാട്ടി. എന്നാൽ അതിനെ സുഹൃത്തുക്കൾ തമ്മിലുള്ള തുറന്നതും സത്യസന്ധവുമായ സംഭാഷണമായും കാണാം.

'എനിക്കു തോന്നുന്നതു നമ്മൾ തുറന്നും സത്യസന്ധമായും സംസാരിക്കണം എന്നാണ്. അത് തെറ്റാണെന്നു എനിക്ക് തോന്നിയിട്ടില്ല.'

റഷ്യയോടുള്ള യുക്രൈന്റെ സമീപനത്തിൽ മാറ്റം വരുത്താൻ കഴിയില്ലെന്നു സിലിൻസ്കി വ്യക്തമാക്കി.

ട്രംപ്- സെലൻസ്കി വാക്പോര്: തലയിൽ കൈവച്ച് നിൽക്കുന്ന യുക്രെയ്ൻ അംബാസഡറുടെ വീഡിയോ വൈറൽ

ട്രംപ്-സെലൻസ്കി വാക്പോരിനിടെ അസ്വസ്ഥയായി തലയിൽ കൈവെച്ച് നിൽക്കുന്ന യുക്രെയ്ൻ അംബാസഡർ ഒക്സാന മാർകാറോവയുടെ വീഡിയോ വൈറൽ. വാക്പോര് രൂക്ഷമായതോടെ കണ്ണടച്ച് അസ്വസ്ഥയായി തലയിൽ കൈവെച്ച് മാർകറോവ ഇരിക്കുന്നതാണ് വീഡിയോയിലുള്ളത്.

വൈറ്റ് ഹൗസ് വിട്ട് പുറത്തുപോകാൻ ട്രംപ് സെലൻസ്കിയോട് പറഞ്ഞു. സെലൻസ്കി മൂന്നാം ലോകമഹായുദ്ധത്തിന് ശ്രമിക്കുകയാണെന്നും ഡോണൾഡ് കുറ്റപ്പെടുത്തി. കൂടാതെ, സെലൻസ്കി അമേരിക്കയെ അനാദരിച്ചുവെന്നും താൻ മൂന്നാം ലോകമഹായുദ്ധത്തിന് തയ്യാറല്ലെന്നും സമാധാനത്തിന് തയ്യാറാവുകയാണെങ്കിൽ സെലൻസ്കിക്ക് തിരിച്ചുവരാമെന്നും ട്രംപ കൂട്ടിച്ചേർത്തു.

ചർച്ച പരാജയപ്പെട്ടതിൽ റഷ്യയ്ക്കു ആഹ്ളാദം; യുക്രൈനു പിന്തുണ ആവർത്തിച്ച് പാശ്ചാത്യ ലോകം

വൈറ്റ് ഹൗസിൽ നടന്ന ഡൊണാൾഡ് ട്രംപ്-സിലിൻസ്കി ചർച്ച പരാജയപ്പെട്ടതിൽ റഷ്യയ്ക്കും സഖ്യരാജ്യങ്ങൾക്കും ആഹ്ളാദം. അതേ സമയം, പാശ്ചാത്യ സഖ്യത്തിൽ ആശങ്ക ഉയർന്നു.

റഷ്യൻ മാധ്യമങ്ങൾ മറയില്ലാതെ ആഘോഷിച്ചപ്പോൾ അമേരിക്കൻ നിരീക്ഷകർ രോഷാകുലരായിരുന്നു.

ട്രംപ് യുക്രൈന്റെ കൈയ്യിൽ ശക്തമായ അടി നൽകിയെന്ന് റഷ്യയുടെ മുൻ പ്രസിഡന്റും സെക്യൂരിറ്റി കൗൺസിൽ തലവനുമായ ദിമിത്രി മെദ്‌വെദേവ് പറഞ്ഞു. 'ആദ്യമായി ട്രംപ് കൊക്കയ്ൻ കോമാളിയോട് സത്യം പറഞ്ഞു, അയാൾ മൂന്നാം ലോകയുദ്ധമാണ് കാണാൻ പോകുന്നതെന്ന്. നന്ദികെട്ട പന്നിയുടെ കൈയ്യിൽ തന്നെ പന്നിക്കൂട്ടത്തിന്റെ ഉടമയിൽ നിന്ന് ശക്തമായ അടി കിട്ടി. ഇതു കൊള്ളാം. പക്ഷെ ഇത് പോരാ. നവനാസികൾക്കുള്ള സൈനിക സഹായം നിർത്തണം.'

റഷ്യൻ ടെലിവിഷൻ ആർ ടി പറഞ്ഞു: 'സിലിൻസ്കി കൈകൾ കാലിനിടയിൽ തിരുകി ഇരിക്കുമ്പോൾ യുഎസ് പ്രസിഡന്റ് അയാളെ അടിച്ചു പൊടിയാക്കുന്നു.'

ട്രംപും വാൻസും സിലിൻസ്കിയെ തല്ലാതിരുന്നത് അത്ഭുതമാണെന്നു റഷ്യൻ വിദേശകാര്യ വക്താവ് മരിയ സഖറോവ പറഞ്ഞു.

റഷ്യയുടെ സുഹൃത്തായ ഹങ്കറി പ്രസിഡന്റ് വിക്ടർ ഓർബൻ ട്രംപിനെ സ്തുതിക്കയും നന്ദി പറയുകയും ചെയ്തു. 'ട്രംപ ധീരമായി സമാധാനത്തിനു വേണ്ടി നിലകൊണ്ടു,' അദ്ദേഹം പറഞ്ഞു.

### പാശ്ചാത്യ ചേരി സിലിൻസ്കിക്കൊപ്പം

കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ എക്സിൽ കുറിച്ചു: 'ജനാധിപത്യവും സ്വാതന്ത്ര്യവും പരമാധികാരവും നിലനിർത്താൻ മൂന്നു വർഷമായി യുക്രൈൻ നടത്തുന്ന പോരാട്ടം നമുക്കെല്ലാം പ്രധാനമാണ്. കാനഡ എന്നും യുക്രൈന് ഒപ്പം നിൽക്കും.'

യുക്രൈനിലെ ജനങ്ങളെക്കാൾ സമാധാനം ആഗ്രഹിക്കുന്ന ആരുമില്ലെന്നു ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് പറഞ്ഞു. യുക്രൈന് ജർമനിയയെയും യുറോപ്പിനെയും ആശ്രയിക്കാം.'

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ പറഞ്ഞു: 'റഷ്യ ആണ് ആക്രമണകാരി. യുക്രൈനെ സഹായിക്കുകയും റഷ്യയ്ക്കു മേൽ ഉപരോധം ഏർപെടുത്തുകയും ചെയ്ത നമ്മുടെ നടപടി ശരിയായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. യുക്രൈൻ പൊരുതുന്നത് അവരുടെ അന്തസിനു വേണ്ടിയും അവരുടെ കുഞ്ഞുങ്ങൾക്ക് വേണ്ടിയും സ്വാതന്ത്ര്യം നിലനിർത്താനുമാണ്.'

ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമാറുടെ വക്താവ് പറഞ്ഞു: 'പ്രധാനമന്ത്രി യുക്രൈനുള്ള പിൻതുണ എന്നും തുടരും. ആ രാജ്യത്തിൻറെ പരമാധികാരവും സുരക്ഷയും ഉറപ്പാക്കുന്ന സമാധാനത്തിനു വേണ്ടി അദ്ദേഹം എന്നും പരിശ്രമിക്കും.'


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply

# താമരശേരിയിലെ കൊല്ലാൻ പഠിച്ച കുട്ടി ക്രിമിനലുകൾ




## നാടിന്റെ നോവായി ഷഹബാസ്

**എ.എസ് ശ്രീകുമാർ**

''ഷഹബാസിനെ കൊല്ലുമെന്ന് പറഞ്ഞാൽ കൊല്ലും, അവന്റെ കണ്ണൊന്ന് നീ പോയി നോക്ക്, കണ്ണൊന്നും ഇല്ല. രണ്ട് ദിവസം കഴിഞ്ഞ് കാണണം...'' കോഴിക്കോട് താമരശേരിയിൽ വിദ്യാർത്ഥികൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട പത്താം ക്ലാസുകാരൻ ഷഹബാസിന്റെ (15) ജീവനെടുത്ത സഹപാഠികൾ അയച്ച ഞെട്ടിക്കുന്ന ഇൻസ്റ്റഗ്രാം ഗ്രൂപ്പ് ചാറ്റ് വോയ്സ് മെസേജാണിത്. കൂട്ടത്തല്ലിൽ മരിച്ചാൽ പൊലീസ് കേസെടുക്കില്ലെന്നും തള്ളിപ്പോകുമെന്നും പറയുന്ന വോയ്സും ചാറ്റിലുണ്ട്. എളേറ്റിൽ വട്ടോളി ഹയർ സെക്കന്ററി സ്കൂൾ കുട്ടികളുടെ ഗ്രൂപ്പിലാണ് കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന ക്രൂരത വെളിവാക്കുന്ന ശബ്ദ സന്ദേശമെത്തിയത്.

''ഷഹബാസേ...ഫുൾ അലമ്പായിക്കിന്ന് കേട്ട്. വല്യ സീനില്ലല്ലോ. നീ എങ്ങനേലും ചൊറ ഒഴിവാക്കി കൊണ്ടാ, ഇങ്ങനെയാകുമെന്ന് ഞാൻ വിചാരിച്ചില്ല. നീ ഒഴിവാക്കി കൊണ്ടാ. നിനക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ..? എന്നായിരുന്നു സന്ദേശത്തിൽ പറയുന്നത്. കൂടാതെ മറ്റൊരു വിദ്യാർത്ഥി അയച്ച കുറ്റസമ്മത സന്ദേശവും പുറത്തുവന്നിട്ടുണ്ട്. ''എടാ ഷഹബാസേ എന്തേലും ഉണ്ടെങ്കിൽ പൊരുത്തപ്പെടണട്ടോ, ഞാൻ നിന്നോട് കുറെ പറഞ്ഞതല്ലേ...നമ്മള് ചൊറക്ക് നിക്കുന്നില്ലെന്ന്, പിന്നെയും പിന്നെയും നീ...നീ ഇത്രയൊക്കെ പറഞ്ഞിട്ടും ഞങ്ങള് നിന്നോട് ചൊറക്ക് നിന്നില്ലല്ലോ, ഞങ്ങളാരും മനസ്സിൽ പോലും വിചാരിച്ചില്ല ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമെന്ന്...''

പ്രായപൂർത്തിയാകാത്തവരാണ് ഈ വിദ്യാർത്ഥികൾ. ഇവരെ വിദ്യാർത്ഥികൾ എന്ന് വിളിച്ചാൽ നല്ല വിദ്യാർത്ഥികൾക്കത് മാനക്കേടാവും. കൂട്ടത്തിലൊരുവനെ തലയ്ക്കടിച്ചുകൊന്ന ഇവർ കൊടും ക്രിമിനലുകൾ തന്നെ. പത്താം ക്ലാസിൽ പഠിക്കേണ്ട പ്രായത്തിൽ കൊലപാതകികളായിത്തീർന്ന ഈ ആസുര ജൻമങ്ങൾ നാടിന്റെ സമാധാന ജീവിതത്തിനെന്നും വെല്ലുവിളിയാണ്. വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിന് കാരണം പ്രതികാരമാണെന്ന് പോലീസ് വ്യക്തമാക്കുന്നു. താമരശ്ശേരി ചുങ്കം പാലോറക്കുന്ന് ഇക്ബാലിന്റെ മകനായ മുഹമ്മദ് ഷഹബാസ് അതിദാരുണമായാണ് കൊല്ലപ്പെട്ടത്.

ഷഹബാസിന്റെ വലത് ചെവിയുടെ മുകളിലായി തലയോട്ടി തകർന്നതായും, നെഞ്ചിനേറ്റ മർദ്ദനത്തിൽ ആന്തരിക രക്തസ്രാവമുണ്ടായതായും പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നു. കട്ടിയുള്ള ആയുധം കൊണ്ടുള്ള അടിയിലാണ് പരിക്കേറ്റത്. ചെവിയുടെ പിന്നിലും കണ്ണിലും മർദ്ദനമേറ്റതായും പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കരാട്ടെ പരിശീലകർ ഉപയോഗിക്കുന്ന നഞ്ചക്ക് ഉപയോഗിച്ചാണ് പ്രതികൾ ഷഹബാസിനെ മർദ്ദിച്ചതെന്നാണ് പോലീസ് പറയുന്നത്.

സ്വകാര്യ ട്യൂഷൻ സെന്ററിലെ ഫെയർവെൽ പാർട്ടിക്കിടെയുണ്ടായ കൂകി വിളിയാണ് സംഘർഷത്തിൽ കലാശിച്ചത്. എളേറ്റിൽ വട്ടോളി എം.ജെ ഹൈസ്കൂളിലെ

**പെട്ടെന്നുള്ള പ്രകോപനത്തിൽ സംഭവിച്ചതല്ല ഷഹബാസിന്റെ കൊലപാതകം. മുൻകൂട്ടി തീയതിയും സമയവും നിശ്ചയിച്ച ശേഷമാണ് സംഘർഷം നടത്തിയത്. പ്രായപൂർത്തിയാകാത്ത കൗമാരക്കാരാണ് സിനിമയെ പോലും അതിശയിപ്പിക്കുന്ന തരത്തിൽ ആക്രമണത്തിന് പദ്ധതിയിട്ടെന്നത് സംഭവത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്നു. സംഘട്ടനത്തിൽ പോലീസ് കേസെടുക്കില്ലെന്ന തെറ്റിദ്ധരണയിലാണിവർ ഷഹബാസിനെ മൃഗീയമായി ആക്രമിച്ചത്. ഒരുകാലത്ത് രാഷ്ട്രീയ പാർട്ടികളുടെ പേരിലാണ് വിദ്യാലയങ്ങളിൽ അക്രമ സംഭവങ്ങൾ നടന്നിരുന്നത്. എന്നാലിപ്പോൾ വാട്സ് ആപ്പ്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകളിലെ റീലുകളും അതിന് കിട്ടുന്ന ലൈക്കുകളും കമന്റുകളും ചേർത്താണ് വിദ്യാർത്ഥികൾ പ്രകോപിതരായി അക്രമങ്ങളിലേയ്ക്ക് കടക്കുന്നത്.**




വിദ്യാർത്ഥികളുടെ ഡാൻസിനിടെ പാട്ട് നിലച്ചപ്പോൾ താമരശേരി ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ കൂവിയതാണ് തർക്കത്തിന്റെ തുടക്കം. ഇത് വിദ്യാർത്ഥികൾ തമ്മിൽ വാക്കേറ്റത്തിന് ഇടയാക്കി. അധ്യാപകർ ഇടപെട്ട് പ്രശ്നം പരിഹരിച്ചെങ്കിലും വിദ്യാർത്ഥികളുടെ മനസ്സിൽ അത് പകയായി കിടക്കുകയായിരുന്നു. തുടർന്ന് എം.ജെ ഹൈസ്കൂളിലെ വിദ്യാർത്ഥികൾ വാട്സ് ആപ് ഗ്രൂപ് വഴി അയച്ച സന്ദേശത്തിൽ തിരിച്ചടിക്കാനായി എല്ലാവരും ട്യൂഷൻ സെന്ററിന് സമീപം എത്താൻ ആഹ്വാനം ചെയ്തു.

പത്തിലധികം വിദ്യാർത്ഥികൾ സംഘടിച്ച് താമരശേരി ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികളുമായി ഏറ്റുമുട്ടുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ട്യൂഷൻ സെന്ററിലെ വിദ്യാർത്ഥി അല്ലാതിരുന്ന ഷഹബാസിനെ സുഹൃത്താണ് വീട്ടിൽ നിന്ന് കൂട്ടിക്കൊണ്ടുപോയത്. സംഘർഷത്തിന് ശേഷം അവർ തന്നെ അവശനിലയിലായ ഷഹബാനെ വഴിയിൽ ഇറക്കി വിടുകയായിരുന്നു. പുറമെ പരുക്കുകൾ ഇല്ലാതിരുന്ന ഷഹബാസിന് വീട്ടിൽ വച്ച് ആന്തരിക രക്തസ്രാവം ഉണ്ടായതിനെ തുടർന്ന് രാത്രി ഛർദിയും മറ്റ് ആരോഗ്യപ്രശ്നങ്ങളും ഉണ്ടായതോടെയാണ് താമരശേരി താലൂക്ക് ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളേജിലേക്കും മാറ്റിയത്. തലച്ചോറിന് 70 ശതമാനം ക്ഷതം സംഭവിച്ച ഷഹബാസിന്റെ മരണം വെള്ളിയാഴ്ച രാത്രി 12.30-ഓടെ കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതർ സ്ഥിരീകരിച്ചു.

സംഭവത്തെ തുടർന്ന് കസ്റ്റഡിയിലെടുത്ത വിദ്യാർത്ഥികളെ വെള്ളിയാഴ്ച വൈകിട്ട് രക്ഷിതാക്കൾക്കൊപ്പം വിട്ട നടപടിയിൽ പോലീസിനെതിരെ കടുത്ത വിമർശനമുണ്ടായി. ഷഹബാസിന്റെ മരണത്തെ തുടർന്ന് പിടിയിലായ അഞ്ച് വിദ്യാർത്ഥികൾക്കെതിരെ താമരശേരി പൊലീസ് കൊലക്കുറ്റത്തിന് കേസ് ചുമത്തി. ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കിയ കുറ്റാരോപിതരായ വിദ്യാർത്ഥികൾ ഇപ്പോൾ കെയർ ഹോമിൽ നിരീക്ഷണത്തിലാണ്. ഇവർക്കെതിരെ താമരശേരി പോലീസ് കൊലക്കുറ്റം ചുമത്തിയിട്ടുണ്ട്.

പെട്ടെന്നുള്ള പ്രകോപനത്തിൽ സംഭവിച്ചതല്ല ഷഹബാസിന്റെ കൊലപാതകം. മുൻകൂട്ടി തീയതിയും സമയവും നിശ്ചയിച്ച ശേഷമാണ് സംഘർഷം നടത്തിയത്. പ്രായപൂർത്തിയാകാത്ത കൗമാരക്കാരാണ് സിനിമയെ പോലും അതിശയിപ്പിക്കുന്ന തരത്തിൽ ആക്രമണത്തിന് പദ്ധതിയിട്ടെന്നത് സംഭവത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്നു. സംഘട്ടനത്തിൽ പോലീസ് കേസെടുക്കില്ലെന്ന തെറ്റിദ്ധരണയിലാണിവർ ഷഹബാസിനെ മൃഗീയമായി ആക്രമിച്ചത്. ഒരുകാലത്ത് രാഷ്ട്രീയ പാർട്ടികളുടെ പേരിലാണ് വിദ്യാലയങ്ങളിൽ അക്രമ സംഭവങ്ങൾ നടന്നിരുന്നത്. എന്നാലിപ്പോൾ വാട്സ് ആപ്പ്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകളിലെ റീലുകളും അതിന് കിട്ടുന്ന ലൈക്കുകളും കമന്റുകളും ചേർത്താണ് വിദ്യാർത്ഥികൾ പ്രകോപിതരായി അക്രമങ്ങളിലേയ്ക്ക് കടക്കുന്നത്.

സ്കൂളിന്റെ പേരിൽ സോഷ്യൽ മീഡിയ അക്കൗണ്ട് തുടങ്ങി റീലുകൾ ഇട്ട് വൈറലാവുകയാണ് ഇവരുടെ വിനോദം. പെട്ടെന്നുള്ള ആശയവിനിമയവും ഇതിലൂടെ സാധ്യമാവുന്നു. റീലുകൾക്ക് നെഗറ്റീവ് കമന്റുകൾ ഇടുന്നവരെ കായികമായി കൈകാര്യം ചെയ്യുന്നതാണ് കണ്ടുവരുന്നത്. സമീപകാലത്തായി സ്കൂൾ കുട്ടികൾ തേരിതിരിഞ്ഞ് അടിയുണ്ടാക്കുന്ന മിരവധി ദൃശ്യങ്ങൾ സോഷ്യൽ മീഡിയകളിലൂടെ പ്രചരിക്കുന്നുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്കൂൾ അധികൃതർ താക്കീത് നൽകിയോ മാതാപിതാക്കളെ വിളിപ്പിച്ച് കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തിയോ വിദ്യാർത്ഥികളെ പിന്തിരിപ്പിച്ചതായി കാണുന്നില്ല. വിദ്യാർത്ഥികളിലെ ക്രിമിനൽ സ്വഭാവം ഇപ്പോൾ ഒരു സഹപാഠിയെ കൊലയ്ക്കു കൊടുക്കുന്നതിലേയ്ക്ക് വല്ലാതെ വളർന്നിരിക്കുന്നു.

ഈയിടെ വാണിജ്യപരമായി വൻ വിജയം നേടിയ ചില സിനിമകൾ കുറ്റകൃത്യങ്ങളെ പ്രോൽസാഹിപ്പിക്കുന്നവയാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. കുട്ടികളിലെ അക്രമവാസനയ്ക്ക് സിനിമകളുടെ സ്വാധീനം വലുതാണ്. സിനിമയിലെ വയലൻസ് ആളുകളെ വലിയ തോതിൽ സ്വാധീനിക്കുമെന്നതിനാൽ അത്തരം രംഗങ്ങളിൽ നിയന്ത്രണം ആവശ്യമാണ്. ഇന്ത്യയിൽ സെൻസറിംഗ് സംവിധാനം ഉണ്ടെങ്കിലും അടുത്ത കാലത്ത് വയലൻസ് കൊണ്ട് പേരെടുത്ത ചില സിനിമകൾ സെൻസറിംഗ് നേടിയെടുക്കുന്നുണ്ട്. സെൻസറിങ്ങിനെ മറികടന്ന് ക്രൂരവും സ്തോഭജനകവുമായ ദൃശ്യങ്ങൾ പരീക്ഷിക്കുന്നതിൽ കൗതുകവും ആനന്ദവും പിന്നെ സാമ്പത്തിക നേട്ടവും കണ്ടെത്തുന്ന പുതിയ ചലച്ചിത്ര പ്രവർത്തകർക്കും മൂക്കുകയറിടേണ്ടതുണ്ട്. മലയാളത്തിൽ റിലീസാവുന്ന സിനിമകളിൽ ഭയാനകമാംവിധം ക്രൈം കടന്നുവരുന്നതും അതെല്ലാം സ്വീകരിക്കുന്ന മലോനിലയിലേക്ക് പുതിയ തലമുറ എത്തുന്നതും കണ്ടില്ലെന്ന് നടിക്കരുത്.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ



# കെ.സുധാകരൻ തന്നെ

## നിർഭരമായ പോരാട്ടത്തിന്റെ ചരിത്രം ഏറെ

ജെയിംസ് കുടൽ

കമ്പക്കുടി സുധാകരൻ കേരള രാഷ്ട്രീയത്തിൽ കെ.സുധാകരനായി ഉയർന്നതിന്പിന്നിൽ ത്യാഗനിർഭരമായ പോരാട്ടത്തിന്റെ ചരിത്രമുണ്ട്. മലബാറിൽ പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കോൺഗ്രസിന് വേരോട്ടമുണ്ടാകുന്നതിന് തടസമായിനിന്നത് സി.എമ്മിന്റെ പ്രവർത്തന ശൈലിയാണ്. യൂത്ത്കോൺഗ്രസ്, കോൺഗ്രസ് പ്രവർത്തകർക്ക് നാട്ടിൽ ഒരു ത്രിവർണപതാക ഉയർത്താനോ പാർട്ടിയുടെ പേരിൽ പുറത്തിറങ്ങി നടക്കാനോ കഴിയാതിരുന്ന സാഹചര്യം. ആ കാലഘട്ടത്തിലാണ് സുധാകരൻ എന്ന ചെറുപ്പക്കാരൻ നെഞ്ചു വിരിച്ച്നിന്ന് ഏതു പ്രതിബന്ധങ്ങളെയും മറികടക്കാനുള്ള ധൈര്യം കാണിച്ചത്. മലബാറിൽ കോൺഗ്രസിന് ചരിത്രപരമായ മുന്നേറ്റ നടത്താൻ കഴിഞ്ഞത് കെ.സുധാകരനെപ്പോലുള്ളവരുടെ നേതൃശേഷി കൊണ്ടാണ്. പാർട്ടിഗ്രാമങ്ങളിൽ തനിക്കു നേരെ വന്ന വാൾമുനകളെ വകഞ്ഞുമാറ്റിയാണ് സുധാകരൻ പാർട്ടിയെ നയിച്ചത്. സാധാരണ ജനങ്ങളുടെയും പാർട്ടിപ്രവർത്തകരുടെയും മനസിനൊപ്പം ചേർന്നുനിന്നാണ് സുധാകരൻ കേരളരാഷ്ട്രീയത്തിലെ കരുത്തനായ നേതാവായി ഉയർന്നത്.

അദ്ദേഹം കെപിസിസി പ്രസിഡണ്ട് സ്ഥാനത്തേക്ക് വന്നിട്ട് മൂന്ന് വർഷവും എട്ടു മാസവുമായി. അദ്ദേഹം നേതൃരംഗത്തേക്ക് വന്നപ്പോൾ വിറളി പൂണ്ടത് പ്രധാന രാഷ്ട്രീയ എതിരാളികളുംചില മാദ്ധ്യമങ്ങളുമാണ്. തുടക്കം മുതൽ





**അധികാരദാഹികളായ ചില കോൺഗ്രസ് നേതാക്കളും ചാനലുകൾക്കൊപ്പമുണ്ട്. അവർ നൽകുന്ന തെറ്റായ വിവരങ്ങൾ ചാനലുകൾ പെരുപ്പിച്ചു കാട്ടുന്നു. മൂഢസ്വർഗ ത്തിലിരുന്നു സ്വപ്നക്കൊട്ടാരം പണിയാൻ ആർക്കുംപറ്റും. കോൺഗ്രസ് വലിയ ജനകീയ അടിത്തറയുള്ള പാർട്ടിയാണ്. അതുകൊണ്ട് അഭിപ്രായവ്യത്യാസങ്ങളുമുണ്ടാകും. ഇതുക ണ്ടിട്ടാണ് ചിലർ കോൺഗ്രസ് ഇപ്പോൾ തകരും എന്ന് ഊറ്റംകൊള്ളുന്നത്.**

തന്നെ ഒളിഞ്ഞും തെളിഞ്ഞും സുധാ കരനെ പ്രവർത്തിക്കാൻ അനുവദിക്കാതി രിക്കാൻ ആസൂത്രിത ശ്രമങ്ങൾ അരങ്ങേ റിയിട്ടുണ്ട്. ഇപ്പോഴും അതുതുടരുന്നു. അടുത്ത കാലത്തായി സുധാകരനെ കെ.പ ി.സി.സി പ്രസിഡന്റ് സ്ഥാനത്ത്നിന്ന് ഇന്നു മാറ്റും നാളെമാറ്റും എന്നുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത് ചില ചാനലുക ളാണ്.

റിപ്പോർട്ടർ ചാനൽ അദ്ദേഹത്തെ വേ ട്ടയാടുന്നതിന്റെ വാർത്താകണക്കുകൾ ന ാൽപ്പതോളംവരും. കൈരളി ചാനലിനെപ്പോ ലും അമ്പരിപ്പിച്ചുകൊണ്ടാണ് മറ്റു ചില ചാ നലുകളും വാർത്ത നൽകിക്കൊണ്ടിരിക്കുന്ന ത്.എന്നിട്ടും കെ. സുധാകരൻ കെപിസിസി പ്രസിഡണ്ട് സ്ഥാനത്തും വി ഡി സതീശൻ പ്രതിപക്ഷ നേതൃപദവിയിലും തുടരുന്നു.

ക്രിക്കറ്റിൽ സ്വന്തം നാടിനെ വിജയത്തി ലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന പൊളിക്കാ നാവാത്ത കൂട്ടുകെട്ടു പോലെയാണ് കോൺ ഗ്രസിൽ സുധാകരൻ സതീശൻ വിന്നിംഗ് കോമ്പിനേഷൻ.

തൃക്കാക്കരയിൽ ഇരട്ടി ഭൂരിപക്ഷത്തിന ും പുതുപ്പള്ളിയിൽ നാലിരട്ടി ഭൂരിപക്ഷ ത്തിന് ജയിച്ചു. പാലക്കാട്ട് അഞ്ചിരട്ടി ഭൂരി പക്ഷത്തിന് ജയിച്ചു. ചേലക്കരയിൽ എതി രാളികളുടെ ഭൂരിപക്ഷം നാലിലൊന്നായി കുറഞ്ഞു. പാർലമെന്റിലേക്ക് 18 യുഡിഎഫ് എംപിമാർ ജയിച്ചു കയറി. അക്കൂട്ടത്തിൽ ഇതേ കെ സുധാകരനടക്കം പത്ത് പേർക്ക് ഒരു ലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷ വും നേടാനായി. ഏറ്റവുമൊടുവിൽ പ്രിയ ങ്കാ ഗാന്ധി 4 ലക്ഷത്തിലേറെ ലീഡ് നേടി കേരളത്തിൽ നിന്നുള്ള പാർലമെന്റംഗമായി. ഇതിനിടയിൽ 16 തവണകളിലായി നടന്ന തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള ഉപതെര ഞ്ഞെടുപ്പുകളിൽ ഓരോന്നിലും യുഡിഎഫ് നില മെച്ചപ്പെടുത്തി.

സംഘടനാപരമായി കോൺഗ്രസിന് പുതിയ ബ്ലോക്ക് കമ്മിറ്റികളും മണ്ഡലം കമ്മിറ്റികളുമുണ്ടായി. 22000ഓളം വാർഡ് കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രസി ഡണ്ടുമാർക്ക് ഐഡി കാർഡുകൾ വിതര ണം ചെയ്യുന്നു.നൂറ് കണക്കിന് സ്ഥലങ്ങ ളിൽ മഹാത്മാഗാന്ധി കുടുംബസംഗമങ്ങൾ നടന്നുവരുന്നു. വിലക്കയറ്റത്തിനെതിരേയും നികുതി ഭീകരതക്കെതിരേയും കറണ്ട് ചാർ ജ് വർദ്ധനവിനെതിരേയും ക്രമസമാധാന ത്തകർച്ചക്കെതിരേയുമൊക്കെ കോൺഗ്രസ് നടത്തുന്ന പ്രതിഷധപരിപാടികളിൽ വലിയ ജനപങ്കാളിത്തം കേരളത്തിൽ കാറ്റ് മാറിവീ ശുന്നതിന്റെ സൂചനയാണ്.

ആശാ വർക്കർമാരടക്കമുള്ള അടിസ്ഥാന ജനവിഭാഗങ്ങൾക്ക് വേണ്ടി കോൺഗ്രസ് തെരുവിലിറങ്ങുന്നു. ഭാരത് ജോഡോ യാ ത്രയിൽ ജനലക്ഷങ്ങളെ അണിനിരത്തുന്നു. വൈക്കം സത്യാഗ്രഹത്തിന്റെയും ഗാന്ധിജി കോൺഗ്രസ് അധ്യക്ഷനായതിന്റെയും ശതാ ബ്ദി ആഘോഷങ്ങൾ മുന്നോട്ടു കൊണ്ടുപേ ാകുന്നു. സുധാകരനെ പുകച്ചു ചാടിക്കാനെ ാരുമ്പെട്ടിരിക്കുന്ന മാദ്ധ്യമങ്ങൾ യാഥാർത്ഥ്യ ങ്ങളിൽ നിന്നും ജനമനസുകളിൽനിന്നും അക ലുന്നുവെന്ന് അവർ അറിയുന്നില്ല.

അധികാരദാഹികളായ ചില കോൺഗ്ര സ് നേതാക്കളും ചാനലുകൾക്കൊപ്പമുണ്ട്. അവർ നൽകുന്ന തെറ്റായ വിവരങ്ങൾ ചാ നലുകൾ പെരുപ്പിച്ചു കാട്ടുന്നു. മൂഢസ്വർ ഗത്തിലിരുന്നു സ്വപ്നക്കൊട്ടാരം പണി യാൻ ആർക്കുംപറ്റും. കോൺഗ്രസ് വലിയ ജനകീയ അടിത്തറയുള്ള പാർട്ടിയാണ്. അ തുകൊണ്ട് അഭിപ്രായവ്യത്യാസങ്ങളുമുണ്ടാ കും. ഇതുകണ്ടിട്ടാണ് ചിലർ കോൺഗ്രസ് ഇപ്പോൾ തകരും എന്ന് ഊറ്റംകൊള്ളുന്നത്.

സംഘടനയുടെ ഏതെങ്കിലും തലത്തിൽ മാറ്റങ്ങൾ വേണങ്കിൽ ഉചിതമായ സമയത്ത് കോൺഗ്രസ് പാർട്ടി അത് നടപ്പിലാക്കിക്കൊ ള്ളും. അപ്പോൾ ഔദ്യോഗികമായി മാധ്യമ ങ്ങളെ അറിയിക്കുകയും ചെയ്യും. അതുവരെ ഗോസിപ്പ് പരത്തി സ്വയം അപഹാസ്യരാ വാതിരിക്കാനുള്ള വിവേകമെങ്കിലും മാധ്യമ ങ്ങൾ കാണിക്കണം.

# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

24/7 Service Available

631-737-1000

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

SERVING SUFFOLK NASSAU AND QUEENS COUNTY

# JOYFUL CAREER CENTER

Joyful Career Center

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

PCA, HHA & CNA CERTIFICATION PROGRAM

631-935-0440
1344 Middle Country Rd
Centereach, NY 11720

# പി.സി ജോർജ് ഹാപ്പിയായി; ഒരു നിമിമിഷം പോലും ജയിലിൽ കിടക്കാതെ രക്ഷപെട്ടു




**എ.എസ് ശ്രീകുമാർ**

ചാനൽ ചർച്ചയ്ക്കിടെ മുസ്ലീം വിദ്വേഷ പരാമർശം നടത്തിയതിന് പി.സി ജോർജിനെ ഈരാറ്റുപേട്ട മജിസ്ട്രേറ്റ് കോടതി കഴിഞ്ഞ ദിവസം റിമാൻഡ് ചെയ്തപ്പോൾ പരാതിക്കാരായ യൂത്ത് ലീഗ് ഈരാറ്റുപേട്ട മണ്ഡലം കമ്മിറ്റി പ്രവർത്തകർ ലഡു വിതരണം ചെയ്താണ് അതാഘോഷിച്ചത്. പി.സിയെ റിമാൻഡ് ചെയ്ത അതേ കോടതി ഇന്ന് അദ്ദേഹത്തിന് ജാമ്യം അനുവദിച്ചപ്പോൾ യൂത്ത് ലീഗുകാർരുടെ സങ്കടം അണപൊട്ടിയൊഴുകി. ഒരുദിവസമെങ്കിൽ ഒരു ദിവസം പ.സി അകത്ത് കിടക്കണമെന്നാഗ്രഹിച്ച അവരുടെ ദുഖം നമുക്ക് മനസിലാക്കാം.

രാഷ്ട്രീയക്കാർ പ്രതികളായ കേസുകളിൽ അവർക്കെതിരെ വിധി വരുമ്പോൾ അവർക്ക് തലകറക്കവും നെഞ്ചുവേദനയുമെക്കെയുണ്ടാവുന്നത് സർവസാധാരണമാണ്. ജയിലിലേയ്ക്ക് പോകേണ്ടവരെ നേരെ ആശുപത്രിയിലെത്തിക്കും. ചാനൽ ചർച്ചയിലെ മതവിദ്വേഷ പരാമർശ കേസിൽ ഈരാറ്റുപേട്ട കോടതിയിൽ കീഴടങ്ങിയ ബി.ജെ.പി നേതാവ് പി.സി ജോർജ്ജിനെ ഈരാറ്റുപേട്ട കോടതി രണ്ടാഴ്ചത്തേയ്ക്ക് റിമാൻഡ് ചെയ്തെങ്കിലും ശാരീരിക അസ്വാസ്ഥ്യത്തെത്തുടർന്ന് കോട്ടയം മെഡിക്കൽ കേളേജ് ഐ.സി.യുവിലേയ്ക്ക് മാറ്റുകയുമായിരുന്നു. പരിശേധനയിൽ ഇ.സി.ജിയിൽ നേരിയ വ്യത്യാസം കണ്ടു.

അന്വേഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായെന്നും ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമായതിനാൽ ജാമ്യം അനുവദിക്കണമെന്നും പ്രതിഭാഗം ഇന്ന് വാദിച്ചു. ആരോഗ്യസ്ഥിതി സംബന്ധിക്കുന്ന മെഡിക്കൽ രേഖകൾ പി.സി ജോർജിന്റെ അഭിഭാഷകൻ കോടതിയിൽ ഹാജരാക്കിയിരുന്നു. തുടർന്ന് കോടതി ഇത് പരിഗണിച്ച് ജാമ്യം അനുവദിക്കുകയായിരുന്നു. കോട്ടയം മെഡിക്കൽ കോളജിലെ കാർഡിയോളജി വിഭാഗത്തിലാണ് പി.സി ജോർജ് ചികിത്സയിലുള്ളത്. ജാമ്യം ലഭിച്ച ഉടൻ പി.സി ജോർജിനെ പാലായിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. തന്റേടത്തോടെ മുന്നോട്ട് പോകുമെന്നും ഭാരതത്തെ നശിപ്പിക്കാനുള്ള രാജ്യദ്രോഹ ശക്തികൾക്ക് എതിരായ പോരാട്ടം തുടരുമെന്നും പി.സി പ്രതികരിച്ചു.

ജാമ്യം കിട്ടിയാൽ ഈ അസുഖങ്ങളെല്ലാം ഒരു സെക്കൻഡ് കൊണ്ട് പമ്പകടക്കുമെന്ന് ട്രോളുകളുണ്ട്. എന്നാൽ പി.സിയുടെ മകൻ ഷോൺ ജോർജ് കേസുകൊടുത്ത യൂത്ത് ലീഗുകാർക്ക് പരിഹാസ രൂപേണ നന്ദി പറഞ്ഞു. ഇങ്ങനെയൊരു കേസുകൊടുക്കുകയും കോടതി റിമാൻഡ് ചെയ്തതുകൊണ്ടും പപ്പയുടെ ആരോഗ്യ സ്ഥിതി പൂർണമായും പരിശോധിക്കാൻ കഴിഞ്ഞു. ഒരിക്കലും ആശുപത്രിയിൽ പോകാൻ കൂട്ടാക്കാത്ത പപ്പയ്ക്ക് ആശുപത്രിയിലേയ്ക്ക് വഴിനയിച്ചതിനാണ് യൂത്ത് ലീഗുകാരോട് ഷോൺ നന്ദി പറഞ്ഞത്.

ഹൈക്കോടതി മുൻകൂർ ജാമ്യം തള്ളിയതോടെ പോലീസ് അറസ്റ്റ് ചെയ്യാൻ നീക്കം തുടങ്ങിയതിന് പിന്നാലെ കീഴടങ്ങാൻ രണ്ട് ദിവസത്തെ സാവകാശം പി.സി ജോർജ് തേടിയിരുന്നു. കഴിഞ്ഞ 24-ാം തീയതി പോലീസ് സ്റ്റേഷനിൽ ഹാജരാകുമെന്ന് അറിയിച്ച പി.സി ജോർജ് നാടകീയമായി കോടതിയിൽ ഹാജരാവുകയായിരുന്നു. തുടർന്ന് പി.സി ജോർജിനെ രണ്ടാഴ്ചത്തേക്ക് മജിസ്ട്രേറ്റ് റിമാൻഡ് ചെയ്യുകയായിരുന്നു. തുടർന്ന് ഇന്നുവരെ കോട്ടയം മെഡിക്കൽ കോളേജിൽ ചികിൽസയിൽ തുടരുകയായിരുന്നു. സുപ്രീം കോടതിയിൽ പോകാതെ തന്നെ ജാമ്യവും കിട്ടി. സ്ഥലവും സന്ദർഭവും ആളും തരവും നോക്കാതെ വായിൽ തോന്നുന്നത് പച്ചയ്ക്ക് വിളിച്ചു പറയുന്ന പി.സി ജോർജ് അങ്ങനെ സ്വതന്ത്രനായി.

മുസ്ലീങ്ങൾക്കെതിരെ വിദ്വേഷ പരാമർശം നടത്തിയതിന് ഈരാറ്റുപേട്ട പോലീസ് രജിസ്റ്റർ ചെയ്യപ്പെട്ട കേസിൽ പി.സി ജോർജിന്റെ ജാമ്യാപേക്ഷ കോട്ടയം ജില്ലാ സെഷൻസ് കോടതിയും കേരള ഹൈക്കോടതിയും മുൻകൂർ ജാമ്യം നിഷേധിച്ചതോടെ പി.സിയുടെ കാര്യം പരുങ്ങലിലാവുകയായിരുന്നു.

കഴിഞ്ഞ ജനുവരി 6-ന് ജനം 'ടിവി'യിൽ നടന്ന പാനൽ ചർച്ചയിലാണ് പി.സി ജോർജ് മുസ്ലീങ്ങൾക്കെതിരെ വിദ്വേഷ പരാമർശം നടത്തിയത്.

''ഇന്ത്യയിലെ മുസ്ലീങ്ങൾ മുഴുവൻ വർഗീയവാദികളാണ്. ആയിരക്കണക്കിന് ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും കൊന്നു. മുസ്ലീങ്ങൾ പാകിസ്താനിലേക്കു പോകണം...'' എന്നാണ് പി.സി ചർച്ചയിൽ പറഞ്ഞത്. കുഞ്ഞാലിക്കുട്ടി, കെ.ടി ജലീൽ, എസ്.ഡി.പി.ഐ, ജമാഅത്തെ ഇസ്ലാമി എന്നിവരെല്ലാം ചേർന്ന് പാലക്കാട് ബി.ജെ.പിയെ തോൽപ്പിക്കാൻ ശ്രമിച്ചുവെന്നും പൂഞ്ഞാറിൽ മുസ്ലീം വർഗീയത ഉണ്ടാക്കിയാണ് തന്നെ തോൽപ്പിച്ചതെന്നും പി.സി ജോർജ് ചർച്ചയിൽ ആരോപിച്ചിരുന്നു.

ഇതിനുപിന്നാലെയാണ് പി.സിക്കെതിരെ മതസ്പർദ്ധ വളർത്തൽ, കലാപാഹ്വാനം തുടങ്ങിയ ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി ഈരാറ്റുപേട്ട പൊലീസ് കേസെടുത്തത്. യൂത്ത് ലീഗ് ഈരാറ്റുപേട്ട മണ്ഡലം കമ്മിറ്റിയുടെ പരാതിയിലാണ് കേസ്. നാലാം തവണയാണ് പി.സി ജോർജ് മുസ്ലീം സമുദായത്തെ അടച്ചാക്ഷേപിക്കുന്നത്. തിരുവനന്തപുരം ഫോർട്ട് സ്റ്റേഷനിലും പാലാരിവട്ടം സ്റ്റേഷനിലുമുള്ള സമാന കേസുകളിൽ പി.സി ജോർജ് മുൻകൂർ ജാമ്യം നേടിയിരുന്നു.

മുൻകൂർ ജാമ്യം അനുവദിച്ച സമയത്ത് ഇത്തരം പ്രസ്താവനകൾ ആവർത്തിക്കരുതെന്ന് ഹൈക്കോടതി പി.സി ജോർജിന് കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കോടതിയെയും വകവയ്ക്കാതെയാണ് പി.സി ജോർജ് അതേ വിഭാഗത്തെ വീണ്ടും അപമാനിക്കുന്ന തരത്തിൽ പരാമർശം നടത്തിയത്. അബദ്ധം തിരിച്ചറിഞ്ഞപ്പോൾ പരാമർശം പിൻവലിച്ച് പി.സി ജോർജ് മാപ്പ് പറഞ്ഞുവെന്ന് അഭിഭാഷകൻ കോടതിയിൽ വാദിച്ചു. എന്നാൽ ഒരബദ്ധമല്ല, നിരന്തരം അബദ്ധങ്ങൾ ആവർത്തിക്കുകയാണ് ഹർജിക്കാരനെന്ന് കോടതി ചൂണ്ടിക്കാണിക്കുകയും ചെയ്തു.

മുൻകൂർ ജാമ്യഹർജി തള്ളിക്കൊണ്ട് ഹൈക്കോടതി പി.സി ജോർജിനെതിരെ കടുത്ത വിമർശനങ്ങളാണ് നടത്തിയത്. മുപ്പതു വർഷത്തോളം എം.എൽ.എ.യായിരുന്നിട്ടും എളുപ്പം പ്രകോപനത്തിന് വശംവദനാകുന്ന പി.സി ജോർജിന് രാഷ്ട്രീയക്കാരനായി തുടരാൻ അർഹതയില്ലെന്നും മതവിദ്വേഷ പരാമർശം ആവർത്തിക്കരുതെന്ന കർശന ഉപാധിയോടെയാണ് സാമനസ്വഭാവമുള്ള മുൻ കേസുകളിൽ ജാമ്യം അനുവദിച്ചതെന്നും അത് ലംഘിച്ചതടക്കം കണക്കിലെടുത്താണ് മുൻകൂർ ജാമ്യം നിഷേധിച്ചതെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു.

രണ്ട് വിഭാഗങ്ങളെ തമ്മിലടിപ്പിക്കുന്നത് സംബന്ധിച്ച ഭാരതീയ ന്യായ സംഹിത (ബി.എൻ.എസ്) 196-1 പ്രകാരവും വിദ്വേഷ പരാമർശം നടത്തുന്നതിനെതിരായ ബി.എൻ.എസ് 299 അനുസരിച്ചുമാണ് പി.സിക്കെതിരെ കേസെടുത്തിരിക്കുന്നത്. മൂന്ന് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണിത്. ഒരു സമുദായത്തെ നിരന്തരം ശല്യം ചെയ്യുന്നതിനെതിരെയുള്ള കേരള പോലീസ് ആക്ടിലെ 120-ഒ വകുപ്പും പി.സി ജോർജിന്റെ മേൽ ചുമത്തിയിട്ടുള്ളത്. ഈ കുറ്റം തെളിഞ്ഞാൽ ഒരു വർഷമാണ് തടവുശിക്ഷ. പി.സി ജോർജിന്റെ ഇതുവരെയുള്ള രാഷ്ട്രീയ പ്രവർത്തനം പരിശോധിച്ചാൽ വാവിട്ട വാക്കുകളുടെയും പ്രവർത്തികളുടെയും പരമ്പരകൾ തന്നെ കാണാം.

2022-ൽ തിരുവനന്തപുരം ഫോർട്ട് പോലീസ് രജിസ്റ്റർ ചെയ്ത വിദ്വേഷ പ്രസംഗ ക്കേസിൽ പി.സി ഒരു ദിവസത്തെ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. യു.ഡി.എഫിന്റെയും എൽ.ഡി.എഫിന്റെയും ബി.ജെ.പി നയിക്കുന്ന എൻ.ഡി.എയുടെയും ഭാഗമായി രാഷ്ട്രീയം കളിച്ച പി.സി ജോർജ് ഈ മുന്നണികളിലൊന്നും പെടാതെ സ്വതന്ത്രനായി പൂഞ്ഞാറിൽ തിരഞ്ഞെടുപ്പ് വിജയം നേടിയ വ്യക്തിയാണ്. അവസാനത്തെ അത്താണിയെന്ന നിലയിൽ ബി.ജെ.പി കൂടാരത്തിലെത്തപ്പെടുകയും ചെയ്തു. അന്നു മുതൽ പി.സി കടുത്ത മുസ്ലിം വിരുദ്ധനായി മാറി. സംഘികൾ അദ്ദേഹത്തെ അകമഴിഞ്ഞ് പ്രോൽസാഹിപ്പിച്ചുകൊണ്ടുമിരുന്നു.



# കൊഴിയുന്നു കായികാധ്യാപകർ; തളരുന്നു കായിക കേരളം



*കോട്ടയത്ത് സംയുക്ത കായികാധ്യാപക സംഘടനയുടെ നാല്പത്താറാമത് സംസ്ഥാന സമ്മേളനം ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്യുന്നു. ബിജു ആന്റണി,മാത്യു തൈ ക്കടവിൽ, പ്രദീപ് കുമാർ, ബി. ഗോപകുമാർ, ജോസിറ്റ് ജോൺ, ബിജു ദിവാകരൻ, അബ്ദുൾ ഗഫൂർ, റിബിൻ കെ. എ. , അജിത്ത് എബ്രാഹം, നബീൽ , സജാദ് എന്നിവർ സമീപം.*

**സനിൽ പി.തോമസ്**

സംസ്ഥാനത്തെ സ്വകാര്യ സ്ക്കൂളുകളിലെയും സർക്കാർ സ്ക്കൂളുകളിലെയും കായികാധ്യാപക സംഘടനകൾ(യഥാക്രമം കെ.പി.എസ്.പി. ഇ.ടി.എ.യും ഡി.പി. ഇ.ടി.എയും) സംയുക്തമായി സംഘടിപ്പിച്ച നാൽപത്താറാമത് സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം "കൊഴിയുന്നു കായികാധ്യാപകർ, തളരുന്നു കായിക കേരളം "സംസ്ഥാന സ്ക്കൂൾ കായികരംഗത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുന്നതാണ്. അതുകൊണ്ടു തന്നെ "കായികവിദ്യാഭ്യാസ സെമിനാറിൽ "കായിക വിദ്യാഭ്യാസത്തിലെ വെല്ലുവിളികളും അവസരങ്ങളും " എന്ന വിഷയം ചർച്ചചെയ്തപ്പോൾ വെല്ലുവിളികൾക്കായിരുന്നു മുൻതൂക്കം.

സംസ്ഥാന സ്കൂൾ കായികമേള ഒളിംപിക്സ് മോഡൽ ആക്കുമ്പോഴും കായികാധ്യാപകർ അവഗണിക്കപ്പെടുന്നു. ഒ.എം. നമ്പ്യാർ ആണ് പി.ടി.ഉഷയെ ലോകോത്തര അത്‌ലറ്റായി വളർത്തിയത്. പക്ഷേ, ഉഷയിൽ ഒരു ഓട്ടക്കാരിയുണ്ടെന്ന് ആദ്യം തിരിച്ചറിഞ്ഞത് തൃക്കോട്ടൂർ യു.പി. സ്ക്കൂൾ കായികാധ്യാപകൻ ബാലകൃഷ്ണൻ നായരാണ്. ഇത്തരം കായികാധ്യാപകർ ആണ് സ്കൂൾ തലത്തിൽ ഓരോ വിദ്യാർത്ഥിയിലുമുള്ള കായിക പ്രതിഭ തിരിച്ചറിയുന്നതെന്ന അടിസ്ഥാന തത്വം വിസ്മരിക്കപ്പെടുന്നു. 1956 ൽ എഴുതിയുണ്ടാക്കിയ കെ.ഇ.ആർ ഇന്നും പിന്തുടരുമ്പോൾ കായികാധ്യാപകർ കുറയുന്നു. കായിക കേരളം കിതയ്ക്കുന്നു.

2013 ൽ സംസ്ഥാനത്തെ സ്ക്കൂൾ കുട്ടികളിൽ 85 ശതമാനത്തിനും കായികക്ഷമത കുറവാണെന്നു കണ്ടെത്തി. ഇതിന്റെ തുടർച്ചയായി "ആരോഗ്യ കായിക വിദ്യാഭ്യാസം" 2015 മുതൽ പഠനവിഷയമാക്കി. പക്ഷേ, കായികാധ്യാപകർ ഇന്നും സ്പെഷൽ ടീച്ചമാർ മാത്രം. യു.പി.യിൽ 500 കുട്ടികൾക്ക് ഒരു കായികാധ്യാപകൻ, ഹൈസ്ക്കൂളിൽ, എട്ട്, ഒൻപത് ക്ലാസുകളിൽ അഞ്ച് ഡിവിഷനുകൾക്ക് ഒരു കായികാധ്യാപകൻ. എൽപിയിലും ഹയർ സെക്കൻഡറിയിലും വൊക്കേഷനൽ ഹയർ സെക്കൻഡറിയിലും കായികാധ്യാപകർ ഇല്ല. ഹൈസ്ക്കൂളിൽ പഠിപ്പിച്ചാലും ശമ്പളം യു.പി.അധ്യാപകന്റേത്. അനുപാതത്തിൽ ഒരു വിദ്യാർത്ഥിയോ ഒരു ഡിവിഷനോ കുറഞ്ഞാൽ കായികാധ്യാപകൻ പുറത്ത് .അതുതന്നെയാണ് സംസ്ഥാന സമ്മേളനത്തിനെത്തിയ 300 ൽ അധികം കായികാധ്യാപകരിൽ നല്ലൊരു വിഭാഗത്തിന്റെയും മുഖത്ത് നിഴലിച്ച ആശങ്ക.

സ്ക്കൂളുകളിൽ കായികാധ്യാപകന് മുന്നോട്ടു വളർച്ചയില്ല. ഹെഡ്മാസ്റ്റർ തസ്തിക അവർക്ക് അപ്രാപ്യമാണ്. മറിച്ച് കോളേജുകളിലെ കായികാധ്യാപകർക്ക് പ്രിൻസിപ്പൽ ആകാമെന്ന് 2023 ഡിസംബറിൽ സർക്കാർ ഉത്തരവ് ഇറങ്ങി. ഇത് യു.ജി.സി. മാനദണ്ഡങ്ങൾ പിന്തുടർന്നായിരുന്നു.

മറ്റു വിഷയങ്ങളുടെ തസ്തിക നിർണ്ണയത്തിൽ കാലോചിതമായ മാറ്റങ്ങൾ കെ.ഇ.ആറിൽ വരുത്തിയെങ്കിലും കായികാധ്യാപകരുടെ തസ്തിക നിർണ്ണയത്തിൽ ഭേദഗതി ഉണ്ടായിട്ടില്ല ഒരുപതിറ്റാണ്ടു മുമ്പ് കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയിൽ പതിനായിരത്തോളം കായികാധ്യാപകർ ഉണ്ടായിരുന്നു. 2017 ൽ ഇത് ഏതാണ്ട് 2000 ആയി. ഇപ്പോൾ 1400 ൽ താഴെയായി. ആരോഗ്യ കായിക വിദ്യാഭ്യാസം സ്ക്കൂളുകളിൽ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് ആവശ്യമായ കായികാധ്യാപക നിയമനങ്ങൾക്ക് പ്രതിവർഷം 100 കോടി രൂപയിൽ താഴെ വകയിരുത്തിയാൽ മതിയെന്ന് കായികാധ്യാപക സംഘടനകൾ ചൂണ്ടിക്കാട്ടുന്നു.

കോട്ടയം മെഡിക്കൽ കോളേജ് കായിക വകുപ്പ് മേധാവി ഡോ.അഗസ്റ്റിൻ ജോർജ് പ്രബന്ധം അവതരിപ്പിച്ചു. ജോസിറ്റ് ജോൺ അധ്യക്ഷത വഹിച്ചു. ഈ ലേഖകൻ മോഡറേറ്റർ ആയിരുന്നു. പ്രഫ.തങ്കച്ചൻ മാത്യു പ്രസംഗിച്ചു. അവാർഡ് ജേതാക്കളായ കായികാധ്യാപകരെയും വിരമിക്കുന്നവരെയും ആദരിച്ചു. പൊതു സമ്മേളനം ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. പി.എ. അബ്ദുൾ ഗഫൂർ അധ്യക്ഷ വഹിച്ചു. കോട്ടയം മുൻസിപ്പൽ വൈസ് ചെയർമാൻ ബി.ഗോപകുമാർ പ്രസംഗിച്ചു.



*സ്കൂൾ കായികാധ്യാപക സംഘടനകളുടെ സംയുക്ത സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച നടന്ന സെമിനാറിൽ സ്പോർട്സ് ജേണലിസ്റ്റ് സനിൽ പി.തോമസ് പ്രസംഗിക്കുന്നു.*


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

### ഗ്ലോബൽ മലയാളി ഫെസ്റ്റ്

# പ്രഥമ ടെക്നോളജി, ട്രേഡ്, ഇൻവെസ്റ്റ്മെന്റ് മീറ്റ് കൊച്ചിയിൽ




കൊച്ചി; ഗ്ലോബൽ മലയാളി ഫെസ്റ്റ് 2025 ന് മുന്നോടിയായ പ്രഥമ ടെക്നോളജി, ട്രേഡ്, ഇൻവെസ്റ്റ്മെന്റ് മീറ്റിന് കൊച്ചിയിലെ ക്രൗൺ പ്ലാസ ഹോട്ടൽ ഓഗസ്റ്റ് 15,16 തീയതികളിൽ ആതിഥേയത്വം വഹിക്കുന്നു. സാങ്കേതികവിദ്യ, വ്യാപാര, നിക്ഷേപ മേഖലകളിൽ മികച്ച അവസരങ്ങളും തകർപ്പൻ സാധ്യതകളും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ രംഗത്ത് ദീർഘ വീക്ഷണമുള്ളവരെയും , നിക്ഷേപകർ, വ്യവസായ പ്രമുഖർ തുടങ്ങിയവരെയും ഒരുമിച്ച് കൊണ്ടുവരാൻ ഗ്ലോബൽ മലയാളി ഫെസ്റ്റിന് മുന്നോടിയായി സംഘടിപ്പിക്കുന്ന പ്രീമിയർ ഇവന്റ്, ലക്ഷ്യമിടുന്നു.

40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തം പരിപാടിയെ ഒരു ആഗോള സമ്മേളനമാക്കി മാറ്റുമെന്ന് പ്രതീക്ഷിക്കുന്നതായി പരിപാടിയിലേക്ക് ഏവരെയും സ്വാഗതം ചെയ്ത് സിഇഒ ആൻഡ്രൂ പാപ്പച്ചൻ പറഞ്ഞു . സാങ്കേതികവിദ്യയിലും വ്യാപാരത്തിലും മികച്ച പുരോഗതിക്ക് ഈ പരിപാടി വഴിയൊരുക്കുമെന്നതിൽ സംശയമില്ലന്നും പരിപാടിയുടെ വിശദാംശങ്ങൾ വിവരിച്ച് അദ്ദേഹം പറഞ്ഞു.

“ഗ്ലോബൽ മലയാളി ഫെസ്റ്റ് 2025 നൂതനാശയങ്ങളുള്ളവരെ ഒരുമിച്ച് കൊണ്ടുവരാനും വിവിധ വ്യവസായങ്ങളിൽ ഇന്നവേഷനും വളർച്ചയ്ക്കും അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു“, മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുല്ല മഞ്ചേരി അറിയിച്ചു .

### പരിപാടിയുടെ ഹൈലൈറ്റുകൾ

സ്റ്റാർട്ടപ്പ് പിച്ച് ഡെക്ക്; വളർന്നുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ നൂതന ആശയങ്ങളും അത് നടപ്പാക്കാനുള്ള മാർഗങ്ങളും ഈ രംഗത്തെ വിദഗ്ധരുടെയും നിക്ഷേപകരുടെയും പാനലിന് മുന്നിൽ അവതരിപ്പിക്കാനുള്ള സുവർണാവസരം.

അന്താരാഷ്ട്ര നിക്ഷേപകരെ പരിചയപ്പെടുത്തൽ; മികച്ച ബിസിനസുകളിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന വിദേശ നിക്ഷേപകരെക്കുറിച്ച് കൂടുതലറിയുകയും അവരുമായി ബന്ധപ്പെടുകയും ചെയ്യുക.

പാനൽ ചർച്ചകൾ; സാങ്കേതികവിദ്യ, വ്യാപാര, നിക്ഷേപ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, വെല്ലുവിളികൾ, അവസരങ്ങൾ എന്നിവയെക്കുറിച്ച് വ്യവസായ വിദഗ്ധരുമായി ചർച്ച നടത്തുക.

അന്താരാഷ്ട്ര ബി 2 ബി മീറ്റിംഗുകൾ; ഗ്ലോബൽപങ്കാളിത്തത്തിന് വഴിയൊരുക്കിക്കൊണ്ട് അന്താരാഷ്ട്ര ബിസിനസ് പ്രതിനിധികളുമായി നേരിട്ടുള്ള മീറ്റിംഗുകളിലൂടെ മികച്ച ബിസിനസ് ബന്ധങ്ങൾ രൂപപ്പെടുത്തുക.

നെറ്റ്‌വർക്കിംഗ് സെഷനുകൾ; ഇന്ററാക്ടീവ് നെറ്റ്‌വർക്കിംഗ് സെഷനുകളിലൂടെ നിങ്ങളുടെ പ്രൊഫഷണൽ നെറ്റ്‌വർക്ക് വിപുലീകരിക്കുകയും സമാന ചിന്താഗതിക്കാരായ വ്യക്തികളുമായി ആശയങ്ങൾ കൈമാറുകയും ചെയ്യുക.

മൂന്ന് പ്രധാന വിഭാഗങ്ങളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും;

**1. സുസ്ഥിരത**

- പുനരുപയോഗിക്കാവുന്ന ഊർജ്ജം

മനുഷ്യ മൂലധനവും സാങ്കേതികതയുടെ പ്രാദേശികവൽക്കരണവും

**2. ഡിജിറ്റൽ സാങ്കേതികവിദ്യ**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)

ബ്ലോക് ചെയിൻ

- സൈബർ സുരക്ഷ

**3. വ്യാവസായികം**

- പവർ

- അന്താരാഷ്ട്ര മാരിടൈം

- നിർമ്മാണം

ടെക്സ്റ്റൈലും മറ്റ് വ്യവസായങ്ങളും

കൂടാതെ, ഇതുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ സമ്മേളനത്തിൽ വിശകലനം ചെയ്യും;

നൂതന സാങ്കേതികവിദ്യകൾ ; ക്വാണ്ടം കമ്പ്യൂട്ടിംഗിൻറെ ഭാവി , ഓഗ്മെന്റഡ് റിയാലിറ്റി (AR), വെർച്വൽ റിയാലിറ്റി (VR)

സാമ്പത്തിക ട്രെൻഡുകൾ; ആഗോള സാമ്പത്തിക മാറ്റങ്ങൾ, വ്യാപാര നയങ്ങൾ, സാങ്കേതികവിദ്യയെയും വ്യാപാര മേഖലകളെയും സ്വാധീനിക്കുന്ന നിക്ഷേപ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച .

സസ്റ്റെയ്നബിലിറ്റി ഇന്നവേഷൻസ്; സുസ്ഥിരത നേടുന്നതിനുള്ള അത്യാധുനിക സാങ്കേതികവിദ്യകളും പ്രയോഗ രീതികളും എടുത്തുകാണിക്കുന്നു.

സമഗ്രമായ വളർച്ച; ഡിജിറ്റൽ വിഭജനത്തെ ഫലപ്രദമായി നേരിട്ടുകൊണ്ട് വാണിജ്യ, സാങ്കേതികവിദ്യാ മേഖലകളിൽ വൈവിധ്യവും ഉൾച്ചേർക്കലും പ്രോത്സാഹിപ്പിക്കുന്നു

തൊഴിൽ രംഗത്തിന്റെ ഭാവി: ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓട്ടോമേഷനും തൊഴിൽ വിപണിയെ എങ്ങനെ പുനർനിർമ്മിക്കുന്നുവെന്ന് മനസിലാക്കി തൊഴിൽ ശക്തിയെ ശക്തിപ്പെടുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം പരിശോധിക്കുക.

ആഗോള വിതരണ ശൃംഖലകൾ; ആഗോള വിതരണ ശൃംഖലാ മാനേജ്മെന്റിലെ വെല്ലുവിളികളും അവസരങ്ങളും വിശകലനം ചെയ്യുക.

നയവും നിയന്ത്രണവും; സാങ്കേതികവിദ്യ, വ്യാപാരം, നിക്ഷേപം എന്നിവയിൽ സർക്കാർ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും സ്വാധീനം എത്രത്തോളമെന്ന് മനസ്സിലാക്കുക.

വിജയകഥകൾ; സ്റ്റാർട്ടപ്പുകൾ, കമ്പനികൾ, നിക്ഷേപങ്ങൾ എന്നിവയിൽ നിന്നുള്ള വിജയകരമായ കേസുകൾ പഠിക്കുക .

വിദ്യാഭ്യാസത്തിലെ നൂതനാശയങ്ങൾ; സാങ്കേതികവിദ്യ വിദ്യാഭ്യാസത്തെ എങ്ങനെ പരിവർത്തനം ചെയ്യുന്നുവെന്നും ഭാവി ഇന്നവേറ്റേഴ്സിനെ വളർത്തുന്നുവെന്നും വിശകലനം ചെയ്യുക.

ഹെൽത്ത് കെയർ ടെക്നോളജി; മെഡിക്കൽ ടെക്നോളജി, ടെലിമെഡിസിൻ, ഹെൽത്ത് ഡാറ്റ മാനേജ്മെന്റ് എന്നിവയിലെ മുന്നേറ്റം സംബന്ധിച്ചു ചർച്ച.

ഇന്നവേഷനും നിക്ഷേപവും പ്രോത്സാഹിപ്പിക്കാനും ആഗോളതലത്തിൽ ബിസിനസ്സ് ബന്ധങ്ങൾ കെട്ടിപ്പടുക്കാനും വാഗ്ദാനം ചെയ്യുന്ന ഈ പരിപാടിയുടെ ഭാഗമാകാനുള്ള അവസരം നഷ്ടപ്പെടുത്തരുത്. മാറ്റങ്ങൾ വാഗ്ദാനം ചെയ്യുന്ന ഈ പരിപാടിയിൽ നിങ്ങളുടെ സീറ്റ് ഉറപ്പാക്കാൻ ഇപ്പോൾ രജിസ്റ്റർ ചെയ്യുക, സി ഇ ഒ ആൻഡ്രൂ പാപ്പച്ചനും മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുല്ല മഞ്ചേരിയും അറിയിച്ചു . 2025 ജൂൺ 1 വരെ ഏർളി ബേഡ് ഡിസ്കൗണ്ടുകൾ ലഭ്യമാണ്.

ഇവന്റ് നടക്കുന്ന തീയതികൾ; 2025 ഓഗസ്റ്റ് 15 (ഉദ്ഘാടനം) & 16 (മുഴുവൻ ദിവസം)

സ്ഥലം; ക്രൗൺ പ്ലാസ ഹോട്ടൽ, കൊച്ചി, ഇന്ത്യ

എക്സിബിഷൻ സ്പേസ് ലഭ്യമാണ്;

എക്സിബിഷന് എത്തുന്നവർക്ക് അവരുടെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവ തങ്ങളുടെ എക്സ്ക്ലൂസീവ് പവലിയൻ ഏരിയയിൽ പ്രദർശിപ്പിക്കാനുള്ള അവസരം



നൽകുന്നതാണന്ന് സംഘാടകർ അറിയിച്ചു. . വ്യവസായ പ്രമുഖർക്കും ഇന്നവേറ്റേഴ്സിനും പങ്കെടുക്കുന്നവർക്കും ഒരുമിച്ച് പ്രവർത്തിക്കാനും ആശയങ്ങൾ പങ്കിടാനും ഇവിടെ മികച്ച ഇടം ഉണ്ടായിരിക്കും. ഈ വിപ്ലവകരമായ പരിപാടിയിൽ പങ്കെടുക്കുന്നതിനും നിങ്ങളുടെ കണ്ടുപിടിത്തങ്ങൾ പ്രദർശിപ്പിക്കുന്നതിനും നിങ്ങൾക്കായുള്ള എക്സിബിഷൻ സ്പേസ് ഉടൻ തന്നെ റിസർവ് ചെയ്യുക.

ഈ ഇവന്റിൽ പ്രദർശനങ്ങൾക്ക് മതിയായ ഇടമുള്ള, പങ്കെടുക്കുന്നവർക്ക് അവരുടെ അത്യാധുനിക കണ്ടുപിടിത്തങ്ങൾ പ്രദർശിപ്പിക്കാനും വിവിധ തരക്കാരായ പ്രേക്ഷകരുമായി ഇടപഴകാനും അവസരം ലഭിക്കുന്നു. വ്യവസായമേഖലയിലെ വമ്പന്മാരുമായും ഉപഭോക്താക്കളുമായും ബന്ധപ്പെടാനുള്ള ഈ അവസരം നഷ്ടപ്പെടുത്തരുത്.

നിങ്ങളുടെ സ്പോട്ട് റിസർവ് ചെയ്യുന്നത് ഉറപ്പാക്കി അതുല്യമായ ഈ പ്ലാറ്റ്‌ഫോം പ്രയോജനപ്പെടുത്തുക. നിങ്ങളുടെ എക്സിബിഷൻ സ്പേസ് ഇന്നേ ബുക്ക് ചെയ്ത് ഈ ആവേശത്തിന്റെ ഭാഗമാകുക. ഏവരെയും സ്വാഗതം ചെയ്ത് സംഘാടകർ അറിയിച്ചു .

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷൻ വിശദാംശങ്ങൾക്കും ദയവായി വെബ്സൈറ്റ് സന്ദർശിക്കുക

www.gobalmalayaleefestive.com

അല്ലെങ്കിൽ ഇമെയിൽ വഴി ബന്ധപ്പെടുക;

registration@globalmalayaleefestival.com


KALYAN JEWELLERS
NEW JERSEY
KALYAN JEWELLERS
INDIA'S ICONIC JEWELLERY BRAND IS NOW IN THE USA
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# നഴ്സ് ലീലാമ്മയെ ആക്രമിച്ച സ്കാൻറ്റിൽബറിക്ക് ജാമ്യമില്ല; വിചാരണ വരെ ജയിലിൽ

വെസ്റ്റ് പാം ബീച്ച്, ഫ്ലോറിഡ: പാംസ് വെസ്റ്റ് ആശുപത്രിയിൽ നഴ്സ് ലീലാമ്മയെ ക്രൂരമായി ആക്രമിച്ച കേസിൽ 33 കാരനായ സ്റ്റീഫൻ സ്കാൻറ്റിൽബറിക്ക് കോടതി ജാമ്യം നിഷേധിച്ചു. വിചാരണ വരെ ജയിലിൽ കഴിയാനും ഉത്തരവിട്ടു.

സ്കാൻറ്റിൽബറി കുറ്റം നിഷേധിച്ചു. രണ്ടാം ഡിഗ്രി കൊലപാതകശ്രമത്തിനായിരുന്നു ആദ്യം കേസെടുത്തത്. പിന്നീട് വിദ്വേഷ കുറ്റകൃത്യവും ചേർത്തു . 30 വർഷം വരെ തടവ് ശിക്ഷ കിട്ടാവുന്നതാണ് ഈ വകുപ്പുകൾ.

പ്രതിയെ മാനസിക ചികിത്സ കേന്ദ്രത്തിലേക്ക് മാറ്റണമെന്നായിരുന്നു പ്രതിഭാഗത്തിന്റെ വാദം.

പ്രതിക്കും ലീലാമ്മയുടെ കുടുബത്തിനും പുറമെ ഡോക്ടർമാരും പോലീസ് ഓഫീസർമാരും കോടതിയിൽ സംസാരിച്ചു.

എന്തോ ചികിത്സക്ക് അയാൾ സ്വയം ആശുപത്രിയിൽ എത്തുകയായിരുന്നുവെന്നു റിപ്പോർട്ടുകളിൽ പറയുന്നു.

സ്കാൻറ്റിൽബറിയുടെ ഭാര്യ മേഗൻ, ഒരു വാഹനാപകടത്തിന് ശേഷം ആണ് സ്കാൻറ്റിൽബറിക്ക് മാനസിക പ്രശ്നങ്ങൾ തുടങ്ങിയതെന്ന് പറഞ്ഞു. ജയിലിനു പകരം ഒരു മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് അയാളെ $100,000 ഡോളറിന്റെ ജാമ്യത്തിൽ വിടണമെന്ന് അവർ കോടതിയോടഭ്യർത്ഥിച്ചു. തങ്ങളുടെ 12 വർഷത്തെ വിവാഹജീവിതത്തിൽ ഒരിക്കലും അയാൾ ആക്രമണകാരി ആയിരുന്നില്ല.

'ആളുകൾ തന്നെ ഉപദ്രവിക്കാൻ ശ്രമിക്കുന്നുണ്ടെന്ന് സ്കാൻറ്റിൽബറി വിശ്വസിച്ചു . ഞങ്ങളുടെ വീട്ടിൽ ചാരപ്രവർത്തനം ഉണ്ടെന്നും മറ്റ് ആളുകൾ തങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്നും അയാൾ കരുതി. ഞാൻ ഇതിന്റെ ഭാഗമാണെന്നും അയാൾ വിചാരിച്ചു . അയൽക്കാരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അയാൾ കരുതി,' അവർ പറഞ്ഞു

വിദ്വേഷ കുറ്റകൃത്യ കുറ്റത്തെക്കുറിച്ചുള്ള പുതിയ വിവരങ്ങളും പ്രോസിക്യൂട്ടർമാർ കോടതിയെ അറിയിച്ചു .

എന്നാൽ രണ്ടാം ഡിഗ്രി കൊലപാതകശ്രമ കുറ്റം മാത്രമാണ് ഉത്തരവിന് താൻ പരിഗണിച്ചത് എന്ന് ജഡ്ജി വ്യക്തമാക്കി. വിദ്വേഷ കുറ്റകൃത്യത്തെ അടിസ്ഥാനമാക്കിയുള്ളതല്ല.



ലീലാമ്മയുടെ പുത്രി ഡോ. സിൻഡി ജോസഫും കോടതിയിൽ സംസാരിച്ചു. അമ്മയുടെ ഇന്ത്യൻ പൗരത്വവും 20 വർഷത്തിലേറെയായി പാംസ് വെസ്റ്റിൽ ആർഎൻ ആയി പ്രാക്ടീസ് ചെയ്യുന്നതും വിവരിച്ചു. അതിക്രൂരമായ മർദനമാണ് അമ്മ നേരിട്ടത്. കണ്ടാൽ തിരിച്ചറിയാൻ പോലും പറ്റില്ല. അത് ഏറെ വേദനിപ്പിക്കുന്നു.

ഞാനും ഒരു ഇന്ത്യക്കാരിയാണ്. അതിന്റെ പേരിൽ ആക്രമിക്കപ്പെട്ടത് ശരിക്കും വേദനാജനകമായിരുന്നു. റേസിസത്തിനു ഇവിടെ സ്ഥാനമില്ല. ഒരാളെ ആക്രമിക്കുന്നതിനുള്ള ഒരു കാരണമായിരിക്കരുത് അത്, അവർ പറഞ്ഞു.



ആക്രമണത്തിനു ശേഷം , 'ഹിസ്പാനിക്കുകൾ നല്ലവരാണ്, ഇന്ത്യക്കാർ കൊള്ളരുതാത്തവരാണ്', 'ഞാൻ ഒരു ഇന്ത്യൻ സ്ത്രീയെ മർദിച്ചു ശരിപ്പെടുത്തി' എന്നും മറ്റും സ്കാൻറ്റിൽബെറി പറഞ്ഞതിൽ നിന്ന് പ്രതി തന്റെ പ്രവൃത്തികളെക്കുറിച്ച് ബോധവാനായിരുന്നുവെന്ന് ജഡ്ജി ചൂണ്ടിക്കാട്ടി.

പ്രതി ജയിലിൽ തന്നെ തുടരുന്നത് ആശ്വാസം നൽകുന്നതായി ഡോ സിൻഡി ജോസഫ് സി.ബി.എസിനോട് പറഞ്ഞു. 'എനിക്ക് ശരിക്കും പേടിയുണ്ട്. ഉൽകണ്ഠയും. രാത്രിയിൽ എന്റെ വാതിലുകൾ പൂട്ടിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നു . രാത്രിയായാൽ ശരിക്കും പേടി. പ്രതിയുടെ പഴയകാല കഥയെക്കുറിച്ച് കൂടുതലൊന്നും അറിയില്ല, പക്ഷേ അയാൾ ഇപ്പോഴും ജയിലിലാണെന്ന വസ്തുത എനിക്ക് ആശ്വാസം നൽകുന്നു,' അവർ പറഞ്ഞു.

ഇതേ സമയം ലീലാമ്മയുടെ ചികിത്സക്കും തുടർപരിചരണത്തിനും മറ്റുമായി ഗോ ഫണ്ട് മി വഴി ധനസമാഹരണം നടത്തുന്നു. 664 പേർ ഇതിനകം 175,151 ഡോളർ നൽകി.

# ചിന്നമ്മ കോലത്ത് ജോർജ് ബൈബിൾ വാക്യ മത്സരത്തിൽ വിജയിച്ചു



ന്യു യോർക്ക്: ചിന്നമ്മ കോലത്ത് ജോർജ്, ന്യുയോർക്കിലെ ഫ്രാങ്ക്ളിൻ സ്ക്വയറിലുള്ള ക്രൈസ്റ്റ് അസ്സംബ്ലി ഓഫ് ഗോഡ് പള്ളിയിൽ നടന്ന ബൈബിൾ മെമ്മറി വേഴ്സ് മത്സരത്തിൽ വീണ്ടും വിജയിയായി. വേദവാക്യങ്ങൾ മനഃപാഠമാക്കുക മാത്രമല്ല, ഓരോ വാക്യത്തിനും കൃത്യമായ റഫറൻസ് നൽകുകയും ചെയ്തു .

ഒരു മണിക്കൂറിനുള്ളിൽ ഓർമ്മയിൽ നിന്ന് പരമാവധി ബൈബിൾ വാക്യങ്ങൾ ചൊല്ലണമെന്നതായിരുന്നു മത്സരം. 157 വാക്യങ്ങൾ റഫറൻസുകൾക്കൊപ്പം ഉദ്ധരിച്ചുകൊണ്ട് ചിന്നമ്മ കോലത്ത് ജോർജ് ഒന്നാം സ്ഥാനം നേടി. രണ്ടാം സമ്മാനം 93 വാക്യങ്ങളുമായി ലിസി ഈപ്പനും മൂന്നാം സമ്മാനം 90 ബൈബിൾ വാക്യങ്ങളുമായി സൂസൻ റോയിയും നേടി.

വിജയികളെ പ്രഖ്യാപിച്ച റവ. ജോർജ് പി ചാക്കോയാണ് അവാർഡ് സമ്മാനിച്ചത്. ചിന്നമ്മ കോലത്ത് ജോർജിന്റെ മികച്ച നേട്ടത്തിന് അദ്ദേഹം അഭിനന്ദനം അറിയിച്ചു. തിരുവെഴുത്തുകളോടുള്ള അവരുടെ സമർപ്പണവും വിശ്വാസത്തോടുള്ള അവരുടെ പ്രതിബദ്ധതയും എല്ലാവർക്കും പ്രചോദനമാണ്. വിശ്വാസത്തിന്റെ ശക്തിക്കും തിരുവെഴുത്തുകളുമായി സമ്പർക്കം പുലർത്തുന്നതിന്റെ പ്രാധാന്യത്തിനും ഈ നേട്ടം ഒരു തെളിവാണ്. ബൈബിൾ പറയുന്നതുപോലെ, 'ക്രിസ്തുവിന്റെ സന്ദേശം നിങ്ങളുടെ ഇടയിൽ സമൃദ്ധമായി വസിക്കട്ടെ...' ചിന്നമ്മ കോലത്ത് ജോർജിന്റെ വിജയം ഈ തത്വം പ്രവർത്തനത്തിലാണെന്നതിന്റെ തിളക്കമാർന്ന ഉദാഹരണമാണ്.

82 വയസ്സിലും പ്രസരിപ്പോടെ നടക്കുന്ന ചിന്നമ്മ ജോർജ്ജ്, പ്രായം വെറും ഒരു സംഖ്യയാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചു. റവ. ജോർജ് പി ചാക്കോ സീനിയർ പാസ്റ്ററായ ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡിൽ നടന്ന ബൈബിൾ മെമ്മറി വേഴ്സ് മത്സരത്തിൽ വിജയിച്ച, ചിന്നമ്മയുടെ ശ്രദ്ധേയമായ സംഗതി, പേരക്കുട്ടികളുമായി തന്റെ വിശ്വാസവും സാംസ്കാരിക പൈതൃകവും പങ്കിടാനുള്ള അവരുടെ പ്രതിബദ്ധതയാണ്. അവരെ ബൈബിൾ പാഠങ്ങൾ പഠിപ്പിക്കുന്നതിനൊപ്പം മലയാളം വായിക്കാനും എഴുതാനും അവർ പ്രോത്സാഹിപ്പിക്കുന്നു.

ചിന്നമ്മയുടെ സമൂഹത്തോടുള്ള സമർപ്പണം പ്രചോദനാത്മകമാണ്. അവർ തന്റെ പള്ളിയുടെ വാട്ട്സ്ആപ്പ് പ്രാർത്ഥനാ ഗ്രൂപ്പിൽ സജീവമായി പങ്കെടുക്കുന്നു. ദിവസവും തന്റെ ഇ-മെയിലും ഫേസ്ബുക്കും പരിശോധിച്ച് ആളുകളുമായി ബന്ധം നിലനിർത്തുന്നു. ഫോണുകളിലും സോഷ്യൽ മീഡിയയിലും റീലുകളിലും മുഴുകിയിരിക്കുന്ന നമ്മുടെ യുവതലമുറയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചിന്നമ്മയുടെ കഥ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു.

ചിന്നമ്മയുടെ ഊർജ്ജസ്വലമായ മാതൃകയിൽ നിന്ന് ഒരു സൂചന എടുത്ത് ധ്യാനം, യോഗ, പ്രകൃതി നടത്തം എന്നിവയ്ക്കായി സമയം ചെലവഴിക്കുക. വിശ്വാസം, കുടുംബം, വിവാഹജീവിതം എന്നിവയുടെ ശക്തിയുടെ തെളിവാണ് അവരുടെ പൈതൃകം. നമുക്കെല്ലാവർക്കും ഒരു യഥാർത്ഥ പ്രചോദനമായ ചിന്നമ്മ കോലത്ത് ജോർജിന്റെ വിജയത്തിൽ നമുക്ക് ചേർന്ന് ആഘോഷിക്കാം.

റിപ്പോർട്ട് : ഡോ. മാത്യു ജോയിസ്, ലാസ് വേഗാസ്


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
ROKU
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# മൂന്നാംവട്ടവും പിണറായി വിജയൻ തന്നെ സി.പി.എമ്മിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥി



എ.എസ് ശ്രീകുമാർ

കേരള രാഷ്ട്രീയം ആകാംക്ഷയോടെ കാത്തിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് അടുത്ത വർഷം നടക്കാനിരിക്കെ കേരളത്തിന്റെ അടുത്ത മുഖ്യമന്ത്രി ആരായിരിക്കുമെന്ന ചോദ്യം സ്വാഭാവികമായും ഉയരുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് യു.ഡി.എഫ് ക്യാമ്പിന് കൃത്യമായൊരു മറുപടിയില്ല. മുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗസ് ഒരു മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ ഇതുവരെയും കണ്ടെത്തിയിട്ടില്ല. കെ.പി.സി.സി പ്രസിഡന്റ് ആരായിരിക്കണമെന്ന കാര്യത്തിൽ ഒരു തീർച്ചയും തീരുമാനവുമില്ലാത്ത സാഹചര്യത്തിൽ അവരുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയെപ്പറ്റി ഒരു ഐഡിയയുമില്ല. പക്ഷേ, മുഖ്യമന്ത്രിക്കുപ്പായം തുന്നി കാത്തുനിൽക്കുന്നവരുടെ ഒരു വൻ നിര തന്നെ അവിടെയുണ്ട്.

എന്നാൽ എൽ.ഡി.എഫിൽ കാര്യങ്ങൾ സംശയലേശമെന്യേ തീരുമാനമായിട്ടുണ്ട്. ''പ്രായപരിധി മാനദണ്ഡത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് ഇളവ് തുടരും. കണ്ണൂർ പാർട്ടി കോൺഗ്രസാണ് ഇളവ് നൽകിയത്. ആ ഇളവ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്. പ്രായപരിധിയിൽ ഇളവ് നൽകുന്ന രാജ്യത്തെ ഏക നേതാവാണ് പിണറായി വിജയൻ...'' സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ ഈ വാക്കുകളിൽ എല്ലാമുണ്ട്. അതായത്, അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിലും കേരളത്തിലെ സി.പി.എമ്മിനെ പിണറായി വിജയൻ തന്നെ നയിക്കും. എൽ.ഡി.എഫ് വിജയിച്ചാൽ പിണറായി തന്നെയായിരിക്കും മുഖ്യമന്ത്രി.

പാർട്ടി കമ്മിറ്റിയിൽ തുടരുന്നതിനായി സി.പി.എം നിശ്ചയിച്ച പ്രായപരിധിയിൽ പൊളിറ്റ് ബ്യൂറോ അംഗം പിണറായി വിജയന് ഇളവ് നൽകുന്നതോടെ 75 വയസ് എന്ന പ്രായപരിധിയുടെ അടിസ്ഥാനത്തിൽ പിണറായി മേൽക്കമ്മിറ്റികളിലെ സ്ഥിരാംഗത്വത്തിൽ നിന്ന് ഒഴിയുമെന്ന അഭ്യൂഹങ്ങൾക്കാണ് വിരാമമായത്. 80 വയസ് പിന്നിട്ട പിണറായി വിജയൻ ഇപ്രാവശ്യം സി.പി.എമ്മിന്റെ പോളിറ്റ് ബ്യൂറോ, കേന്ദ്ര കമ്മിറ്റി ഉൾപ്പെടെയുള്ളവയിൽ നിന്ന് ഒഴിയുമെന്നായിരുന്നു പാർട്ടിക്കകത്തും പുറത്തുമുള്ളവർ നിശ്ചയമായും കരുതിയിരുന്നത്.

ഇളവ് നൽകിയാൽ അത് പിണറായി വിജയൻ സ്വീകരിക്കില്ലെന്നും എല്ലാവരും വിചാരിച്ചു. ഇനി അഥവാ വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ മുന്നണിയെയും പാർട്ടിയെയും മുന്നിൽ നിന്ന് നയിച്ച് ഭരണം നിലനിർത്തിയാൽ പോലും പിണറായി മുഖ്യമന്ത്രിയാവില്ലെന്ന് കരുതിയവരും അനവധിയാണ്. അത്തരം സംശയങ്ങളാണിപ്പോൾ എം.വി ഗോവിന്ദൻ ദൂരീകരിച്ചിരിക്കുന്നത്. പിണറായി അങ്ങനെ പാർട്ടി ഇളവുകൾക്ക് അതീതനായിരിക്കുന്നു. ഇന്ത്യയിലെ ഏക കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായതിനാലാണ് പിണറായി വിജയന്റെ പരിചയ സമ്പത്തും നേതൃപരമായ കരുത്തും പ്രയോജനപ്പെടുത്താൻ തീരുമാനിച്ചതെന്ന് എം.വി.ഗോവിന്ദൻ വിശദീകരിക്കുകയുണ്ടായി.

ഗവർണർ പി സദാശിവത്തിന്റെ മുമ്പാകെ 2016 മെയ് 25-ന് സത്യപ്രതിജ്ഞ ചെയ്താണ് ഒന്നാം പിണറായി സർക്കാർ

അധികാരമേറ്റത്. 2021 മെയ് 20-ാം തീയതി ആരീഫ് മുഹമ്മദ് ഖാൻ എന്ന വിവാദ ഗവർണറാണ് പിണറായിക്ക് രണ്ടാം വട്ടം സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തത്. സഗൗരവത്തിലായിരുന്നു സത്യപ്രതിജ്ഞ. കേരളത്തിൽ തുടർഭരണം യാഥാർത്ഥ്യമാക്കിയ മുഖ്യമന്ത്രിയെന്ന നിലയിൽ മൂന്നാം തവണയും അധികാരത്തിലെത്താമെന്ന് സി.പി.എം ഉറച്ചു വിശ്വസിക്കുന്നു.

ഒന്നാം പിണറായി സർക്കാരിലെ സി.പി.എം മന്ത്രിമാർക്ക് പകരം പുതിയ മന്ത്രിമാരാണ് രണ്ടാം പിണറായി സർക്കാരിൽ സത്യപ്രതിജ്ഞ ചെയ്തത്. അതേ പാറ്റേൺ തുടർന്നാൽ മൂന്നാം തവണയെത്തുന്നതും പുതുമുഖങ്ങളായിരിക്കും. പിണറായി ക്ക് മാത്രം മാറ്റമുണ്ടാവില്ല. എന്നാൽ പിണറായിക്ക് ഇനിയൊരങ്കത്തിന് ബാല്യമുണ്ടോ എന്ന ചോദ്യം ന്യായമായും ഉയരുന്നുണ്ട്. രണ്ടാംവട്ടം പിണറായി മുഖ്യമന്ത്രിയായതിനോട് യോജിക്കാത്തവർ അനവധിയാണ്. മുന്നണികളെ മാറിമാറി വരിച്ച് തഴക്കവും പഴക്കവുമുള്ള കേരളത്തിലെ ജനങ്ങൾക്ക് പിണറായിയുടെ മൂന്നാംവരവ് രാഷ്ട്രീയമായ ആവർത്തന വിരസതയുണ്ടാക്കും.

ഇന്ത്യയിലെ സി.പി.എമ്മിന് പിണറായിയെപ്പോലുള്ള ഒരു കരുത്തൻ അഥാവാ 'ഇരട്ട ചങ്കുള്ള സഖാവ്' ഒരു മുതൽക്കൂട്ട് തന്നെയാണ്. പാർട്ടിയെ പ്രത്യയശാസ്ത്രപരമായും സാമ്പത്തികമായും സമ്പന്നമാക്കാൻ പോന്ന നേതാവാണ് അദ്ദേഹം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ''മുഖ്യമന്ത്രിക്കസേരയിലേക്ക് ഒരു സുപ്രഭാതത്തിൽ ആകാശത്തു നിന്നും പൊട്ടിവീണ ആളല്ല ഞാൻ. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി ഇറങ്ങിയ കാലം. അന്ന് നിങ്ങൾ ഊരിപ്പിടിച്ച കത്തികളുടെയും ഉയർത്തിപ്പിടിച്ച വടിവാളുകളുടെയും നടുവിലൂടെ നടന്നുപോയ ആളാണ് ഞാൻ...''. ഒരിക്കൽ ആർ.എസ്സ്.എസ്സുകാരോട് ഇങ്ങനെ പറയുമ്പോൾ പിണറായി വിജയന്റെ ശബ്ദത്തിന് ഒരു താക്കീതിന്റെ ധ്വനിയുണ്ടായിരുന്നു, കാർക്കശ്യത്തിന്റെ കരുത്തുമുണ്ടായിരുന്നു.

എന്നാൽ മുഖ്യമന്ത്രിയായതിനു ശേഷമുള്ള പിണറായി വിജയന്റെ പൊതു ഇടങ്ങളിലെ പെരുമാറ്റവും ശരീര ഭാഷയും കൊടിയ വിവാദങ്ങൾ ഉയർത്തിയിട്ടുണ്ട്. ''കടക്ക് പുറത്ത്...'', ''നികൃഷ്ട ജീവി...'' തുടങ്ങിയ പ്രയോഗങ്ങൾ പിണറായിയിൽ നിന്നും പ്രതീക്ഷിച്ചവയായിരുന്നില്ല. ഇപ്പോൾ സെക്രട്ടേറിയറ്റ് നടയിൽ ആശാവർക്കർമാർ നടത്തുന്നതുൾപ്പെടെയുള്ള തൊഴിലാളി സമരങ്ങളെ പിണറായി സർക്കാർ നേരിടുന്ന രീതി ഒരു സർവലോക തൊഴിലാളിവർഗ പാർട്ടിയുടെ നേതാവിന് ഭൂഷണമല്ല എന്നാണ് ഉയരുന്ന ആക്ഷേപം. ഇ.കെ നായനാരെപ്പോലെയോ വി.എസ് അച്യുതാനന്ദനെപ്പോലെയോ ഒരു ജനകീയനല്ല പിണറായി വിജയൻ എന്നും വിലയിരുത്തപ്പെടുന്നു.




സത്യപ്രതിജ്ഞയിൽ പറഞ്ഞതുപോലെ മുഖ്യമന്ത്രി ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തിയോ..? മുഖ്യമന്ത്രിയെന്ന നിലയിലുള്ള തന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനസാക്ഷിയെ മുൻനിർത്തിയും നിർവഹിച്ചോ..? ഭരണഘടനയും നിയവുമനുസരിച്ച് ഭീതിയോ പക്ഷപാതമോ, പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാത്തരത്തിലുള്ള ജനങ്ങൾക്കും നീതി ചെയ്തോ..? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉയരുന്ന വർത്തമാനകാലത്തിലൂടെയാണ് പിണറായി വിജയൻ കടന്നുപോകുന്നത്. പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിയുൾപ്പെടെയുള്ള വിഷയങ്ങൾ വരുന്ന തിരഞ്ഞെടുപ്പിൽ ജനകീയ വിചാരണയ്ക്ക് കാരണമാകും.

കോവിഡ് കാലത്തും പ്രളയ സമയത്തും കേരളത്തിന്റെ സമസ്ത മണ്ഡലങ്ങളും പിണറായി വിജയൻ എന്ന ബിന്ദുവിലേക്ക് കേന്ദ്രീകരിക്കപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. പ്രതിഛായ വർദ്ധിപ്പിക്കുന്നതിന് പി.ആർ ഏജൻസിയെ ഉപയോഗിക്കുന്നുവെന്ന പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾക്ക് ''എന്നെ ഈ നാടിന് അറിയാമല്ലോ...'' എന്ന വൈകാരികമായ മറുപടിയാണ് പിണറായി വിജയൻ അന്ന് നൽകിയത്. ചിക്കാഗോ ന്യൂസ്, ബി.ബി.സി, ദി ഗാർഡിയൻ, അൽ ജസീറ ടി.വി, ന്യൂയോർക്ക് ടൈംസ് തുടങ്ങിയ അന്താരാഷ്ട്ര മാധ്യമങ്ങൾ പിണറായി വിജയനെ പ്രകീർത്തിച്ചത് പി.ആർ ഏജൻസിയുടെ ശ്രമഫലമായാണോ എന്ന് വിമർശനം ഉന്നയിക്കുന്നവർ അന്വേഷിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് പാർട്ടിയും മറുപടി നൽകിയിരുന്നു.

എത്രയോ വിമർശനങ്ങളെയും ആക്ഷേപശരങ്ങളെയും നേരിട്ടുകൊണ്ടാണ് ഈ കമ്മ്യൂണിസ്റ്റുകാരൻ ഇന്നത്തെ ഉന്നതിയിൽ എത്തിനിൽക്കുന്നത്. അതുകൊണ്ടാണ് പ്രതികൂല സാഹചര്യങ്ങളിൽ മനോനില തെറ്റാതെ ഓജസ്സോടെ പ്രവർത്തിക്കാനും ഉചിതമായ തീരുമാനം എടുക്കാനും അദ്ദേഹത്തിന് നിഷ്പ്രയാസം കഴിയുന്നത്. കാർക്കശ്യത്തിന് മങ്ങലേറ്റിട്ടില്ലെങ്കിലും സൗമ്യനാവേണ്ട ഘട്ടങ്ങളിൽ അതും തനിക്ക് നല്ലപോലെ വഴങ്ങുമെന്നാണ് അദ്ദേഹം നിത്യേനയെന്നോണം തെളിയിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ സൗമ്യത തന്റെ മേൽ കുതിരകേറാനുള്ള ലൈസൻസായി ആരെങ്കിലും കണക്കാക്കിയാൽ അവരെ ആജ്ഞാ സ്വരത്തിൽ നിഷ്പ്രഭമാക്കാനുള്ള ജന്മഗുണവും അനുഭവസമ്പത്തും പ്രത്യയശാസ്ത്ര ബലവും പിണറായി വിജയന് കൈമുതലായുണ്ട്. അണുവിട വിട്ടുവീഴ്ചയില്ലാത്ത കമ്മ്യൂണിസ്റ്റിൽ നിന്ന് അതിജീവനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായാണ് പിണറായി വിജയൻ വളർന്നെത്തിയത് എന്ന കാരണം കൊണ്ടുതന്നെയാണ് പ്രായപരിധി ഇളവ് നൽകി പിണറായിയെ മുന്നിൽത്തന്നെ നിർത്തിയിരിക്കുന്നത്. ആ നീക്കത്തിന്റെ ഫലപ്രാപ്തി എന്താവുമെന്ന് കാത്തിരുന്നു കാണാം.


LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com



# തരൂരിന്റെ രാഷ്ട്രീയമോഹം എന്ത് ?

**ലേഖനം**

**മേരിക്കുട്ടി**
abe42sam@gmail.com.

രാഹുൽ ഗാന്ധി കഴിഞ്ഞദിവസം ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെപറ്റി ഒരു ഹൈസ്കൂൾ വിദ്യർഥിയുടെ നിലവാരത്തിലുള്ള പ്രസംഗം പാർലമെന്റിൽ നടത്തിയപ്പോൾ രാജ്മോഹൻ ഉണ്ണിത്താൻ മാത്രമേ ഡെസ്കിലടിച്ച് പ്രോത്സാഹിക്കാൻ ഉണ്ടായിരുന്നുള്ളു. ഉണ്ണിത്തന്റെയും പിന്നിൽ അസ്വസ്തമായ മുഖഭാവത്തോടെ തരൂർ ഇരിക്കുന്നത് കാണാൻ ഇടയായി. വിഢിയായ ഒരു നേതാവിന്റെ അനുയായി കഴിയുന്നതിലെ അസ്വസ്തതയാണ് അദ്ദേഹത്തിന്റെ മുഖത്ത് കണ്ടത്. കോൺഗ്രസ്സ് പാർട്ടിയോടും അതിന്റെ നേതാവനോടും അതിന്റെ നയങ്ങളോടും യോജിക്കാൻ തനിക്ക് സാധ്യമല്ലന്ന് തെളിയിക്കുന്നതാണ് തരൂരിന്റെ പല പ്രസ്താവനകളും സൂചിപ്പിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശ്ശനത്തെ രാഹുൽ ആക്ഷേപിച്ചപ്പോൾ തരൂർ അതിനെ അഭിനന്ദിച്ചത് ഉദാഹരണമാണ്. ട്രംപിന്റെ ഇനാഗറേഷൻ ചടങ്ങിലേക്ക് മോദിക്ക് ക്ഷണംകിട്ടാൻ വിദേശകാര്യമന്ത്രി ജയശങ്കറിനെ പലപ്രാവശ്യം അമേരിക്കയിലേക്ക് അയച്ചുവെന്ന രാഹുലിന്റെ ബാലിശമായ പ്രസ്താവനയെ പുശ്ചിച്ച് തള്ളുന്നതാണ് തരൂരിന്റെ പ്രതികരണം. മോദി ഗവണ്മെന്റിനെ ശക്തമായി എതിർക്കാൻ പ്രതിപക്ഷനേതാവായി തരൂരാണ് നല്ലതെന്ന് പലമെമ്പർമാർക്കും അഭിപ്രയമുണ്ട് . അവരത് പ്രകടിപ്പിക്കുന്നില്ല എന്നതാണ് വാസ്തവം. രാഹുലിന്റെ പ്രസ്താവനകളോട് പ്രതിപക്ഷത്തെ പലകക്ഷികൾക്കും മാത്രമല്ല കോൺഗ്രസ്സ് മെമ്പർമാർക്കുപോലും യോജിപ്പില്ല. രാജ്മോഹൻ ഉണ്ണിത്താനു മാത്രമേ രാഹുലിന്റെ അനുയായി ആയിരിക്കാൻ യോഗ്യനായുള്ളു അല്ലെങ്കിൽ ഉണ്ണിത്താനെപ്പോലുള്ളവരുടെ നേതാവായിരിക്കാനുള്ള യോഗ്യതയെ രാഹുലിനുള്ളു

എന്തെല്ലാം വിഢിത്തരങ്ങളാണ് രാഹുലും സഹോദരിയും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. സ്വന്തം പാർട്ടി ഭരിക്കുന്ന ഹിമാചൽപ്രദേശിലെ സർക്കാരിനെ വിമർശ്ശിച്ചാണ് പ്രിയങ്ക ആദ്യദിവസംതന്നെ കയ്യടിനേടിയത്. രാഷ്ട്രപതിയെ പുവർതിങ്ങ് എന്നുവിളിച്ച് അമ്മച്ചിയും വാർത്തകളിൽ ഇടംപിടിച്ചു. ഈ കുടുംബത്തോടുള്ള ആദരം നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള അമ്മച്ചിയുടെയും മക്കളുടെയും അഭിപ്രായപ്രകടനങ്ങളോട് തരൂരിന് യോജിക്കാൻ സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തെ കുറ്റംപറയാൻ സാധിക്കില്ല.പിന്നെന്തിന് അദ്ദേഹം ഈ പാർട്ടിയിൽ തുടരുന്നു?

തരൂർ അടിസ്ഥാനപരമായി ഒരു രാഷ്ട്രീയക്കാരനല്ല, അദ്ദേഹം ബുദ്ധിമാനായ രാഷ്ട്രതന്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെസ്ഥാനം അവിവേകികളായ കോൺഗ്രസ്സുകാരുടെ കൂടാരത്തിലല്ല. അദ്ദേഹത്തപ്പോലെ ബുദ്ധിമാനായ ഒരാളെ പാർലമെന്റിൽ പ്രസംഗിക്കാൻ അവസരംകൊടുക്കാതെ ഡെസ്കിലടിക്കാൻ മാത്രമായിട്ടാണ് തെരഞ്ഞെടുത്തെങ്കിൽ രാഹുലിനും അമ്മച്ചിക്കും തെറ്റുപറ്റി. എത്രയും വേഗന്ന് അവിവേകികളുടെ കൂടരത്തിൽനിന്ന് പുറത്തുകടക്കുന്നോ അത്രയും തരൂരിന് നല്ലത്.

തരൂർ കോൺഗ്രസ്സിൽനിന്ന് പുറത്തുകടന്നാൽ ഏതുപാർട്ടിയിലേക്ക് പോകുമെന്നതാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്ന ചർച്ച. ചിലർ പറയുന്നു അദ്ദേഹം സി പി എമ്മിലേക്ക് പോകുമെന്ന് മറ്റുചിലരുടെ അഭിപ്രയം ബി ജെ പിയിലേക്കെന്ന്. തരൂർ കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുത്താൻ ആപാർട്ടി രക്ഷപെടുമെന്ന് ചില അൽപജ്ഞാനികളൾ പറയുന്നു. ചിലർ അദ്ദേഹത്തെ കേരള മുഖ്യമന്ത്രിയാക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ വിവരക്കേടുകളുടെ ഒരു ഘോഷയാത്രയാണ് കേരളത്തിലെ പത്രങ്ങളിലും രാഷ്ട്രീയ ചർച്ചകളിലും നിറഞ്ഞുനിൽകുന്നത്. ബി ജെ പിയിലേക്ക് താനില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. ബി ജെ പിയുടെ ഹിന്ദുത്വ നിലപാടിനോട് അദ്ദേഹത്തിന് യോജിപ്പില്ലത്രെ., വേണ്ട. അദ്ദേഹം വരുന്നതുകൊണ്ട് പാർട്ടിക്ക് പ്രത്യേക ഗുണങ്ങളൊന്നുമില്ല. തരൂർ എം പി സ്ഥനം രാജിവെച്ചാൽ തിരുവനന്തപുരം മണ്ഢലത്തിൽനിന്ന് ഒരു ബി ജെ പിക്കാരൻ വിജയിച്ചെന്നുവരും.

തരൂരിനെ നേതാവാക്കിയാൽ കോൺഗ്രസ്സ് രക്ഷപെടുമെന്ന് വിശ്വസിക്കുന്നവർ സ്വപ്നജീവികളാണ്. അദ്ദേഹത്തിന് ജനകീയ അടിത്തറയില്ല. അദ്ദേഹത്തെ അറിയാവുന്നർ കേരളത്തിൽ മാത്രമേയുള്ളു. വടക്കേ ഇൻഡ്യാക്കാർക്ക് അദ്ദേഹം അപരിചിതനാണ്. വടക്കേ ഇൻഡ്യാക്കാരനായ ഒരു ചെറുപ്പക്കാരനുമാത്രമേ പാർട്ടിയെ കരകയറ്റാൻ സാധിക്കു. രാജസ്ഥാനിലെ കോൺഗ്രസ്സുകാരനായ സച്ചിൻ പൈലറ്റാണ് അതിനു യോഗ്യൻ. അമ്മച്ചിയും മക്കളും സച്ചിനെപ്പോലെ ഊർജ്ജസ്വലനായ ഒരാളെ പാർട്ടിയെ നയിക്കാൻ അനുവദിക്കില്ല. അവർക്കുവേണ്ടത് ഖാർഗയെപ്പോലുള്ള പടുകിളവന്മാരെയും വേണുഗോപാലിനെപ്പോലുള്ള ഏറാൻമൂളികളെയുമാണ്. രാഹുൽ മോനേക്കാൾ ബുദ്ധിയും കഴിവുമുള്ളവർ കോൺഗ്രസ്സിൽ വേണ്ടന്നാണ് അമ്മച്ചിയുടെ തീരുമാനം. ഇന്ദിരയുടെ മൂക്കും തലമുടിയും കാട്ടി വോട്ടുപിടിക്കാമെന്ന് വിചാരിച്ചാലും കേരളത്തിൽ, അതും വയനാട്ടിൽ, മാത്രമേ വിലപ്പോവുകയുള്ളു.

# ശിവ പണിക്കർ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റിയായി മത്സരിക്കുന്നു



ചിക്കാഗോ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മുൻ നാഷണൽ പ്രസിഡണ്ട് കൈരളി ടിവി ഡയറക്ടറുമായ ശിവ പണിക്കർ (ശിവൻ മുഹമ്മ) ഇല്ലിനോയിയിലെ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റിയായി മത്സരിക്കുന്നു.

ഏപ്രിൽ 1, 2025 നാണ് ഇലക്ഷൻ. ഫെബ്രുവരി 20 നു മെയിൽ വഴിയുള്ള വോട്ടിംഗ് ആരംഭിക്കുന്നു: വോട്ടർ രജിസ്ട്രേഷൻ മാർച്ച് 4 വരെ തുടരും.

45,000 ഓളം ജനസംഖ്യയുള്ള പ്ലെയിൻഫീൽഡ് ചിക്കാഗോയിൽ നിന്ന് ഏതാണ്ട് 35 മൈൽ അകലെയുള്ള സമ്പന്നമായ വില്ലേജ് ആണ്. വോട്ടർമാർ 28,000. അതിൽ 1500 ൽ പരം പേര് ഇന്ത്യക്കാരാണ്.

ആറു ട്രസ്റ്റിമാരും വില്ലേജ് പ്രസിഡന്റും (മേയർ) അടങ്ങിയ ബോർഡാണ് വില്ലേജിന്റെ ഭരണം നടത്തുന്നത്. ഇത്തവണ വില്ലേജ് പ്രസിഡന്റ് സ്ഥാനത്തേക്ക് നാല് പേർ മത്സരിക്കുന്നു. മൂന്നു ട്രസ്ടിമാരെ വേണ്ട സ്ഥാനത്ത് നാല് പേർ മത്സര രംഗത്തുണ്ട്. ഇലക്ഷൻ പാർട്ടി അടിസ്ഥാനത്തിലല്ല.

അമേരിക്കൻ മൂല്യങ്ങൾ സംരക്ഷിക്കുമെന്ന പ്രഖ്യാപനത്തോടെയാണ് ശിവൻ മുഹമ്മ എന്ന ബാലശിവ പണിക്കർ രംഗത്തുള്ളത്. വർഷങ്ങളായി പരിചയമുള്ള വോട്ടർമാരാണ്. ഇന്ത്യൻ വോട്ടുകളും പ്രതീക്ഷിക്കുന്നു. കാരണം ഇതാദ്യമായാണ് ഒരു ഇന്ത്യാക്കാരൻ ഇവിടെ മത്സരിക്കുന്നത്

ട്രസ്റ്റി എന്ന നിലയിൽ, വർദ്ധിച്ചുവരുന്ന നികുതി ഭാരം കുറയ്ക്കുകയും പ്ലെയിൻഫീൽഡ് ഗ്രാമം കുടുംബങ്ങൾക്കും കുട്ടികൾക്കും കൂടുതൽ താങ്ങാനാവുന്നതും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുകയുമാണ് പ്രധാന ലക്ഷ്യങ്ങൾ.

ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടി 1995 ൽ യുഎസിൽ എത്തിയ ശിവൻ മുഹമ്മ വിവര സാങ്കേതിക വിദ്യയിൽ നിരവധി സർട്ടിഫിക്കേഷനുകൾ നേടി. വെബ് ഡിസൈൻ മുതൽ പലചരക്ക് കടകളും മെഡിക്കൽ ഓഫീസുകളും വരെ മാനേജ് ചെയ്തു. സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി ചെയ്യുകയും വിജയകരമായ ബിസിനസുകൾ നടത്തുകയും ചെയ്തു. ഇപ്പോൾ മുഴുവൻ സമയ സ്റ്റോക്ക് വ്യാപാരി എന്ന നിലയിലുള്ള വിശാലമായ അനുഭവം ട്രസ്റ്റിയായി സേവിക്കാൻ തന്നെ പ്രാപ്തനാക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

“എന്നിരുന്നാലും, യോഗ്യതകൾ മാത്രം പോരാ. നിങ്ങൾ പറയുന്നത് കേൾക്കുക മാത്രമല്ല, നിങ്ങളുടെ ആശങ്കകൾ പരിഹരിച്ചുവെന്ന് ഉറപ്പാക്കി നിങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു പ്രതിനിധിയെ നിങ്ങൾ അർഹിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടാൽ, നിങ്ങളുടെ പ്രശ്നങ്ങൾ എന്റേതായി കണക്കാക്കി, പ്ലെയിൻഫീൽഡിനെ എല്ലാവരും അഭിമാനിക്കുന്ന സ്ഥലമാക്കി മാറ്റാൻ അക്ഷീണം പ്രയത്നിക്കും,“ അദ്ദേഹ ഉറപ്പു നൽകുന്നു.

അമേരിക്കക്കാർ എങ്ങനെ പെരുമാറണമെന്ന് നിർവചിക്കുന്ന ധാർമ്മികവും ഭരണഘടനാപരവുമായ ആശയങ്ങളാണ് അമേരിക്കൻ മൂല്യങ്ങൾ. വിവിധ സാംസ്കാരിക വിശ്വാസങ്ങളും അവയുടെ ചരിത്രപരമായ പ്രാധാന്യവും കണക്കിലെടുത്ത് നിരവധി വർഷങ്ങളായി അമേരിക്കൻ മൂല്യങ്ങൾ വികസിപ്പിച്ചെടുത്തു.

മയക്കുമരുന്ന് രഹിത കമ്മ്യൂണിറ്റിയാണ് മറ്റൊരു ലക്ഷ്യം. മയക്കുമരുന്ന് ദുരുപയോഗം എല്ലാവർക്കും ഭീഷണിയായതിനാൽ, അത് യുവാക്കളെയും മുതിർന്നവരെയും സ്കൂളിനെയും ജോലിസ്ഥലത്തെയും കുടുംബങ്ങളെയും ബാധിക്കുന്നു. ഒരുമിച്ച് പ്രവർത്തിക്കാനും കളിക്കാനും, എല്ലാ വംശീയ, സാമ്പത്തിക, മത വിഭാഗങ്ങളിൽ നിന്നുമുള്ള ആളുകളിലേക്ക് എത്തിച്ചേരാനും ആരോഗ്യകരമായ ഒരു ജീവിതരീതി പ്രോത്സാഹിപ്പിക്കുന്നതിന് സജീവമായി പ്രവർത്തിക്കാനും താൻ മുന്നിലുണ്ടാവുമെന് അദ്ദേഹം ഉറപ്പു പറയുന്നു.

പരിസ്ഥിതി സംരക്ഷണമാണ് മറ്റൊരു വാഗ്ദാനം. നമ്മുടെ ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും അടിസ്ഥാനം പ്രകൃതിയാണ്. ഭൂമിയെയും അതിന്റെ കാലാവസ്ഥയെയും ആവാസവ്യവസ്ഥയെയും പരിപാലിക്കുന്നില്ലെങ്കിൽ, അത് നമ്മുടെ ക്ഷേമത്തിന് ഹാനികരമാകും.

കുടുംബത്തിനും കുട്ടികൾക്കും സുരക്ഷിതമായ സ്ഥലം എന്നതാണ മറ്റൊന്ന്. കുടുംബത്തിനും കുട്ടികൾക്കും സുരക്ഷിതമായ ഇടം അവരുടെ ആരോഗ്യകരമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്, അത് സുരക്ഷിതത്വബോധം വളർത്തുകയും വൈകാരിക ക്ഷേമം അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക തുടങ്ങിയവയും അജണ്ടയിലുണ്ട്.

വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണ്. ഭാര്യ 25 വർഷമായി ഈ പ്രദേശത്തു ഫിസിഷ്യനാണ്.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# പത്തരമാറ്റ് തിളക്കത്തിൽ 'മാറ്റ് 2025' കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം



**രാജു മൈലപ്രാ**

ടാമ്പാ: പ്രൗഢഗംഭീരമായ ഒരു നിറഞ്ഞ സദസ്സിനെ സാക്ഷിനിർത്തി മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ (ങമഠ) 2025ലെ കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം നടത്തപ്പെട്ടു. സമയബന്ധിതമായി, കൃത്യനിഷ്ഠയോടെ നടത്തപ്പെട്ട ഈ പരിപാടിയിൽ, സംഘാടകരേപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു വമ്പിച്ച ജനപങ്കാളിത്തം ഉണ്ടായത്, പ്രസിഡന്റ് ജോൺ കല്ലോലിക്കലിനും മറ്റ് ഭാരവാഹികൾക്കും ഒരു അഭിമാന മുഹൂർത്തമായി.

അമേരിക്കൻ/ഇന്ത്യൻ ദേശീയ ഗാനാലാപനത്തിനുശേഷം പ്രസിഡന്റ് ജോൺ കല്ലോലിക്കൽ വിശിഷ്ടാതിഥികളേയും, സദസ്സിനേയും സ്വാഗതം ചെയ്തുകൊണ്ട് ആമുഖ പ്രസംഗം നടത്തി.

ഈ സംരംഭം വിജയപ്രദമാക്കാൻ അഹോരാത്രം പരിശ്രമിച്ച പ്രവർത്തകരേയും, അകമഴിഞ്ഞ സാമ്പത്തിക സഹായം നൽകിയ സ്പോൺസേഴ്സിനേയും പേരെടുത്തു പറഞ്ഞുകൊണ്ട് അദ്ദേഹം നന്ദി അറിയിച്ചു.

മുഖ്യാതിഥി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമ സൺഷൈൻ റീജിയൻ വൈസ് പ്രസിഡന്റ് ജോമോൻ ആന്റണി, ഫൊക്കാന ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡന്റ് ലിന്റോ ജോളി, മാറ്റ് പ്രസിഡന്റ് ജോൺ കല്ലോലിക്കൽ, സെക്രട്ടറി അനഘ ഹാരീഷ്, ട്രഷറർ ബാബു പോൾ, മറ്റ് ഭാരവാഹികൾ, വിശിഷ്ടാതിഥികൾ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ പൊതുസമ്മേളനത്തിന് തുടക്കമായി.

ഇലക്ഷൻ കമ്മീഷൻ ചെയർ ജോസ് മോൻ തട്ടംകുളം, പുതുതായി സ്ഥാനമേൽക്കുന്ന ഭരണസമിതി അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

ശ്രീ. സജിമോൻ ആന്റണി നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ, ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ പ്രവാസികൾക്ക് ഉപകാരപ്പെടുന്ന പല പദ്ധികളും, കേരള സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കുവാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി എന്നു പ്രസ്താവിച്ചു.

മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ എല്ലാ മുൻ പ്രസിഡന്റുമാരേയും മൊമന്റോ നൽകി ആദരിച്ചു.

ഫോമ സൺഷൈൻ റീജിയണൽ വൈസ് പ്രസിഡന്റ് ശ്രീ. ജോമോൻ ആന്റണി, ഫൊക്കാന ഫ്ളോറിഡാ റീജിയണൽ വൈസ് പ്രസിഡന്റ് ശ്രീ. ലിന്റോ ജോളി തുടങ്ങിയവർ ആശംസാ സന്ദേശ



ങ്ങൾ നൽകി.

പൊതു സമ്മേളനത്തിനു ശേഷം കലാപരിപാടികൾക്ക് തുടക്കമായി. പ്രൊഫഷണൽ ട്രൂപ്പുകളോട് കിടപിടിക്കത്തക്ക മികവാർന്ന രംഗസജ്ജീകരണമാണ് ഒരുക്കിയിരുന്നത്.

ഇടവേളകളില്ലാതെ അരങ്ങേറിയ, ക്ലാസിക്കൽ, സിനിമാറ്റിക് നൃത്തച്ചുവടുകളും, മാസ്മരിക സംഗീതവും, കൂടാതെ കുട്ടികളുടേയും വനിതകളുടേയും ഫാഷൻഷോ, ഒപ്പന തുടങ്ങിയവ കാണികളുടെ കണ്ണും കരളും കവർന്നു.


















USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# വെസ്റ്റ് സെയ്‌വിൽ സെയിന്റ് മേരീസ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കിക്ക്-ഓഫ്

**ഉമ്മൻ കാപ്പിൽ**

വെസ്റ്റ് സെയ്‌വിൽ (ന്യൂയോർക്ക്): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ഫെബ്രുവരി 23 ന് വെസ്റ്റ് സെയ്‌വിൽ സെയിന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വിജയകരമായ തുടക്കമായി. ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ ഫാമിലി കോൺഫറൻസിന്റെ പ്രചാരണത്തിനായി കോൺഫറൻസ് ഭാരവാഹികൾ ഇടവക സന്ദർശിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും അത്മായരും നാലു ദിവസം നീണ്ടുനിൽക്കുന്ന കോൺഫറൻസിൽ പങ്കെടുക്കും.

ഇടവക വികാരി ഫാ. ഫിലമോൻ ഫിലിപ്പിന്റെ അഭാവത്തിൽ ഫാ. മാർക്കോസ് മാണി (മഞ്ജു) കുർബാനയ്ക്ക് നേതൃത്വം നൽകി. കുർബാനയ്ക്ക് ശേഷം ഫാമിലി കോൺഫറൻസിന് വേണ്ടി ഒരു കിക്ക്-ഓഫ് മീറ്റിംഗ് നടന്നു. ഫാ. മാർക്കോസ് മാണി കോൺഫറൻസ് സംഘത്തെ സ്വാഗതം ചെയ്തു. ജെയ്സൺ തോമസ് (സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), മാത്യു വർഗീസ്- (ഫിനാൻസ് കമ്മിറ്റി), പ്രേംസി ജോൺ (പ്രൊസഷൻ കമ്മിറ്റി) എന്നിവരായിരുന്നു കോൺഫറൻസ് ടീം അംഗങ്ങൾ.

ലിജു കുര്യാക്കോസ് (ഇടവക സെക്രട്ടറി), സന്തോഷ് കോരുത് (ട്രഷറർ), റോമിയോ റോയ് (ജോയിന്റ് സെക്രട്ടറി), ജെറി തോമസ് (ജോയിന്റ് ട്രഷറർ), കെ. സി. കോരുത് (മലങ്കര അസോസിയേഷൻ അംഗം), കുര്യാക്കോസ് ജോർജ് (ഭദ്രാസന അസംബ്ലി അംഗം ) എന്നിവരും വേദിയിൽ പങ്കുചേർന്നു.

ജോൺ താമരവേലിൽ ഈ വർഷത്തെ കോൺഫറൻസ് ഭാരവാഹികളെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ സ്ഥലം, തീയതി, മുഖ്യ പ്രഭാഷകർ എന്നിവയുൾപ്പെടെയുള്ള സുപ്രധാന വിവരങ്ങൾ ജെയ്സൺ തോമസ് പങ്കുവച്ചു.

ജോൺ താമരവേലിൽ രജിസ്ട്രേഷൻ പ്രക്രിയ വിശദീകരിച്ചു, 21 വയസ്സിന് താഴെയുള്ള യുവാക്കൾക്കുള്ള കുറഞ്ഞ നിരക്കിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിന് ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ച് മാത്യു വർഗീസ് ഓർമ്മിപ്പിച്ചു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ടെന്ന് പ്രേംസി ജോൺ അറിയിച്ചു. കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുന്നതിനും സ്പോൺസറായി പിന്തുണയ്ക്കുന്നതിനുള്ള ഓപ്ഷനുകൾ നൽകുന്ന ഫാമിലി കോൺഫറൻസ് വെബ്സൈറ്റ് സന്ദർശിക്കാൻ ജെയ്സൺ തോമസ് അഭ്യർത്ഥിച്ചു.







ഇടവകയിലെ നിരവധി അംഗങ്ങൾ

സ്പോൺസർഷിപ്പുകൾ, സംഭാവനകൾ, രജിസ്ട്രേഷനുകൾ എന്നിവയിലൂടെ പിന്തുണ വാഗ്ദാനം ചെയ്തു.

ഗോൾഡ് സ്പോൺസറായി ഡോ. ബിലു മാത്യു പിന്തുണ അറിയിച്ചു.

ബേബി മാത്യു, റോമിയോ റോയ്, ഗീവർഗീസ് തോമസ്, ജോൺ മാത്യു, കുര്യാക്കോസ് ജോർജ്, മത്തായി മാത്യു എന്നിവർ കോൺഫറൻസിൽ രജിസ്റ്റർ ചെയ്തുകൊണ്ട് ആവേശകരമായ പിന്തുണ വാഗ്ദാനം ചെയ്തു. ഇടവകയെ പ്രതിനിധീകരിച്ച്, ട്രഷറർ സുവനീറിനുള്ള സംഭാവന കൈമാറി.

ഭദ്രാസനത്തിന്റെ വിവിധ പരിപാടികളിൽ യുവാക്കളുടെ ആവേശകരമായ പങ്കാളിത്തം കണ്ടിട്ടുള്ളതിന്റെ സ്മരണകൾ റവ. ഫാ. മാർക്കോസ് മാണി പങ്കുവെക്കുകയും, സമ്പന്നമായ ഒരു അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കാൻ യുവതീ യുവാക്കളെയും മുതിർന്നവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കോൺഫറൻസിന് പ്രാർത്ഥനാപൂർവ്വം പിന്തുണ നൽകിയ ഫാ. ഫിലമോൺ ഫിലിപ്പ്, ഫാ. മാർക്കോസ് മാണി, ഇടവക ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവരോട് ജോൺ താമരവേലിൽ നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.



















Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
Roku
ROKU TV
tv
Apple TV
Google TV
GoogleTV
Samsung SMART TV
Samsung TV
LG Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ വാർഷിക ജനറൽ ബോഡി യോഗം മാതൃകാപരമായി

പി പി ചെറിയാൻ

ഡാളസ് :ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ 2024 വാർഷിക ജനറൽ ബോഡി യോഗം ഫെബ്രുവരി 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ ഗാർലൻഡ് ടെക്സസിലെ 3821 ബ്രോഡ്‌വേയിലുള്ള സെന്ററിൽ ചേർന്നു.കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി അംഗങ്ങളുടെ അച്ചടക്കം,മാതൃകാപരമായ സജീവ പങ്കാളിത്വം എന്നിവയാൽ പ്രത്യേകം ശ്രദ്ധിക്കപെട്ടു

കേരള അസോസിയേഷൻ ഓഫ് ഡാളസ് മുൻ ഡയറക്ടർ പ്രൊഫ :ജോസഫ് പ്രാക്കുഴിയുടെ നിര്യാണത്തിൽ അനുശോചിച്ചു ഒരു നിമിഷം മൗനം ആചരിച്ചാണ് യോഗ നടപടികൾ ആരംഭിച്ചത്. പ്രസിഡന്റ് ഷിജു എബ്രഹാം അധ്യക്ഷത വഹിച്ചു.

അമേരിക്കയിലും ഇന്ത്യയുൾപ്പെടെ ലോകമെമ്പാടുമുള്ള ദരിദ്രർക്ക് ജീവകാരുണ്യ, സാംസ്കാരിക, വിദ്യാഭ്യാസ സേവനങ്ങൾ നൽകുക എന്നതാണ് സെന്ററിന്റെ പ്രാഥമിക ദൗത്യം. ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചുകൊണ്ട്, ഇന്ത്യയുടെ സമ്പന്നമായ പൈതൃകവും സംസ്കാരവും അമേരിക്കൻ ഐക്യനാടുകളിൽ, പ്രത്യേകിച്ച് ഇന്ത്യൻ വംശജരായ രണ്ടാമത്തെയും ഭാവി തലമുറയുടെയും തലമുറയ്ക്ക് പരിചയപ്പെടുത്തുക, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ സ്ഥാപിക്കുക, വിദ്യാഭ്യാസ, സാഹിത്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയിൽ പങ്കാളികളാകുകയും ചെയ്യുക എന്നിവയാണ് സംഘടനയുടെ ലക്ഷ്യമെന്ന് സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ഷിജു എബ്രഹാം അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു

2024 ഡിസംബർ 8 മുതൽ മീറ്റിംഗ് മിനിറ്റ്സ് അവലോകനം ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു .

സെക്രട്ടറി ജേക്കബ് സൈമൺ വാർഷീക റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം റിപ്പോർട്ട് പാസ്സാക്കി .

വാർഷിക ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൽ ട്രെഷറർ ടോമി നെല്ലുവേലി അവതരിപ്പിച്ചത് പൊതുയോഗം പാസ്സാക്കി. തുടർന്ന് പുതിയതായി ചുമതലയേറ്റ പ്രസിഡന്റ് റോയ്കൊടുവത്തിന്റെ അധ്യക്ഷതയിൽ യോഗ നടപടികൾ തുടർന്നു




ലാഭേച്ഛയില്ലാത്ത കോർപ്പറേഷനായ കേരള അസോസിയേഷൻ ഓഫ് ഡാളസ്, ഇൻകോർപ്പറേറ്റഡിന്റെ ഉടമസ്ഥതയിലുള്ളതും നടത്തുന്നതുമായ മലയാള ലൈബ്രറിയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ, സാഹിത്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയിൽ പങ്കാളികളാകുകയും , ഇന്ത്യയിൽ നിന്നുള്ള മലയാള സാഹിത്യ, ശാസ്ത്രീയ, മറ്റ് പുസ്തകങ്ങൾ, ഇംഗ്ലീഷ് ഉൾപ്പെടെയുള്ള മറ്റ് ഭാഷകൾ എന്നിവ വാങ്ങുന്നതിലൂടെ ലൈബ്രറിയുടെ ശക്തി വർദ്ധിപ്പിക്കുകയുമാണ് സംഘടന ലക്ഷ്യമിടുന്നതെന്നു പ്രസിഡന്റ് റോയ്കൊടുവത്ത് പറഞ്ഞു. ഐക്യത്തോടെയുള്ള പ്രവർത്തനം സംഘടനയുടെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

വൈസ് പ്രസിഡന്റ് മാത്യു നൈനാൻ ട്രഷറർ നെബുകുര്യാക്കോസ് ,ജോയിന്റ് സെക്രട്ടറി സിജു വി ജോർജ്,ജോയിന്റ് ട്രഷറർ പി ടി സെബാസ്ര്യൻ,ട്രഷറർ നെബുകുര്യാക്കോസ് എന്നിവരും സംഘടനയുടെ അടുത്ത വർഷത്തെ പരിപാടികൾ എങ്ങനെയായിരിക്കുമെന്ന് വ്യക്തമായ സൂചന നൽകി .ഐ സി ഇ സി പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്വം ഉറപ്പാക്കാൻ കേരള അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ അംഗങ്ങളെ ആഹ്വാനം ചെയ്തു. സെക്രട്ടറി തോമസ് ഈശോ നന്ദി പറഞ്ഞു

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# നഴ്സിന്റെ സ്ഥിതിയിൽ പുരോഗതി; 'ലീലാസ് ലോ'യ്ക്കായി നിവേദനം



വെസ്റ്റ് പാം ബീച്ച്: പാംസ് വെസ്റ്റ് ഹോപിറ്റലിൽ ക്രൂരമായി ആക്രമിക്കപ്പെട്ട മലയാളി നഴ്സ് ലീലാമ്മയുടെ സ്ഥിതി ഗുരുതരമായി തുടരുന്നുവെങ്കിലും നില അല്പമെല്ലാം മെച്ചപ്പെട്ടു. പുത്രി ഡോ. സിൻഡി ജോസഫിന്റെ അനുമതിയോടെ പുറത്തു വിട്ട ചിത്രത്തിൽ അവർ കട്ടിലിൽ ഇരിക്കുന്നതായി കാണാം. ഒരു കണ്ണിന്റെ കാഴ്ചക്ക് കുഴപ്പമില്ലാത്ത പോലെയാണ് തോന്നുക.

ആശുപത്രിയിലായ ഉടനെയുള്ള ചിത്രവും പങ്കു വച്ചു . അതുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ മാറ്റമുണ്ട്.

ആശുപത്രിക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് പുത്രി ഫേസ്ബുക് പോസ്റ്റിൽ പറഞ്ഞു. അതിനായി അറ്റോർണിയെ നിയോഗിച്ചു.

ഫെബ്രുവരി 18-ന് വെസ്റ്റ് പാം ബീച്ചിലെ എച്ച്സിഎ പാംസ് വെസ്റ്റിൽ തന്റെ ഇരട്ടി വലിപ്പമുള്ള ഒരു രോഗിയാൽ ആക്രമിക്കപ്പെട്ട എന്റെ അമ്മയ്ക്ക് നീതി തേടാൻ ഞങ്ങൾ ഒരു നിയമസംഘത്തെ നിയോഗിച്ചിട്ടുണ്ട്-അവർ കുറിച്ചു.

എച്ച്സിഎ ആശുപത്രി സംവിധാനത്തെക്കുറിച്ച്, പ്രത്യേകിച്ച് പാംസ് വെസ്റ്റിനേപ്പറ്റി എന്തെങ്കിലും വിവരങ്ങൾ ഉണ്ടെങ്കിൽ, ദയവായി അറിയിക്കണമെന്നും അവർ അഭ്യർത്ഥിച്ചു

താഴെപ്പറയുന്ന കാര്യങ്ങളാണ് തേടുന്നത്. ജീവനക്കാരുടെ സുരക്ഷാ ആശങ്കകൾ, പ്രത്യേകിച്ച് ജോലിസ്ഥലത്ത് സുരക്ഷിതരല്ലെന്ന് തോന്നിയിട്ടുണ്ടെങ്കിൽ അത്. ബേക്കർ ആക്ട് രോഗികളുമായുള്ള (മാനസിക പ്രശ്നമുള്ളവർ) മുൻകാല അനുഭവങ്ങളും അവരെ കൈകാര്യം ചെയ്യാൻ ഉപയോഗിച്ച നടപടിക്രമങ്ങളും; ആശുപത്രിയുടെ സെക്യൂരിറ്റി നടപടിക്രമങ്ങൾ അഥവാ അതിന്റെ അഭാവം.

സ്വകാര്യ സന്ദേശം അയയ്ക്കുകയോ justiceforleela@gmail.com എന്ന ഇമെയിലിൽ അയയ്ക്കുകയോ ചെയ്യാം .

പ്രാർത്ഥനയുടെ ശക്തിയാൽ ലീല അത്ഭുതകരമായി സുഖം പ്രാപിച്ചുവെന്ന് അറിയുന്നത് പ്രതീക്ഷ നൽകുന്നുവെന്നു ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡ ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞു. ആരോഗ്യ പ്രവർത്തകരുടെ, പ്രത്യേകിച്ച് നഴ്സുമാരുടെ സുരക്ഷയ്ക്കും അന്തസ്സിനും വേണ്ടിയുള്ള ശക്തമായ സന്ദേശമാണ് അവരുടെ ചിത്രങ്ങളും വിവരവും സോഷ്യൽ മീഡിയയിൽ പങ്കുവെച്ചുകൊണ്ട് പുത്രി നൽകുന്നത് . ആശുപത്രി പ്രോട്ടോക്കോളുകളിൽ മാത്രമല്ല, ആരോഗ്യ സംരക്ഷണ വിദഗ്ധരോടുള്ള സമൂഹത്തിന്റെ പെരുമാറ്റത്തിലും മാറ്റത്തിന്റെ ആവശ്യകത അത് എടുത്തുകാണിക്കുന്നു.

ആശുപത്രിയിൽ നിന്ന് 911 കോൾ വിളിച്ചപ്പോൾ നഴ്സിന്റെ സുരക്ഷയെക്കുറിച്ചു നടത്തിയ പരാമർശവും വ്യാപക വിമർശനത്തിനിടയാക്കി. 911 കോളിൽ 'ആ ഭാഗത്തെക്കുറിച്ച് എനിക്ക് ആശങ്കയില്ല' എന്ന പരാമർശം അസ്വസ്ഥതയുണ്ടാക്കുന്നു. നഴ്സുമാരോടും ആരോഗ്യ പ്രവർത്തകരോടും കൂടുതൽ ബഹുമാനത്തോടെ എങ്ങനെ പെരുമാറണമെന്നതിലേക്ക് ഇത് ശ്രദ്ധക്ഷണിക്കുന്നു, പ്രത്യേകിച്ച് വെല്ലുവിളി നിറഞ്ഞതും അപകടകരവുമായ തൊഴിൽ സാഹചര്യങ്ങളിൽ.

ഇതേ സമയം നഴ്സിംഗ് പ്രൊഫഷണലുകളെ സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ നിയമം ലീലയുടെ പേരിൽ ലീലാസ് ലോ (Leela's Law) ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ചേഞ്ച് ഡോട്ട് ഓർഗിൽ (change.org) ൽ നഴ്സായ ഷെറിൽ ടി.എച് പെറ്റീഷൻ ആരംഭിച്ചു.

മറ്റ് ജോലികളെ അപേക്ഷിച്ച് ഉയർന്ന രീതിയിൽ ജോലിസ്ഥലത്തെ അക്രമത്തിനു നഴ്സുമാർ വിധേയരാകുന്നുവെന്ന് ഗവൺമെന്റ് അക്കൗണ്ടബിലിറ്റി ഓഫീസ് (GAO) തന്നെ കണ്ടെത്തിയിട്ടുണ്ട് . പലപ്പോഴും അവർ നിരന്തരം ആക്രമിക്കപ്പെടുന്നു.

ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലെ അക്രമങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ നടപ്പിലാക്കണം. ഞങ്ങളെപ്പോലുള്ള സമർപ്പിതരായ വ്യക്തികൾക്ക് വ്യക്തിപരമായ സുരക്ഷയെ ഭയപ്പെടാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

ഈ പെറ്റീഷനിൽ ഒപ്പിടുന്നതിലൂടെ, ലീലയെ പിന്തുണയ്ക്കുക മാത്രമല്ല എല്ലാ ആരോഗ്യ സംരക്ഷണ പ്രൊഫഷണലുകൾക്കും വേണ്ടി നിലകൊള്ളുകയാണ്. ആരോഗ്യ പ്രവർത്തകനെതിരെ അക്രമം നടത്തുന്ന ഏതൊരാൾക്കും എതിരെ ഫെലനി കുറ്റം ചുമത്താൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

നഴ്സുമാർക്കൊപ്പം നിൽക്കുക. ലീലയുടെ നിയമത്തെ പിന്തുണയ്ക്കുക. ഈ നിവേദനത്തിൽ ഒപ്പിടുക.

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

**Business Continuation Planning**
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

**Retirement Planning**
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

**Employee Benefits Products**
Short-term and Long-term Disability Insurance
Health Insurance*

**Group Health insurance**
Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

**Wealth Communication**
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

**Family Protection**
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# കേസ് രാഷ്ട്രീയ പ്രേരിതം, ജഡ്ജിയും ഡി.എ. യും മാറി നിൽക്കണം: ജഡ്ജ് കെ.പി. ജോർജ്



ടെക്സസ്: തനിക്കെതിരേയുള്ള ആരോപണങ്ങൾക്ക് ശക്തമായ മറുപടിയുമായി ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ പി ജോർജ് രണ്ട് പേജുള്ള പ്രസ്താവന പുറത്തിറക്കി. കേസെടുത്ത ഡിസ്ട്രിക്ട് അറ്റോർണിയും കേസ് കേൾക്കുന്ന ജഡ്ജിയും അതിൽ നിന്ന് സ്വയം മാറി നിൽക്കണമെന്നും (recuse) ആവശ്യപ്പെട്ടു

എന്നാൽ ജോർജ് ഉന്നയിക്കുന്ന വാദങ്ങൾ കൃത്യമല്ലെന്ന് ചൂണ്ടിക്കാട്ടി ഫോർട്ട് ബെൻഡ് കൗണ്ടി ഡിഎയുടെ ഓഫീസും ഷെരീഫും രംഗത്തു വന്നു.

മറ്റൊരാളുടെ പേരിൽ വെബ് സൈറ്റ് ഉണ്ടാക്കി അതിലൂടെ വംശീയ ആരോപണങ്ങൾ ഉയർത്തി ഇലക്ഷനിൽ നേട്ടം കൊയ്യാൻ മുൻ ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്ന തരൽ പട്ടേൽ ശ്രമിച്ചു എന്നതിൽ നിന്നാണ് കേസിന്റെ തുടക്കം. സോഷ്യൽ മീഡിയയിൽ ആൾമാറാട്ടം നടത്തിയെന്ന ആരോപണമുന്നയിച്ച പോലീസ് പട്ടേലിനെ ഫെലനി ചാർജ് ചുമത്തി അറസ്റ് ചെയ്തു. ഈ വ്യാജപ്രചരണത്തിൽ പങ്കാളിയായെന്ന് ആരോപിച്ച് ജോർജിനെയും അറസ്റ്റു ചെയ്തു മിസ്ഡെമീണർ ചാർജ് ചുമത്തി. വൈകാതെ ജാമ്യവും നൽകി.

2022 ലെ പ്രചാരണ വേളയിൽ സഹതാപവും പിന്തുണയും നേടുന്നതിനായി ജോർജ്ജ് പട്ടേലുമായി സഹകരിച്ച് സോഷ്യൽ മീഡിയയിൽ വംശീയ കമന്റുകൾ പോസ്റ്റ് ചെയ്തതായി കുറ്റപത്രം ആരോപിക്കുന്നു.

കൗണ്ടി നിവാസികൾക്ക് എഴുതിയ നീണ്ട കത്തിൽ ജോർജ്ജ് തന്റെ നിരപരാധിത്വം പ്രഖ്യാപിക്കുകയും ആരോപണങ്ങൾ 'രാഷ്ട്രീയ പ്രേരിത'മാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

'തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടെ ആരും നിയമത്തിന് അതീതരല്ലെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പൊതുജനങ്ങളെ നല്ല വിശ്വാസത്തോടെ സേവിക്കുന്നവർക്കെതിരെ രാഷ്ട്രീയ പക്ഷപാതം കൂടാതെ നിയമം നീതിപൂർവ്വം ഉപയോഗിക്കണമെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. എന്റെ കുടുംബവും ഞാനും അനുഭവിക്കുന്നത് നീതിയല്ല - എന്നെ നിശബ്ദനാക്കാനും ഭീഷണിപ്പെടുത്താനും ഫോർട്ട് ബെൻഡ് കൗണ്ടിയിലെ ജനങ്ങൾക്ക് വേണ്ടി ഞാൻ ചെയ്ത പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താനും ലക്ഷ്യമിട്ടുള്ള, രാഷ്ട്രീയ പ്രേരിതമായ ആക്രമണമാണിത്,' പ്രസ്താവനയിൽ ജോർജ് പറഞ്ഞു.

താൻ അധികാര ദുർവിനിയോഗത്തിന് വിധേയനായി എന്ന് പറഞ്ഞ ജോർജ്, താൻ ഒരു യാത്ര കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ തന്റെ ഇലക്ട്രോണിക് ഉപകരണങ്ങൾ പിടിച്ചെടുത്തു എന്ന് ചൂണ്ടിക്കാട്ടി .

അഞ്ച് മാസങ്ങൾക്ക് ശേഷവും അവ ഇപ്പോഴും അവരുടെ കസ്റ്റഡിയിലാണ്. ഞാൻ ഒരു സാക്ഷി മാത്രമാണെന്നു ആദ്യം പറഞ്ഞു. പിന്നീട് പ്രതിയായി . ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഓഫീസിന്റെ അധികാരപരിധിയിൽ പെടാത്ത കുറ്റങ്ങൾ ആണ് എനിക്കെതിരെ ചുമത്തിയത്. ടെക്സസ് കോടതി ഓഫ് ക്രിമിനൽ അപ്പീൽസ് വിധി ലംഘിച്ചാണിത് . നിയമപരമായ അധികാരമില്ലെന്ന് മനസ്സിലാക്കിയപ്പോൾ, അവർ ടെക്സസ് എത്തിക്സ് കമ്മീഷനെ (TEC) ഉപയോഗിച്ച് അത് മുൻകാല പ്രാബല്യത്തോടെ ന്യായീകരിക്കാൻ ശ്രമിച്ചു. അവർ ഒറ്റരാത്രികൊണ്ട് നിയമങ്ങൾ മാറ്റി. കേസെടുക്കാവുന്ന അവസാന ദിവസം തിരക്കിട്ട് കുറ്റപത്രം

സമർപ്പിച്ചു. തുടർന്ന് കേസ് മാധ്യമങ്ങൾക്ക് ചോർത്തി. ഇത് നീതിയല്ല - ഇത് രാഷ്ട്രീയ പീഡനമാണ്.'

അറസ്റ്റിൽ അനുചിതമായ പെരുമാറ്റം ഉണ്ടായി. ദീർഘകാലമായി യുഎസ് പൗരത്വവും തിരഞ്ഞെടുക്കപ്പെട്ട സ്ഥാനവും ഉണ്ടായിരുന്നിട്ടും ICE യുടെ അനാവശ്യമായ തടഞ്ഞുവയ്ക്കൽ ഉണ്ടായി.

ജയിൽ വസ്ത്രം ധരിക്കാൻ നിർബന്ധിതനായെന്നും ഏകദേശം മൂന്ന് മണിക്കൂർ ജയിൽ സെല്ലിൽ അടച്ചെന്നും ജോർജ് പറഞ്ഞു.

'എന്റെ യുഎസ് പാസ്പോർട്ട് കണ്ടുകെട്ടി. താൻ രാജ്യം വിടാൻ സാധ്യതയില്ലെന്ന് വ്യക്തമാണ് . ഇപ്പോഴും അത് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിലാണ്. വളരെക്കാലമായി യുഎസ് പൗരത്വവും തിരഞ്ഞെടുക്കപ്പെട്ട സ്ഥാനവും ഉണ്ടായിരുന്നിട്ടും, എന്റെ ഇമിഗ്രേഷൻ സ്റ്റാറ്റസ് പരിശോധിക്കാൻ ഉദ്യോഗസ്ഥർ യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിനെ (ഐസിഇ) വിളിച്ചു. ഇത് വംശീയ വിവേചനത്തിന്റെ അതിരുകടന്ന പ്രവൃത്തിയായിരുന്നു,' ജോർജ്ജ് തുടർന്നു.

ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി എന്ന നിലയിൽ, ഡിസ്ട്രിക്ട് അറ്റോർണി ഓഫീസിന്റെയും ഡിസ്ട്രിക്ട് ജുഡീഷ്യറിയുടെയും ബജറ്റു മേൽനോട്ടം ഞാനാണ് വഹിക്കുന്നത്. ഇത് ഈ കേസിൽ ദോഷമായി ബാധിക്കുന്നു. കൂടാതെ, ഡിസ്ട്രിക്ട് അറ്റോർണി ബ്രയാൻ മിഡിൽടണും അനാവശ്യ വാറണ്ടിൽ ഒപ്പുവച്ച ഡിസ്ട്രിക്ട് ജഡ്ജി ക്രിസ്റ്റ്യൻ ബെസെറയും മുമ്പ് ഒരുമിച്ച് പ്രവർത്തിച്ചിരുന്നവരാണ്.

2026 ലെ കൗണ്ടി ജഡ്ജി തിരഞ്ഞെടുപ്പിൽ എനിക്കെതിരെ മത്സരിക്കുന്നതായി ജഡ്ജി ക്രിസ്റ്റ്യൻ ബെസെറ പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇത് കോൺഫ്ലിക്റ്റ് ഓഫ് ഇന്ററസ്റ്റിനെ കൂടുതൽ വഷളാക്കുന്നു. ജഡ്ജിമാർ എല്ലാ പ്രവർത്തനങ്ങളിലും അനുചിതത്വത്തിന്റെ പ്രത്യക്ഷത പോലും ഒഴിവാക്കണമെന്ന ചട്ടത്തിന്റെ ലംഘനമാണ്.

അതേസമയം ജയിലിൽ എത്തുന്നവർ അമേരിക്കയിൽ ജനിക്കാത്തവരാണെങ്കിൽ വിവരം ഐ സി .ഇ യെ അറിയിക്കുന്നത് സാധാരണ നടപടി ആണെന്ന് കൗണ്ടി ഷെരീഫ് എറിക് ഫാഗൻ പറഞ്ഞു. ജോർജിനെതിരെ ഐ.സി.ഇ നടപടി ഒന്നും ഉണ്ടായിരുന്നില്ല.

വാറന്റ് ഒപ്പിട്ടെന്നല്ലാതെ ജഡ്ജി ക്രിസ്റ്റ്യൻ ബെസെറ ഇപ്പോൾ ഈ കേസിന്റെ മേൽനോട്ടം വഹിക്കുന്നില്ലെന്ന് ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി സ്ഥിരീകരിച്ചു. കേസ് ജഡ്ജി ടീന വാട്സന്റെ കോടതിയിലാണ് .

ജോർജിന്റെ പ്രസ്താവനയെക്കുറിച്ചും ഡിഎ ഓഫീസ് പ്രസ്താവന പുറപ്പെടുവിച്ചു:

ഫോർട്ട് ബെൻഡ് കൗണ്ടിയിലെ ജനങ്ങളെ സേവിക്കുന്നതിനും നിയമം ഉയർത്തിപ്പിടിക്കുന്നതിനും ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഓഫീസ് പ്രതിജ്ഞാബദ്ധമാണ്.

കെ.പി. ജോർജിനെതിരായ ആരോപണങ്ങളിൽ അന്വേഷണം തുടരുകയാണ്. അദ്ദേഹത്തിന്റെ പ്രസ്താവന ഈ വിഷയത്തിൽ ഞങ്ങളുടെ നിലപാടിൽ മാറ്റമൊന്നും വരുത്തുന്നില്ല. അദ്ദേഹത്തിന്റെ പ്രസ്താവന പൊതുശ്രദ്ധ ഉണ്ടാക്കുമെന്നറിയാം. എന്നാൽ കോടതി നടപടികളെ സാരമായി ബാധിക്കുന്ന പരസ്യ പ്രസ്താവനകളിൽ നിന്ന് പ്രോസിക്യൂട്ടർമാർ വിട്ടുനിൽക്കണമെന്ന നിയമം ഞങ്ങൾ പാലിക്കുന്നു . വിചാരണ കോടതിയിൽ ഞങ്ങളുടെ വാദങ്ങൾ അവതരിപ്പിക്കുന്നത് തുടരുകയും ഞങ്ങൾ അഭിമാനത്തോടെ പ്രതിനിധീകരിക്കുന്ന സമൂഹത്തിന് നീതി തേടുകയും ചെയ്യും.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# ചരിത്രം കുറിച്ച് ഫൊക്കാന കേരളാ കൺവെൻഷൻ : റൂമുകൾ സോൾഡ് ഔട്ട്.




**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ഫൊക്കാന കേരളാ കൺവെൻഷൻ ഓഗസ്റ്റ് ഒന്ന് , രണ്ട് , മുന്ന് തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുമ്പോൾ അവിടെത്തെ റൂമുകൾ എല്ലാം സോൾഡ് ഔട്ട് ആയി . ഇത് ആദ്യമായാണ് ഫൊക്കാന കേരളാ കൺവെൻഷൻ ഒരു ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുന്നതും ഒരു ആഴ്ചക്കുള്ളിൽ മുഴുവൻ റൂമുകളും സോൾഡ് ഔട്ട് ആകുന്നതും എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു ആഴ്ചക്കുള്ളിൽ കേരളാ കൺവെൻഷന്റെ റൂമുകൾ സോൾഡ് ഔട്ട് ആകുന്നത്. മാറുന്ന ലോകത്തു മാറ്റത്തിന്റെ കാറ്റ് വീശി ഫൊക്കാന ഇന്ന് ജനഹൃദയങ്ങളിലേക്ക് ഇറങ്ങി വന്നിരിക്കുകയാണ്. ഫോക്കനയിലെ കൂട്ടായ പ്രവർത്തനം ഇന്ന് സംഘടനയെ ലോകത്തിലെ തന്നെ ഏറ്റവും വലിയതും , പ്രവർത്തനമികവ് ഉള്ള സംഘടനയായി മാറ്റി എന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

നാൽപത്തിരണ്ട് വർഷമായി അമേരിക്കൻ-കാനേഡിയൻ മലയാളികളുടെ സംഘടനയായ ഫൊക്കാന ഇന്ന് അതിനെ നയിക്കുന്നതും പരമ്പരാഗത രീതികളിൽ നിന്നും മാറ്റി ആളുകൾക്ക് താൽപ്പര്യമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത് എന്ന് ജനറൽ സെക്രട്ടറി

ശ്രീകുമാർ ഉണ്ണിത്താനും , ട്രഷർ ജോയി ചാക്കപ്പനും അഭിപ്രായപ്പെട്ടു.

കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ട് കേരളത്തിലെ തന്നെ ഫൈവ് സ്റ്റാർ നിലവാരമുള്ള ചുരുക്കം ചില റിസോർട്ടുകളിൽ ഒന്നാണ്. കേരളാ കൺവെൻഷന് വേണ്ടി മൂന്ന് ദിവസത്തേക്ക് ഗോകുലം ഗ്രാന്റ് റിസോർട്ട് മുഴുവനായി എടുക്കുകയായിരുന്നു . ആ മുഴുവൻ റൂമുകളും സോൾഡ് ഔട്ട് ആയി , ഇനിയും അടുത്തുള്ള റിസോട്ടുകളിൽ മാത്രമായിരിക്കും റൂമുകൾ അനുവദിക്കുകയുള്ളു .


അടുത്തിടെ പണികഴിഞ്ഞ ഈ റിസോർട്ട് ലോകത്തിലെ തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്ന റിസോർട്ടുകളിൽ ഒന്ന് കൂടിയാണ്. ആഗസ്റ്റ് ഒന്നും, രണ്ടും തീയതികളിൽ റിസോട്ടിൽ വെച്ചും മൂന്നാം ദിവസം നാനൂറിൽ അധികം ആളുകൾക്ക് ഇരിക്കാവുന്ന ബോട്ടിൽ വെച്ചുമാണ് കേരളാ കൺവെൻഷൻ .

വേമ്പനാട്ടു കായലിനോടു ചേർന്നു കാഴ്ചകൾ കണ്ടു തലചായ്ക്കാൻ വശ്യസുന്ദരമായ ഒരിടമാണ് ഗോകുലം ഗ്രാന്റ് റിസോർട്ട്. ആസ്വദിക്കാൻ പ്രകൃതി തന്നെയൊരുക്കുന്ന നിരവധി കാഴ്ചകളാണ് ഈ റിസോർട്ടിൽ നമ്മളെ കാത്തിരിക്കുന്നത് . കായൽ കാഴ്ചയും,പ്രകൃതി , നാടൻ വിഭവങ്ങളും, അടിപൊളി താമസവുമായി കേരളത്തിലെ സഞ്ചാരികളുടെ ഇഷ്ട ഡെസ്റ്റിനേഷനുകളിലൊന്നായ ഫൈവ് സ്റ്റാർ ഗോകുലം ഗ്രാന്റ് റിസോർട്ട് . ഈ റിസോർട് തന്നെ ഏറ്റവും വലിയ ഒരു അട്രാക്ഷൻ ആണ്.

വാട്ടർ ലഗൂൺ , സ്വിമ്മിങ് പൂൾ ,ഇൻഡോർ , ഔട്ട് ഡോർ ഗെയിംസ് , ഈവെനിംഗ് ക്രൂസ് , ബാമ്പു റാഫ്റ്റിങ്, ഫിഷിങ് , സ്പാ തുടങ്ങി നിരവധി എന്റർടൈമെന്റ് അടങ്ങിയതാണ് ഈ റിസോർട്ട് .

സമഗ്രമായ അവധിക്കാല അനുഭവങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ആണ് ഫൊക്കാന ഈ ഫൈവ് സ്റ്റാർ റിസോർട് തെരെഞ്ഞെടുത്തത് . ആധുനിക കാലത്ത് റിസോർട്ടുകൾ വിശാലമായ വിനോദസഞ്ചാരം വാഗ്ദാനം ചെയ്യാനുള്ള കഴിവാണ് റിസോർട്ടുകളെ പ്രിയങ്കരമാകുന്നത്. ഒരു റിസോർട്ട് മുഴുവൻ ആയി ഫൊക്കാനയുടെ കേരളാ കൺവെൻഷന് മൂന്ന് ദിവസത്തേക്ക് എടുക്കുന്നത് ആദ്യമായാണ് എന്ന് കേരളാ കൺവെൻഷൻ ചെയർ ജോയി ഇട്ടൻ അഭിപ്രായപ്പെട്ടു.

ഫൊക്കാന കേരളാ കൺവെൻഷൻ തനതായ രീതിയിൽ നടത്തുപോഴും അത് അമേരിക്കൻ മലയാളികളുടെ ഒരു വെക്കേഷൻ പാക്കേജ് എന്ന രീതിയിൽ




ആണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പങ്കെടുക്കുന്നവർക്ക് എല്ലാം മറന്നു മൂന്ന് ദിവസം, ഇത് ആഘോഷമാക്കാനാണ് ഫൊക്കാന കമ്മിറ്റി ശ്രമിക്കുന്നത്. ആദ്യത്തെ രണ്ട് ദിവസത്തെ പരിപാടികൾ റിസോർട്ടിൽ നടത്തുബോൾ മൂന്നാം ദിവസം ഫുൾ ഡേ ബോട്ടിലെ ആണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ഈ ബോട്ടുയാത്ര എല്ലാ പ്രായത്തിൽ ഉള്ളവർക്കും സന്തോഷകരമാക്കാൻ വേണ്ടിയുള്ള കലാപരിപാടികളും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ മുഖ്യ മന്ത്രി , ഗവർണർ , മന്ത്രിമാർ , കേന്ദ്രരത്തിലെ മന്ത്രിമാർ , കേന്ദ്ര പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി , എം , പി മാർ , എം .എൽ .എ മാർ , സാമൂഹ്യ പ്രവർത്തകർ , സിനിമ താരങ്ങൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കുന്ന ഈ കൺവെൻഷൻ ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല.

കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിലെ റൂമുകൾ ഇല്ലങ്കിലും തൊട്ടടുത്ത റിസോർട്ടിൽ ബുക്ക് ചെയ്യുവാൻ സാധിക്കുന്നതാണ് .

ഇത് ആദ്യമായാണ് ഒരു ആഴ്ചക്കുള്ളിൽ ഒരു റിസോർട്ടിലെ മുഴുവൻ റൂമുകളും ബുക്കട് ആവുന്നത്. ഇത് ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ആളുകൾ കേരളാ കൺവെൻഷന് അമേരിക്കയിൽ നിന്നും പങ്കെടുക്കുന്നതും അവർ മുന്നേകൂട്ടി റൂമുകൾ ബുക്ക് ചെയ്യുന്നതും. ഇതിന് വേണ്ടി അഹോരാത്രം പ്രവർത്തിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി ,സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ ,എക്സി .വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള , ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്, കേരളാ കൺവെൻഷൻ ചെയർ ജോയി ഇട്ടൻ എന്നിവർ അറിയിച്ചു.

# ഫോമാ വെസ്റ്റേൺ റീജിയൻ പ്രവർത്തനങ്ങൾക്ക് ഉജ്ജ്വല തുടക്കം




കാലിഫോർണിയ : 2024 – 2026 കാലയളവിലെ ഫോമായുടെ വെസ്റ്റേൺ റീജിയന്റെ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഫെബ്രുവരി പതിനഞ്ചാം തീയതി വൈകിട്ട് കാലിഫോർണിയയിലെ ലോസ് ആഞ്ചലസിൽ,

റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫോമ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലയ്ക്കലോടി, ജോയിൻ സെക്രട്ടറി പോൾ ജോസ്, അഡ്വൈസറി ബോർഡ് ചെയർ സ്റ്റാൻലി കളത്തിൽ എന്നിവർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. നിറഞ്ഞ സദസ്സിന് സ്വാഗതമേകി റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫ് റീജിയനിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ ഒന്നൊന്നായി വിശദീകരിച്ചു . ദീർഘവീക്ഷണമുള്ള നേതാക്കളുടെ കാഴ്ചപ്പാടുകൾ ഒന്നുകൊണ്ടുമാത്രമാണ് ഇത്രയും ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ ഫോമാ എന്ന നമ്മുടെ സംഘടനയെ ആഗോളതലത്തിൽ തന്നെ ജനപ്രീയമാക്കുവാൻ കഴിഞ്ഞതെന്ന് അദ്ദേഹം സ്വാഗതപ്രസംഗത്തിൽ എടുത്തു പറഞ്ഞു. ഈ പരിപാടി ഇത്രയധികം വിജയകരമാക്കുവാൻ മറ്റു റീജിയനുകളിൽ നിന്നും പങ്കെടുക്കാനെത്തിയ അസോസിയേഷൻ ഭാരവാഹികളെയും, നിർലോഭം സഹായസഹകരണം ലഭ്യമാക്കിയ സ്പോൺസർമാരെയും അദ്ദേഹം സദസ്സിന് പരിചയപ്പെടുത്തി .

അമേരിക്കൻ ഐക്യനാടുകളിലായി പടർന്ന് കിടക്കുന്ന എൺപത്തേഴ് മലയാളി അസോസിയേഷനുകളാണ് ഫോമായുടെ നട്ടെല്ല്. സാമ്പത്തിക ഭാരമുള്ള വലിയ വലിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ ഫോമായ്ക്ക് പ്രചോദനം നൽകുന്നത് നിങ്ങൾ ഓരോരുത്തരും അംഗങ്ങളായ അസോസിയേഷനുകളുടെ സഹായം കൊണ്ടാണെന്നു ഉദ്ഘാടന പ്രസംഗത്തിൽ സിജിൽ പാലയ്ക്കലോടി അറിയിച്ചു . നാഷണൽ തലത്തിൽ നടത്തുന്ന ഫോമാ പദ്ധതികളെ കുറിച്ച് ബൈജു വർഗീസ് വിശദീകരിച്ചു. ഫോമാ ഇപ്പോൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഹെൽത്ത്കാർഡ് സംബന്ധമായ ഗൈഡ്‌ലൈനുകൾ ഫോമാ ജോയിന്റ് സെക്രട്ടറി പോൾ ജോസ് വിശദീകരിച്ചു. ഫോമായുടെ നിലവിലെ റീജിയനിൽ നിന്നുള്ള നാഷണൽ കമ്മറ്റി അംഗങ്ങളായ സാജൻ മൂലേപ്ലാക്കിൽ , ജോർജ് കുട്ടി പുല്ലാപ്പള്ളി , സുജ ഔസോ, ഡോക്ടർ മഞ്ജു പിള്ള, എന്നിവരും, ജുഡീഷ്യൽ കൗൺസിൽ മെമ്പറും റീജിയണൽ വൈസ് ചെയർമാനുമായ ജോസഫ് ഔസോ, എന്നിവരും എല്ലാ റീജിയണൽ ഭാരവാഹികളും, അസോസിയേഷൻ പ്രസിഡന്റന്മാരും റീജിയന്റെ പരിപാടികൾക്ക് ആശംസകൾ അറിയിച്ചു. റീജിയണൽ ബിസിനസ് ചെയർ ആയ ബിജു സ്കറിയ വരുന്ന നവംബറിലും മാർച്ചിലും ലാസ് വെഗാസിലും സിയാറ്റിലുമായി നടത്തുന്ന ബിസിനസ് മീറ്റിംഗുകളെ കുറിച്ച് വിശദീകരിച്ചു. മറ്റു റീജിയൻ ഭാരവാഹികളായ സെക്രട്ടറി സജിത്ത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ കൊച്ചുപുരയ്ക്കൽ , രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, ജാസ്മിൻ പരോൾ, ഷോണാ സാജൻ, ഷോൺ പരോൾ, സർഗം പ്രസിഡണ്ട് വിൽസൺ നെച്ചിക്കാട്ട്, ഇൻലാൻഡ് എംപെയർ മലയാളി അസോസിയേഷൻ പ്രസിഡൻറ് ബൈജു വിതയത്തിൽ , വാലി മലയാളി അസോസിയേഷൻ പ്രസിഡൻറ് ലോജ ലോണ, കേരള അസോസിയേഷൻ ഓഫ് ലോസ് ഏഞ്ചൽസ് സെക്രട്ടറി സണ്ണി നാടുവിലേക്കൂട്ട്, ഒരുമ മലയാളി അസോസിയേഷൻ സെക്രട്ടറി സിജു എബ്രഹാം എന്നിവരും ഈ പരിപാടിയുടെ വിജയത്തിനായി നേതൃത്ീവം വഹിച്ചു .

മറ്റു നേതാക്കളായ മാത്യു തോമസ്, രാജു ഏബ്രഹാം, റോയ് മണ്ണിക്കരോട്ട്, മനു തുരുത്തിക്കാടൻ, മർഫി കുര്യാക്കോസ്, ജോസഫ് സ്കറിയ, ടോയ് ആന്റണി, ജോൺസൺ ചീക്കംപാറയിൽ, ബിജു പി.ജോർജ്, സജി കപ്പാട്ടിൽ, ബാലകൃഷ്ണൻ മുല്ലച്ചേരി, എന്നിവരുടെ സജീവ സാന്നിധ്യം ഏറെ ശ്രദ്ധയാ

കർഷിച്ചു. മിലി, ജയൻ നായർ & ഫാമിലി, ജീവൻ നായർ & ഫാമിലി, അനീഷ് & ഫാമിലി, മഹേഷ് നായർ, നിർമ്മൽ പള്ളിച്ചാടത്ത്, ജോബി പൗലോസ്, സിറിൽ ജോൺ, ജോർജ് പുളിച്ചമാക്കിൽ, ബൈജു ആന്റണി, അബിൻ വർഗീസ്, ലിൻസൺ വർഗീസ്, എന്നിവരെ പ്രത്യേകം അനുമോദിക്കുകയുണ്ടായി. കാലിഫോർണിയയിലെ മിസ്സ് കാനഡ്യൻ ഹിൽസ് കിരീടം ജേതാവായ എലൈൻ സജിയെ സദസിൽ ഫോമാ ആദരിച്ചു . വർണ്ണശോഭയോടെ ആരംഭിച്ച ഉദ്ഘാടന പരിപാടികൾ ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെ ഹാളിലേക്ക് ഹർഷാരവത്തോടെ പ്രവേശിച്ചത് പുതുമയുള്ള അനുഭവമായി . കേരളത്തനിമ വിളിച്ചോതുന്ന വർണ്ണവിതാനങ്ങൾ മനസിന് കുളിർമയേകി . തുടർന്ന് നടന്ന കുടുംബസംഗമത്തിൽ നയനാന്ദകരമായ വിവിധതരം കലാപരിപാടികൾ അരങ്ങേറി . ആര്യയുടെ സാക്സഫോണിൽ നിന്നൊഴുകിവന്ന ശ്രീതിമധുരമായ മ്യൂസിക്കും , ബിജുവും എലൈനും ചേർന്നൊരുക്കിയ സംഗീത നിശയും പരിപാടികൾക്ക് കൊഴുപ്പേകി . മിനി ബൈജു, ആഗ്നസ് ബിജു, ഡോക്ടർ രശ്മി സജി , സെൽബി കുര്യാക്കോസ് എന്നിവർ ചടങ്ങിന്റെ മാസ്റ്റേഴ്സ് ഓഫ് സെറിമണിയായി (ങഇ) പരിപാടികൾ ഭംഗിയായി നിയന്ത്രിച്ചു . ജനപങ്കാളിത്തം കൊണ്ട് വന്പിച്ച വിജയമായ ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സുഭക്ഷമായ വിരുന്നുമൊരുക്കിയിരുന്നു . വെസ്റ്റേൺ റീജിയന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽ കൂടി കൂട്ടിച്ചേർത്തതായി റീജിയൻ ചെയർ റെനി പൗലോസ് നന്ദി പ്രമേയത്തിൽ അറിയിച്ചു. വെസ്റ്റേൺ റീജിയണിലെ നാഷണൽ കമ്മിറ്റി അംഗങ്ങളുടെയും റീജിയണൽ കമ്മിറ്റി അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് മാത്രമാണ് ഉദ്ഘാടന ചടങ്ങ് വൻ വിജയകരമാക്കിയതെന്ന് റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫ് സമാപനയോഗത്തിൽ വ്യക്തമാക്കി.

വാർത്ത : ബിജു പന്തളം.




















In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# ചിക്കാഗോ എക്യൂമെനിക്കൽ കൗൺസിലിന് നവ നേതൃത്വം – 2025



**(P R O 'S സാം തോമസ് തെക്കനാൽ, ജോൺസൻ വള്ളിയിൽ )**

നാല് പതിറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുള്ള ചിക്കാഗോ ക്രൈസ്തവ എപ്പിസ്കോപ്പൽ സഭകളുടെ ഐകവേദിയായ 'എക്യൂമെനിക്കൽ കൌൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോ ', ഈ വർഷത്തെ കൈസ്ഥാന സമിതിയെ തിരഞ്ഞെടുത്തു.

മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ ഫെബ്രുവരി 18 നു കൂടിയ ചിക്കാഗോ എക്യൂമെനിക്കൽ കൗൺസിലിന്റെ 2024/2025 സംയുക്ത യോഗത്തിൽ കൗൺസിൽ പ്രസിഡന്റ് റെവ ഫാദർ സ്കറിയ തേലാപ്പള്ളിൽ കോർ എപ്പസ്കോപ്പയുടെ അഭാവത്തിൽ ,വൈസ് പ്രസിഡന്റ് റവ ജോ വർഗീസ് മലയിൽ അച്ചൻ അധ്യക്ഷത വഹിച്ചു.

മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയ് ആലപ്പാട്ട് എന്നിവർ രക്ഷാധികാരികൾ ആയിട്ടുള്ള കൗൺസിലിന്റെ പുതിയ നടപ്പ് വർഷത്തേക്ക് താഴെ പറയുന്ന അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് : റവ. ഫാ . തോമസ് മാത്യു, (സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്ൾസ് ചർച്ച്)

വൈസ് പ്രസിഡന്റ് റവ .ബിജു യോഹന്നാൻ (ചിക്കാഗോ മാർ തോമാ ചർച്ച്)

സെക്രട്ടറി: അച്ചൻകുഞ്ഞ് മാത്യു (ചിക്കാഗോ മാർ തോമാ ചർച്ച്)

ജോയിന്റ് സെക്രട്ടറി : ബെഞ്ചമിൻ തോമസ് (സെന്റ് മേരീസ്  മലങ്കര കാതലിക് ചർച്ച്)

ട്രഷറർ : ജോർജ് മാത്യൂ (സെന്റ് പീറ്റേഴ്സ് ജേക്കബൈറ്റ് സിറിയൻ ചർച്ച്)

ജോയിന്റ് ട്രഷറർ : സിനിൽ ഫിലിപ്പ് (സെന്റ് മേരീസ് ഓർത്തഡോക്ൾസ് ചർച്ച്)

വിമൻസ് ഫോറം കൺവീനർ: ജോയ്സ് ചെറിയാൻ (സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്ൾസ് കത്തീഡ്രൽ)

യൂത്ത് ഫോറം ചെയര്മാന് റവ. ജോ വർഗീസ് മലയിൽ (സി എസ് ഐ ക്രൈസ്റ്റ് ചർച്ച്)

യൂത്ത് ഫോറം കൺവീനർ :റോഡ്നി സൈമൺ (സെന്റ് മേരീസ് ക്നാനായ ചർച്ച്)

ഓഡിറ്റർ : ആന്റോ കവലയ്ക്കൽ (സിറോ മലബാർ കത്തീഡ്രൽ)

മീഡിയ & പബ്ലിസിറ്റി: സാം തോമസ് (സി എസ് ഐ കോൺഗ്രിഗേഷൻ)

മീഡിയ & പബ്ലിസിറ്റി: ജോൺസൻ വള്ളിയിൽ (സെന്റ് തോമസ് മാർ തോമാ ചർച്ച്)

കഴിഞ്ഞ വർഷത്തെ പ്രോഗാമുകൾ വിശകലം ചെയ്തതിനുശേഷം സെക്രട്ടറി ശ്രീ പ്രേംജിത് വില്യംസ് 2024 ലെ വാർഷിക റിപ്പോർട്ട്, ട്രെഷറര് ശ്രീ ജേക്കബ് ജോർജ് കണക്കുകൾ അവതരിപ്പിക്കുകയും കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്തു.

കഴിഞ്ഞ രണ്ടു വർഷകാലം കൗൺസിലിന്റെ പ്രോഗ്രാമുകൾക്കു വിജയകരമായി ചുക്കാൻ പിടിച്ച പ്രേംജിത് നെ പ്രതേകം അനുമോദിക്കുകയും മറ്റു സ്ഥാനങ്ങൾ അലങ്കരിച്ച ഏവരെയും കൌൺസിൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു .

നിയുക്ത പ്രസിഡന്റ് പുതു വർഷത്തെ കൗണ്സിലിന്റെ കർമ്മ പരിപാടികൾക്ക് ഏവരുടെയും സാന്നിധ്യ സഹകരങ്ങൾ അഭ്യർത്ഥിച്ചു. പ്രാർത്ഥനയ്ക്കും ആശിർവാദത്തിനും ശേഷം മീറ്റിംഗ് അവസാനിച്ചു. ലെജിസ്ലേറ്റർ, ജയഹുസ്റ്റ്  വീണ്ടും ചെയർ മാനായി തിരഞ്ഞെടുക്കപ്പെട്ടു.

ലെജിസ്ലേറ്ററെന്ന നിലയിൽ ഡോ. ആനി പോളിന്റെ കഴിഞ്ഞ പതിമൂന്നു  വർഷത്തെ പ്രവർത്തനങ്ങൾ മുഖ്യധാരയിലും ഇന്ത്യൻ സമൂഹത്തിലും ഏറെ അഭിനന്ദനം നേടിയിരുന്നു. മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് (MWBE) എന്ന സ്പെഷൽ കമ്മിറ്റി രൂപീകരിച്ചത് ആനി പോളിന്റെ നിർദേശ പ്രകാരമാണ്. കഴിഞ്ഞ വര്ഷം ഹെൽത്ത് ആൻഡ് വെൽനെസ്സ് എന്ന കമ്മിറ്റിയും ആനിപോളിന്റെ നിർദ്ദേശപ്രകാരമാണ് ആരംഭിച്ചത്.

# ‘മുത്തിയമ്മ’ കവിതാ സമാഹാരം പ്രകാശനം ചെയ്തു



ഗൾഫ് ഒന്റാരിയോ : പ്രവാസി എഴുത്തുകാരനും കവിയുമായ ടോം എറത്തിന്റെ ‘മുത്തിയമ്മ‘ എന്ന കവിതാ സമാഹാരം പ്രശസ്ത സംവിധായകനും കലാകാരനുമായ ടോമിൻ ഡിസിൽവയും , റെവ.ഫാദർ ബോബി ജോയിയും ചേർന്ന് പ്രകാശനം ചെയ്തു . ഒന്റാറിയോയിൽ ഗൾഫ് സിറ്റിയിൽ നടന്ന ചടങ്ങിൽ വെച്ചാണ് പ്രകാശനം നിർവഹിച്ചത്

കാനഡയിൽ ചാർട്ടേർഡ് അക്കൗണ്ടന്റായി (CPA,) ഇപ്പോൾ ജോലി ചെയ്യുന്ന ടോം ഏറത്തു കവി , കഥാകൃത്ത്, എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ‘സന്ധ്യയായി ഉഷസായി ഒന്നാം ദിവസം‘ എന്ന നോവലിന്റെ രചയിതാവാണ്. കൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിരവധി കഥകളും , കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഒന്റാരിയോയിലെ കലാ - സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിധ്യമാണ് .

‘മുത്തിയമ്മ‘ പതിനാലു കവിതകളുടെ ഒരു സമാഹാരമാണ് . അതിൽ ഏറ്റവും വലിയ കവിതയാണ് മുത്തിയമ്മ . സമൂഹത്തിൽ പണ്ടും ഇപ്പോഴും നടമാടിക്കൊണ്ടിരിക്കുന്ന ചില അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ,അതോടൊപ്പമുള്ള ചൂഷണവും എങ്ങനെ പാവപെട്ട മനുഷ്യമനസുകളെ സ്വാധീനിക്കുന്നു എന്നതാണ് ഈ കവിതയുടെ ഇതിവൃത്തം .

‘നല്ല നനുനനുത്ത മഞ്ഞിൻ കണങ്ങൾ വീഴുന്നത് ദുരെ നിന്നും കാണുവാൻ നല്ല രസമാണ്. അപ്പോൾ പലതരം ഓർമ്മകൾ ഓടിയെത്തും , ചെറുപ്പകാലവും , നമ്മുടെ ഇല്ലായ്മകളും , പ്രശനങ്ങളുമെല്ലാം അവിടെ അലിഞ്ഞു ഇല്ലാതെയാകുന്നു‘ - ടോം തന്റെ കവിതയിലൂടെ കുറിക്കുന്നു.

വര്ഷങ്ങളായി കേരളത്തിലെ ഒരു കൂട്ടം ജനതയുടെ പേടിസ്വപ്നമായ മുല്ലപെരിയാറും ; കേരള ജനതയും ഭരണകുടവും ഒന്നിച്ചു നിന്ന് ഒരു പുതിയ ഡാം മുല്ലപ്പെരിയാറിൽ കെട്ടിപ്പടുക്കണം എന്ന എല്ലാവരുടെയും ആവശ്യവും ഈ ചെറിയ കവിതയിൽ അടിവരയിട്ട് പറയുന്നു .

ഗീതകം ബുക്ക്സ് ആണ് കവിത സമാഹാരം പബ്ലിഷ് ചെയ്തത്.

# പ്രവീൺ വിടവാങ്ങിയിട്ട് 11 വർഷം;

## കണ്ണീരോർമ്മകളുമായി കുടുംബം




ഇല്ലിനോയി: പ്രവീൺ വർഗീസ് മരിച്ചിട്ട് 11 വർഷം. ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ 30 വയസ്. കണ്ണീരുണങ്ങാത്ത ഓർമ്മകളുമായി പ്രവീണിന്റെ കുടുംബം ഇത്തവണയും കാർബൺഡെയ്‌ലിൽ സതേൺ ഇല്ലിനോയി യൂണിവേഴ്സിറ്റിയിൽ (ടകഡ) എത്തി. പ്രവീൺ മരിച്ച നിലയിൽ കാണപ്പെട്ട പ്രദേശം കനത്ത മഞ്ഞിൽ മൂടി കിടന്നതിനാൽ സമീപത്തു പാർക്കിങ് ലോട്ടിൽ പ്രവീണിന്റെ ചിത്രത്തിന് മുന്നിൽ മെമ്മോറിയൽ ഒരുക്കി അവർ പ്രാർത്ഥിച്ചു.

തുടർന്ന് യൂണിവേഴ്സിറ്റിയിലെത്തി പ്രവീണിന്റെ ഓർമ്മക്കായി ക്രിമിനൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിൽ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് വിതരണം ചെയ്തു.

കാണാതായി അഞ്ചു ദിവസത്തിന് ശേഷം 2014 ഫെബ്രുവരി 18 -നു ആണ് റൂട്ട് 13 ന്റെ അതിർത്തിയിലുള്ള കാട്ടിൽ നിന്ന് പ്രവീണിന്റെ മൃതദേഹം കണ്ടെത്തിയത്. ഇന്ത്യൻ സമൂഹത്തെ നടുക്കിയ സംഭവമായിരുന്നു അത്. ചിക്കാഗോയിൽ നിന്നുള്ള പ്രവീൺ സതേൺ ഇല്ലിനോയി യൂണിവേഴ്സിറ്റിയിൽ ക്രിമിനൽ ജസ്റ്റീസ് വിദ്യാർത്ഥിയായിരുന്നു.

അനുസ്മരണ ചടങ്ങിൽ പോലീസ് ഉദ്യോഗസ്ഥർ അടക്കം ഏകദേശം 60 പേർ പങ്കെടുത്തു. അമ്മ ലവ്‌ലി വർഗീസ്, പിതാവ് മാത്യു വർഗീസ്, സഹോദരിമാരായ പ്രിയ, പ്രീതി, മറ്റു കുടുംബാംഗങ്ങൾ എന്നിവർ മഞ്ഞുമൂടിയ പാതയിലൂടെ മൃതദേഹം കണ്ടെത്തിയ സ്ഥലത്തിനു സമീപത്തെത്തി. പ്രവീണിന്റെ പ്രിയപ്പെട്ട സ്തുതിഗീതത്തോടെ പ്രാർത്ഥന ആരംഭിച്ചു. പ്രവീണിന്റെ ഛായാചിത്രത്തിന് സമീപം തണുത്തുറഞ്ഞ നിലത്ത് ബന്ധുക്കൾ മുട്ടുകുത്തി. കുടുംബാംഗങ്ങൾ പരസ്പരം ആലിംഗനം ചെയ്തു.



പ്രവീണിന്റെ കേസ് അന്വേഷിച്ച ഡിറ്റക്ടീവ് മകനോടൊപ്പം വന്നു. ഈ കേസ് താൻ എല്ലാ ദിവസവും ചിന്തിക്കുന്ന ഒന്നാണെന്നും തന്റെ മകൻ നിങ്ങളെ കാണട്ടെ എന്ന് കരുതിയാണ് കൂടെ കൂട്ടിയതെന്നും അദ്ദേഹം ലവ്‌ലി വർഗീസിനോട് പറഞ്ഞു.

പ്രവീണിന്റെ കേസ് പോലീസ് വകുപ്പിനെ മാറ്റിമറിച്ചുവെന്നും ഒരു കേസിനെ എങ്ങനെ സമീപിക്കണമെന്ന് പഠിപ്പിക്കാൻ ഈ സംഭവം ഉപയോഗിക്കുന്നുവെന്നും കാർബൺഡെയ്ൽ പോലീസ് ചിഫ് റെനോ പറഞ്ഞു.

ആക്ടിംഗ് ഡെപ്യൂട്ടി ചീഫ് വില്യംസ്, ഡിറ്റക്ടീവ് വീസ്റൺബെർഗർ, മറ്റ് ചില ഉദ്യോഗസ്ഥർ എന്നിവരും എത്തി. ഗിർമർ പോലീസ് ചീഫ് ഗ്രബ്സ്, മുൻ ഇല്ലിനോയി ലഫ് ഗവർണർ ഷീല സിമോൺ എന്നിവരും പങ്കെടുത്തു .

എസ്ഐയു ഡീൻ മോറൻ, സ്റ്റുഡന്റ് ഡീൻ ഡോ. ബർഗിൻ, ക്രിമിനൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് ഹെഡ് ബർഗിൻ, ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർമാർ എന്നിവരും പ്രാർത്ഥനയിലും സ്കോളർഷിപ്പ് വിതരണത്തിലും പങ്കെടുത്തു.

കാമ്പസിൽ നടന്ന പരിപാടിയിൽ, യൂണിവേഴ്സിറ്റി ക്രിമിനൽ ജസ്റ്റിസ് പ്രോഗ്രാം പ്രവീൺ വർഗീസ് മെമ്മോറിയൽ സ്കോളർഷിപ്പ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇതുവരെ പ്രവീണിന്റെ കുടുംബമാണ് സ്കോളർഷിപ്പ് നല്കിവന്നത്. ഇനി മുതൽ അത് യൂണിവേഴ്സിറ്റിയുടേതാക്കി.

ചടങ്ങിൽ ക്രിമിനൽ ജസ്റ്റീസ് വിദ്യാർത്ഥിനിയായ ഡിലൻ ഫെൽറ്റി സ്കോളർഷിപ്പ് ഏറ്റു വാങ്ങി.







വറുഗീസ് കുടുംബത്തിന്റെ അടുത്ത സുഹൃത്തും 'റിയാലിറ്റി ചെക്കിന്റെ' മുൻ അവതാരകയുമായ മോണിക്ക സുക്കാസും ലവ്‌ലിയും ചേർന്നായിരുന്നു സ്കോളർഷിപ്പ് ജേതാവിനെ തെരെഞ്ഞെടുത്തിരുന്നത്. തങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചാൽ സ്കോളർഷിപ്പ് നിന്ന് പോകുമല്ലോ എന്ന ചിന്തയിൽ നിന്നാണ് അത് യൂണിവേഴ്സിറ്റിയുടെ ഭാഗമാക്കി മാറ്റിയത്

ഇല്ലിനോയിയിലെ ഹെറിനിൽ വളർന്ന ഫെൽറ്റി, കാണാതായ പ്രവീണിന്റെ പോസ്റ്റർ കുട്ടിക്കാലത്ത് കണ്ടത് അനുസ്മരിച്ചു. 'എനിക്ക് എട്ട് വയസ്സുള്ളപ്പോൾ അദ്ദേഹത്തെ കാണാതായി. അന്ന് പോസ്റ്റർ കണ്ടത് ഇപ്പോഴും ഓർക്കുന്നു. ഇപ്പോൾ, 11 വർഷത്തിന് ശേഷം, എനിക്ക് അദ്ദേഹത്തിന്റെ പേരിൽ ഒരു സ്കോളർഷിപ്പ് ലഭിക്കുന്നു. ഇത് അവിശ്വസനീയമായ ഒരു ബഹുമതിയാണ്,' അവർ പറഞ്ഞു.

ക്രിമിനൽ ജസ്റ്റിസ് പ്രോഗ്രാമിലേക്കുള്ള ഫെൽറ്റിയുടെ സംഭാവനകളെ SIU ഫാക്കൽറ്റി അംഗങ്ങൾ പ്രശംസിച്ചു. SIU-വിലെ പ്രൊഫസറായ ഡോ. ബെർഗൻ, ക്രിമിനൽ ജസ്റ്റിസ് അസോസിയേഷനിലെ പ്രോഗ്രാം അംബാസഡറായും ഓഫീസറായും ഫെൽറ്റിയുടെ പങ്ക് എടുത്തുപറഞ്ഞു.

പോലീസ് ചീഫ്മാരായ റെനോയും വില്യംസും യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരും ചേർന്ന് ഫെൽറ്റിക്ക് അവാർഡ് സമ്മാനിച്ചു, വിദ്യാഭ്യാസത്തിലൂടെ പ്രവീണിന്റെ പാരമ്പര്യത്തെ ആദരിക്കേണ്ടതിന്റെ പ്രാധാന്യം അവർ ഊന്നിപ്പറഞ്ഞു.

പിന്തുണയ്ക്ക് ലവ്‌ലി വർഗീസ് നന്ദി പറഞ്ഞു. '11 വർഷങ്ങൾ കടന്നുപോയി, ഞാൻ ഇവിടെ വരുമ്പോഴെല്ലാം പുറമെ ഒന്നും മാറിയതായി കാണുന്നില്ല. പക്ഷേ ഈ സമൂഹത്തിൽ മാറ്റങ്ങൾ കാണുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പോലീസ് വകുപ്പുമായി ഞങ്ങൾക്ക് ഇത്രയധികം ബന്ധം ഉണ്ടാകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.'

പ്രവീണിന്റെ മരണം സംബന്ധിച്ച കേസ് ഇപ്പോഴും കോടതിയിലുണ്ടെന്ന് ലവ്‌ലി പറഞ്ഞു.

സംഭവദിവസം ഒരു പാർട്ടിയിൽ പങ്കെടുത്ത് മടങ്ങുമ്പോൾ പ്രവീണിന് റൈഡ് കൊടുത്തത് ഗെയ്ജ് ബഥൂൻ (23) എന്ന അപരിചിതനായിരുന്നു. ഇടക്കു വച്ച് അവർ തമ്മിൽ ഉണ്ടായ വഴക്കിനെ തുടർന്ന് ബെഥൂൻ പ്രവീണിനെ ക്രൂരമായി മർദിക്കുകയും കാട്ടിലേക്കോടിയ പ്രവീൺ അവിടെ മരിക്കുകയും ചെയ്തു എന്നായിരുന്നു കേസ്.

തന്റെ വസ്തുക്കൾ അപഹരിക്കാൻ പ്രവീൺ ശ്രമിച്ചെന്നും അപ്പോഴാണു ചെറിയ തോതിൽ ഉന്തും തള്ളും ഉണ്ടായതെന്നുമാണു ബെഥൂൻ അവകാശപ്പെട്ടത്. എന്നാൽ ക്രൂരമായ ആക്രമണമാണു ഉണ്ടായതെന്നു പ്രതിഭാഗം ചൂണ്ടിക്കാട്ടി.


പോലീസ് എഴുതിത്തള്ളാനിരുന്ന കേസ് ലാവ്‌ലി വർഗീസ് നടത്തിയ ഒറ്റയാൾ പോരാട്ടത്തിലാണ് പുനരുജ്ജീവിപ്പിക്കപ്പെട്ടത്. ഒടുവിൽ പ്രവീൺ വർഗീസിന്റെ (19) മരണത്തിനു ഉത്തരവാദി ഗെയ്ജ് ബഥൂൻ (23) ആണെന്നു ജൂറി വിധിച്ചു. ഫസ്റ്റ് ഡിഗ്രി കൊലപാതകത്തിനു കുറ്റവാളിയെന്നു ജൂറി കണ്ടെത്തിയ ബഥൂനു 20 മുതൽ 60 വർഷം വരെ ശിക്ഷ ലഭിക്കാം.

കടുത്ത തണുപ്പിൽ പ്രവീൻ മരിച്ചു എന്നാണു ആദ്യത്തെ പോസ്റ്റ് മോർട്ടം നടത്തിയ ഡോക്റ്റർ എഴുതിയത്. എന്നാൽ മ്രുതദേഹത്തിൽ പരുക്കുകൾ കണ്ടതിനെ തുടർന്നു കുടുംബം രണ്ടാമതും പോസ്റ്റ മോർട്ടം നടത്തിച്ചു. അതിൽ മർദനമാണു മരണ കാരണമെന്നു കണ്ടെത്തി. ഇതേത്തുടർന്ന് ലവ്‌ലി വർഗീസ് അധിക്രുതർക്കെതിരെ രംഗത്തു വന്നു. ഒടുവിൽ സ്പെഷൽ പ്രോസിക്യൂട്ടറെ സ്റ്റേറ്റ് ഏർപ്പെടുത്തുക ആയിരുന്നു

കുറ്റക്കാരനായി ജൂറി പ്രഖ്യാപിച്ചുവെങ്കിലും 'അറിഞ്ഞുകൊണ്ട്' (നോവിംഗ്ലി) എന്നൊരു വാക്ക് കഴിഞ്ഞാണ് കോമ എന്നും, അത് ജൂറിയെ തെറ്റിധരിപ്പിച്ചിരിക്കാം എന്നും പറഞ്ഞ് ജഡ്ജി ജൂറിയുടെ തീരുമാനം പിന്നീട് റദ്ദാക്കി. പുതിയ വിചാരണയും പ്രഖ്യാപിച്ചു. പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു.

അതിനെതിരേ പ്രോസിക്യൂഷൻ അപ്പീലിനു പോയി. എന്നാൽ അത് സ്റ്റേറ്റ് അറ്റോർണി ജനറൽ അംഗീകരിച്ചില്ല. അതിനാൽ കോടതി അപ്പീൽ പരിഗണിച്ചില്ല. എങ്കിലും കേസ് ഇപ്പോഴും നിലനിൽക്കുന്നു.

പ്രവീണിനെ കൊന്നതാണെന്നു തെളിഞ്ഞ സാഹചര്യത്തിൽ പ്രതികാരം തങ്ങളുടെ ലക്ഷ്യമല്ലെന്നു ലാവ്‌ലി വർഗീസ് പറഞ്ഞു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# വിശ്വാസത്തിന്റെ ആഘോഷമായി ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ: മാർ ജോയി ആലപ്പാട്ട്







ന്യു യോർക്ക്: നാലര പതിറ്റാണ്ടിലേറെയായി ക്രൈസ്തവ വിശ്വാസവും മാനവികതയും പരിപോഷിപ്പിച്ചു പോരുന്ന ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ 2025 ലെ പ്രവർത്തന ഉദ്ഘാടനവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും സീറോ മലബാർ ചിക്കാഗോ രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് നിർവ്വഹിച്ചു.

പ്രസിഡന്റ് റോയ് ആന്റണി അധ്യക്ഷത വഹിച്ചു. സീറോ മലബാർ ബ്രോങ്ക്സ് വികാരി ഫാ. കുര്യാക്കോസ് വടാന, സീറോ മലബാർ റോക്ക്‌ലാൻഡ് വികാരി ഫാ. സ്റ്റീഫൻ കണിപ്പിള്ളിൽ, റോക്ക്‌ലാൻഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ എന്നിവർ അതിഥികളായി പങ്കെടുത്തു .

1994 ൽ അമേരിക്കയിൽ വന്നകാലം മുതൽ ഇന്ത്യ കാത്തലിക് അസോസിയേഷന്റെ പ്രവർത്തനങ്ങളെ അകലെനിന്നും അടുത്തുനിന്നും വീക്ഷിച്ച് അതിൽ സന്തോഷിക്കുന്ന വ്യക്തിയാണ് താനെന്ന് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് അനുസ്മരിച്ചു. മലയാളം കുർബാന കൂടുവാനുള്ള ആഗ്രഹത്താൽ പ്രേരിതമായി രൂപംകൊണ്ട അസോസിയേഷനിൽ അതിന് അനുബന്ധമായി മറ്റു പരിപാടികൾ നടത്തിക്കൊണ്ട് ഐക്യം ദൃഢപ്പെടുത്തിയതും അദ്ദേഹം ഓർമ്മിച്ചു.

നാട്ടിൽ നിന്ന് കുടിയേറിയപ്പോൾ നഷ്ടപ്പെട്ട പലതിന്റെയും കുറവ് ഈ അസോസിയേഷനിൽ ഒരുമിച്ച് വന്നുകൊണ്ടാണ് പരിഹരിച്ചത് വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ട് കലാപരിപാടികളിൽ കാണുമ്പോൾ നാട്ടിലെ ആഘോഷങ്ങളിലുള്ള അതേ സന്തോഷമാണ്. വിശ്വാസത്തിന്റെ ആഘോഷമാണത്. ക്രിസ്തീയ വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത് സാർവത്രികവും ഏകവും പരിശുദ്ധവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു എന്നാണ്.

സംഘടനയിലൂടെ ചാരിറ്റി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആത്യന്തിക ലക്ഷ്യം കാത്തലിക് വിശ്വാസത്തിന്റെ ആഘോഷമാണ്. ഒരു ഞെട്ടിൽ വിരിഞ്ഞ മൂന്നുപൂക്കളാണ് സഭ – സീറോ മലബാർ സഭ, മലങ്കര സഭ, ലാറ്റിൻ സഭ എന്നിവ.

ഒരാൾ കാത്തലിക് ആണെന്ന് പറയുമ്പോൾ വലിയൊരു സമൂഹത്തെയാണ് അയാൾ പ്രതിനിധാനം ചെയ്യുന്നത്. പലതരത്തിൽ വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ ചേരുമ്പോഴാണ് ഒരു പൂന്തോട്ടം മനോഹരമായി തീരുന്നത്. ഒരുപൂവ് മാത്രമേ ഉള്ളുവെങ്കിൽ പൂന്തോട്ടം മനോഹരമെന്ന് വിശേഷിപ്പിക്കാനാകില്ല. അതുപോലെയാണ് ഭിന്ന ആചാരങ്ങളുള്ള ക്രിസ്തീയ വിശ്വാസം.

ആഘോഷങ്ങൾ, പ്രാർത്ഥനകൾ എന്നിങ്ങനെ വൈവിധ്യങ്ങൾകൊണ്ടാണ് കാത്തലിക് വിശ്വാസം നിലകൊള്ളുന്നത്. ഒരുവൻ അവന്റെ സ്വത്വം മറക്കാൻ പാടുള്ളതല്ല. സാർവ്വത്രിക സഭ മനോഹരമാകുന്നത് ഓരോരുത്തരും ജന്മംകൊണ്ട സഭയുടെ വിശ്വാസപ്രമാണങ്ങൾ പരിപോഷിപ്പിക്കുമ്പോഴാണ്. രൂപതകളും ഇടവകകളും രൂപപ്പെടുന്നത് സങ്കുചിതത്വമായി കണക്കാക്കേണ്ടതില്ല. വിശാലതയിൽ നിന്നുതന്നെ വേണം അതിനെയും കാണാൻ. നാനാത്വത്തിൽ ഏകത്വമാണ് സഭ വിശ്വാസികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

സ്വത്വത്തെ തിരിച്ചറിഞ്ഞുകൊണ്ട് ശക്തിയാർജ്ജിക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. സാർവ്വത്രിക സഭയുടെ ഭാഗം എന്ന നിലയിൽ ആഘോഷങ്ങൾക്കായി ഒത്തുചേരണം. അമേരിക്കയിലെ മലയാളികളെ സംബന്ധിച്ച് അവരുടെ മക്കളെയോർത്ത് ധാരാളം വിഷമങ്ങളുണ്ട്. നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പൊതുസ്വഭാവം ഉള്ളതുകൊണ്ട് കൂട്ടായ ചർച്ച






തരണം ചെയ്യുന്നതായും അദ്ദേഹം അറിയിച്ചു.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റോയ് ആന്റണിയുടെ രണ്ടാം വരവ് അനുഗ്രഹപ്രദമാകട്ടെ എന്ന് ഫാ. സ്റ്റീഫൻ കണിപ്പിള്ളിൽ ആശംസിച്ചു. സംഘടനയെ ശരിയായ ദിശയിൽ നയിക്കാൻ ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ എന്നും അദ്ദേഹം പറഞ്ഞു. ഈ കാലഘട്ടത്തിൽ ഇന്ത്യ കാത്തലിക് അസോസിയേഷൻ പോലുള്ള സംഘടനകൾ സഭയ്ക്ക് ആവശ്യമാണെന്നും കത്തോലിക്കർ എന്ന ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കാൻ സംഘടനയ്ക്കാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. സഭയുടെയും സമുദായത്തിന്റെയും മൂല്യങ്ങൾ വളർത്തിക്കൊണ്ടുവരാൻ സംഘടനയിലൂടെ സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

യിലൂടെ പരിഹാരം കണ്ടെത്താമെന്നും ബിഷപ്പ് പറഞ്ഞു.

പ്രമുഖരും പ്രശസ്തരുമായവർ നാലര പതിറ്റാണ്ടായി അലങ്കരിച്ചുവരുന്ന പ്രസിഡന്റ് കസേരയിൽ തുടർച്ചയായി രണ്ടാം തവണയും ഇരിക്കാൻ അനുഗ്രഹം നൽകിയ ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് പ്രസിഡന്റ് റോയ് ആന്റണി സംസാരിച്ചുതുടങ്ങിയത്. ബോർഡ് ഓഫ് ട്രസ്റ്റിക്കും ജനറൽ ബോഡിക്കും അദ്ദേഹം നന്ദി അറിയിച്ചു.

ബിഷപ്പ് ജോയ് ആലപ്പാട്ട് പിതാവ്, ഫാ.സ്റ്റീഫൻ കണിപ്പിള്ളിൽ , റോക്‌ലാൻഡ് കൗണ്ടി ലെജിസ്‌ളേറ്റർ ഡോ. ആനി പോൾ, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ലിജോ ജോൺ, സ്ഥാനമൊഴിഞ്ഞ ട്രസ്റ്റി ചെയർ പോൾ ജോസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ബോർഡ് ഓഫ് ട്രസ്റ്റി അംഗങ്ങൾ, ബോർഡ് ഓഫ് ഡയറക്ടർസ്, മുൻ പ്രസിഡന്റുമാർ, മുൻ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻമാർ തുടങ്ങിയവരെ പ്രസിഡന്റ് റോയ് ആന്റണി സ്വാഗതം ചെയ്തു.

രൂപതകൾ വന്നതിന് ശേഷം ഞാനും എന്റെ ഇടവകയും എന്ന സങ്കുചിത ചിന്ത ഉടലെടുത്തെന്നും അവിടെയാണ് ഇന്ത്യ കാത്തലിക് അസോസിയേഷൻ പ്രസക്തമാകുന്നതെന്നും റോയ് ആന്റണി പറഞ്ഞു. സിറോ മലബാർ, സിറോ മലങ്കര, ലാറ്റിൻ സഭ എന്നിവയുടെയെല്ലാം സംയുക്ത കൂട്ടായ്മയാണ് ഇന്ത്യ കാത്തലിക് അസോസിയേഷൻ. പഴയ ബന്ധങ്ങൾ പുതുക്കാനും ഏവരെയും ഒന്നിച്ചുകാണുവാനുമുള്ള വേദി. കഴിഞ്ഞ ഒരു ദശകത്തിലേറെയായി ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് സംഘടന ഊന്നൽ നൽകുന്നത്. ഫാ.ചിറമ്മേലിന്റെ ചാരിറ്റി പ്രസ്ഥാനത്തിന്റെ അമേരിക്കൻ അംബാസഡറാകാൻ ലിജോ ജോൺ പ്രസിഡന്റായിരുന്ന കാലം മുതൽ സംഘടനയ്ക്ക് അസുലഭമായ ഭാഗ്യം ലഭിച്ചു. ആറേഴുവർഷമായി സംഘടന ആ പ്രസ്ഥാനത്തെ ശക്തമായി പിന്തുണയ്ക്കുകയും സഹായം എത്തിക്കുകയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ വർഷം, ലോങ് ഐലന്റിലുള്ള എക്കോ എന്ന സംഘടനയുമായി ചേർന്ന് 18000 ഡോളർ ചിറമ്മേൽ അച്ചന്റെ പ്രസ്ഥാനത്തിന് നൽകി. കഴിഞ്ഞ നാലുവർഷങ്ങളിൽ സിസ്റ്റർ റോസ്‌ലിന്റെ നേതൃത്വത്തിൽ തെരുവിൽ കിടക്കുന്ന നിർധനരായ സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി പുനലൂരിൽ നടത്തുന്ന 'സ്നേഹതീരത്തിനും' സംഘടന അകമഴിഞ്ഞ സംഭാവന നൽകുന്നുണ്ട്. കോട്ടയത്തുള്ള ക്രൈസ്തവ വിശ്വാസിയും സാമൂഹിക സേവകനുമായ പി.യു.തോമസിന്റെ നവജീവനുവേണ്ടിയും കങ്ങഴയിലുള്ള 'ആകാശപ്പറവകൾ' എന്ന പ്രസ്ഥാനത്തിനും കൈത്താങ്ങ് നൽകുന്നുണ്ട്.






കഴിഞ്ഞ വർഷം 25000 ഡോളറാണ് ഇത്തരം ക്ഷേമപ്രവർത്തനങ്ങൾക്ക് സംഘടന നൽകിയത്. സംഘടനയിലെ അംഗങ്ങളുടെ സഹകരണമാണ് ഇത്തരം പ്രവർത്തനങ്ങൾ സാധ്യമാക്കിയതെന്ന് റോയ് ആന്റണി അഭിപ്രായപ്പെട്ടു. അംഗബലംകൊണ്ട് തങ്ങളേക്കാൾ മുൻപന്മാരായ സംഘടനകൾ ഉണ്ടെങ്കിലും സേവനതല്പരതയിലും സഹജീവികളുടെ കണ്ണീരൊപ്പുന്നതിലും ഇന്ത്യൻ കാത്തലിക് അസോസിയേഷൻ മാതൃകയായി നിലകൊള്ളുന്നതിലെ അഭിമാനവും പ്രസിഡന്റ് പങ്കുവച്ചു. ഒരു അമേരിക്കൻ മലയാളി ഒരു ദിവസത്തെ കാപ്പി വേണ്ടെന്നുവയ്ക്കുന്നതിലൂടെ ലാഭിക്കുന്ന ഒരു ഡോളർ, കേരളത്തിൽ എത്തിയാൽ ഒരു ദിവസം ഒരു കുടുംബത്തിലെ രണ്ടുപേർക്ക് ഭക്ഷണത്തിനുള്ള വകയാകുമെന്നും, ഇങ്ങനെ കഴിവിനനുസരിച്ച് ഡോളർ നീക്കിവയ്ക്കാൻ ചാരിറ്റി ബോക്സ് വി

വിശിഷ്ടാതിഥികളെ ചെണ്ടമേളത്തോടും താലപ്പൊലിയോടും എതിരേറ്റതോടെയാണ് റോക്ക്‌ലാൻഡ് ഹോളി ഫാമിലി ഹാളിൽ പരിപാടികൾക്ക് തുടക്കം കുറിച്ചത്.

ജെയിംസ് ഇളമ്പുരയിടത്തിൽ ആമുഖ പ്രസംഗം നടത്തി. ഷാജി ജോസഫ് പ്രാർത്ഥനാഗാനമാലപിച്ചു. സത്യപ്രതിജ്ഞക്കും കൈമാറ്റത്തിനും ഏവരെയും ആന്റോ വർക്കി വേദിയിലേക്ക് ക്ഷണിച്ചു.

സ്ഥാനമൊഴിയുന്ന ബിഒടി ചെയർമാൻ പോൾ ജോസ് പുതിയ ചെയർ ലിജോ ജോണിന് റെക്കോർഡുകൾ കൈമാറി. ബി.ഓടി അംഗമായി കെ. ജെ. ഗ്രിഗറിയും സത്യപ്രതിജ്ഞ ചെയ്തു.

എംസിമാരായി സ്വപ്ന മലയിലിനേയും ലൈസ്സി അലക്സിനെയും ഷാജി സക്കറിയ പരിചയപ്പെടുത്തി. സെക്രട്ടറി തോമസ് പ്രകാശ് ഏവർക്കും സ്വാഗതമാശംസിച്ചു.

തുടർന്ന് ദീപം തെളിയിക്കാൻ അതിഥികളെയും ഭാരവാഹികളെയും ജോസ് മലയിൽ ക്ഷണിച്ചു. ബിഒടി ചെയർമാൻ സ്ഥാനമൊഴിഞ്ഞ പോൾ ജോസിനു മാർ ആലപ്പാട്ട് പ്ലാക്ക് നൽകി ആദരിച്ചു. ഈസ്റ്റർ പരിപാടിയുടെ ടിക്കറ്റ് കിക്കോഫും അദ്ദേഹം നിർവഹിച്ചു. തുടർന്നാണ് ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ഫോട്ടോ അനാച്ഛാദനം ചെയ്തത്.

തുടർന്ന് നടന്ന കലാപരിപാടികളിൽ ഗ്ലോബൽ മുദ്ര സ്കൂൾ ഓഫ് ആർട്സ്, റിയയും സംഘവും, നേഹയും ആബിയും നൃത്തങ്ങൾ അവതരിപ്പിച്ചു. ട്രഷറർ മാത്യു ജോസഫ് നന്ദി പറഞ്ഞു.

# ഫാ. ജോസ് കണ്ടത്തിക്കുടി എന്നും ജനമനസ്സിൽ

## ചിത്രം മാർ ജോയി ആലപ്പാട്ട് അനാച്ഛാദനം ചെയ്തു



ന്യു യോർക്ക്: ജനങ്ങളോടൊപ്പം ജീവിച്ച ഫാ. ജോസ് കണ്ടത്തിക്കുടി എക്കാലവും ജനമനസുകളിൽ ജീവിക്കുമെന്ന് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്. അമേരിക്കയിൽ സീറോ മലബാർ സഭയെ വളർത്തുന്നതിൽ മുഖ്യപങ്കു വഹിച്ചവരിലൊരാളായ കണ്ടെത്തിക്കുടി അച്ചന്റെ ആദ്യതട്ടകമായ റോക്ക് ലാൻഡിലെ ഹോളി ഫാമിലി ചർച്ചിൽ അദ്ദേഹത്തിന് വേണ്ടി അനുസ്മരണ ബലി അർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബ്രോങ്ക്സ് സെന്റ് തോമസ് ചർച്ച് വികാരി ഫാ. കുര്യാക്കോസ് വടാനയും ഹോളി ഫാമിലി റോക്ക്ലാൻഡ് വികാരി ഫാ. സ്റ്റീഫൻ കണിപ്പിള്ളിയും സഹകാർമ്മികത്വം വഹിച്ചു.

കുർബാനക്ക് ശേഷം നടന്ന ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ ഉദ്ഘാടന ചടങ്ങിൽ കണ്ടത്തിക്കുടി അച്ചന്റെ ഫോട്ടോ മാർ ആലപ്പാട്ട് അനാച്ഛാദനം ചെയ്തു.

താൻ അമേരിക്കയിൽ എത്തിയ അതേ കാലഘട്ടത്തിൽ തന്നെയാണ് കണ്ടത്തിക്കുടി അച്ചനും ഇവിടെ എത്തിയതെന്ന് ബിഷപ്പ് അനുസ്മരിച്ചു . അദ്ദേഹം ആദ്യം ചിക്കാഗോയിലായിരുന്നു. പിന്നീട് റോക്ക് ലാൻഡിൽ വന്നു.

സിറോ മലബാറിന്റെ കേന്ദ്രമായി ന്യൂയോർക്കിനെ വളർത്തണമെന്ന് അദ്ദേഹം എന്നും ആഗ്രഹിച്ചിരുന്നു. ആദ്യകാലത്ത് പല ദേവാലയ അധികാരികളെയും അദ്ദേഹം സമീപിച്ചു. ന്യു ജേഴ്സിയിൽ നിന്ന് താൻ വാഷിംഗ്ടൺ ഡിസിയിലേക്കു പോയപ്പോൾ ന്യു മിൽഫോർഡിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. എങ്കിലും ന്യു യോർക്ക് ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.



ജനങ്ങളോടൊപ്പം പ്രവർത്തിക്കാനും സാധാരണക്കാരെ മനസിലാക്കാനും കാര്യങ്ങൾ പഠിപ്പിക്കാനും അവരോടൊപ്പം ആയിരിക്കുവാനും അച്ചൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ ഊർജ്ജം ജനങ്ങളായിരുന്നു. ഏവരെയും മുന്നോട്ടുനയിക്കാനും ഒരുമിച്ചു കൊണ്ടുപോകാനും അദ്ദേഹം പ്രത്യേക പാടവം പ്രകടിപ്പിച്ചു. പലതും അദ്ദേഹത്തിൽ നിന്ന് കണ്ടുപഠിക്കാൻ സാധിച്ചതായും ബിഷപ്പ് അനുസ്മരിച്ചു.

ബ്രോങ്ക്സിൽ ആദ്യമായൊരു ദേവാലയം ലഭിച്ചതും അച്ചന്റെ നിരന്തര പരിശ്രമം കൊണ്ടായിരുന്നു. ട്രൈസ്റ്റേറ്റ് ഏരിയയിൽ വിശ്വാസികളുടെ മനസ്സുകളിൽ ഇത്രയധികം ഇടം നേടിയെടുത്ത മറ്റൊരച്ചനില്ല. അതിനുകാരണം അദ്ദേഹത്തിന്റെ അറിവും ഇടപെടുന്ന രീതിയുമായിരുന്നു. ഇടയന്മാർ ആടുകളുടെ മണമുള്ളവർ ആയിരിക്കണമെന്നാണ് മാർപ്പാപ്പ പറഞ്ഞത്. അത്തരത്തിൽ കുർബാനയ്ക്ക് വരുന്നവരെ പേരെടുത്ത് വിളിക്കാൻ മാത്രമുള്ള ബന്ധം അച്ചൻ സ്ഥാപ

ിച്ചിരുന്നു.

2001 മാർച്ച് 13 ന് വളരെപ്പേരുടെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായാണ് ജോൺ പോൾ മാർപ്പാപ്പ അമേരിക്കയിലൊരു രൂപത സ്ഥാപിക്കാൻ അനുവാദം നൽകിയത്. പ്രാരംഭഘട്ടത്തിൽ രൂപതയെ എതിർത്തവരും നിഷേധിച്ചവരും അതുവേണ്ടെന്നും പറഞ്ഞവരും ഉണ്ടായിരുന്നു.

ആ അനുഭവം ന്യൂജേഴ്സിയിൽ നിന്നുകൊണ്ട് താൻ മനസ്സിലാക്കിയതിനാൽ മറ്റ് ഇടങ്ങളിലും സമാനമായ അവസ്ഥ ഉണ്ടായിട്ടുണ്ടെന്ന് അറിയാമെന്ന് ബിഷപ്പ് ജോയ് ആലപ്പാട്ട് പറഞ്ഞു. രൂപതയ്ക്കായി പ്രയത്നിച്ചവരിലെ മണ്മറഞ്ഞ അച്ചന്മാരെയും ബിഷപ്പ് സ്മരിച്ചു.

കണ്ടെത്തിക്കുടി അച്ചൻ 75 വയസിൽ വിരമിച്ച ശേഷവും ഒരു പുരോഹിതന്റെ പകുതി ശമ്പളം പെൻഷൻ പോലെ നൽകി വന്നിരുന്നു. അദ്ദേഹത്തിന്റെ രോഗാവസ്ഥ മാനിച്ച് 1000 ഡോളറോളം നൽകിയിരുന്നു.

മാതൃരൂപതയായ മാനന്തവാടിയിൽ പോയെങ്കിലും മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനായാണ് അദ്ദേഹം വീണ്ടും അമേരിക്കയിലേക്ക് വന്നത്. അമേരിക്കയിലെ നഴ്സിംഗ് ഹോമിലാണ് അദ്ദേഹം ശിഷ്ടകാലം ചിലവഴിച്ചത്.

സാധാരണയായി അച്ചന്മാരുടെ മരണശേഷം അവർ ഒന്നും എഴുതിവയ്ക്കാത്തത് വലിയ തലവേദന സൃഷ്ടിക്കാറുണ്ട്. സ്വന്തം മരണത്തിൽ അങ്ങനൊരു ബുദ്ധിമുട്ട് മറ്റുള്ളവർ അനുഭവിക്കാതിരിക്കാൻ എല്ലാം എഴുതിവച്ചിട്ടാണ് അദ്ദേഹം പോയത്. ഷോളി കുമ്പിളുവേലിനു പവർ ഓഫ് അറ്റോർണിയും നൽകി.

അച്ചന്റെ വാക്കുകളും മാർഗ്ഗനിർദ്ദേശങ്ങളും എന്നും വിശ്വാസികളെ മുന്നോട്ടുനയിക്കട്ടെ എന്ന് ബിഷപ്പ് ആഗ്രഹം പ്രകടിപ്പിച്ചു.









# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.


- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# തരൂരിന്റെ തമാശ





(രാജു മൈലപ്രാ)

'അത്തിപ്പഴം പഴുക്കുമ്പോൾ കാക്കക്കു വായിൽ പുണ്ണ്'- എന്നു പറഞ്ഞുപോലെയാണ് കേരളത്തിലെ കോൺഗ്രസിന്റെ ഇന്നത്തെ അവസ്ഥ. അടുത്തവരുന്ന പ്രാദേശിക തിരഞ്ഞെടുപ്പിലും, അസംബ്ലി ഇലക്ഷനിലും അധികാര ഭൂരിപക്ഷം നേടാനുള്ള എല്ലാ സാഹചര്യങ്ങളും അവർക്ക് അനുകൂലമാണ്. അതവരുടെ മേന്മ കൊണ്ടൊന്നുമല്ല. ഇപ്പോൾ നിലവിലുള്ള ഭരണവിരുദ്ധ വികാരം മൂലമാണ്.

അനുയായികളേക്കാൾ ഏറെ നേതാക്കന്മാരുള്ള ഒരു പ്രസ്ഥാനമാണ് കോൺഗ്രസ് പാർട്ടി. അതാണ് പ്രശ്നം. ഭരിക്കുവാനുള്ള ഭൂരിപക്ഷം ഏതാണ്ട് ഉറപ്പാണ് എന്നൊരു തോന്നൽ ഉണ്ടായപ്പോൾ തുടങ്ങിയാണ് 'ആര് മുഖ്യമന്ത്രിയാകും?' എന്നൊരു ചർച്ച. ഒളിഞ്ഞും തെളിഞ്ഞും പലരും കളത്തിലിറങ്ങിയിട്ടുണ്ട്.

സ്വാഭാവികമായും താനാണ് ആ പദവിക്ക് അർഹനെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കരുതുന്നു. വളരെ ചെറുപ്പം മുതലേ കെ.പി.സി.സി പ്രസിഡന്റ്, ആഭ്യന്തര മന്ത്രി, പ്രതിപക്ഷ നേതാവ് തുടങ്ങിയ പദവികളെല്ലാം വഹിച്ചിട്ടുള്ള താനാണ് ആ സിംഹാസനത്തിൽ ആസന്നസ്ഥനാകാൻ പരമ യോഗ്യനെന്ന് രമേശ് ചെന്നിത്തല വിശ്വസിക്കുന്നു. 'എന്നെപ്പോലെ നല്ല നാലു വർത്തമാനം നേരെ നോക്കി പറയുവാൻ നിനക്കൊക്കെ നട്ടെല്ലുണ്ടോടാ?' എന്ന ഗർജ്ജനവുമായി കണ്ണൂരിലെ കോൺഗ്രസ് കോട്ടയ്ക്ക് കാവൽ നിൽക്കുന്ന കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരനും മസിലു പടിച്ച് നിൽക്കുന്നു. ഘടകകക്ഷിയിലെ മുസ്‌ളീം ലീഗ് നേതാവ് കുഞ്ഞാപ്പയ്ക്കും മുഖ്യമന്ത്രിക്കസേരയിലേക്കൊരു കണ്ണുണ്ട്.

'ആ കട്ടില് കണ്ട് ആരും പനിക്കേണ്ട' എന്ന താക്കീതുമായി ഹൈക്കമാൻഡ് ഗേറ്റ് കീപ്പർ കെ.സി വേണുഗോപാലും പടിവാതിക്കലുണ്ട്.

കോൺഗ്രസിന്റെ ഹൈക്കമാൻഡ് എന്നു പറഞ്ഞാൽ രാഹുൽ ഗാന്ധിയാണ്. രാഹുല് തീരുമാനിക്കും, പ്രിയങ്ക സപ്പോർട്ട് ചെയ്യും, സോണിയാജി മൗന സമ്മതം മൂളും. അതാണ് 'എല്ലാം ഹൈക്കമാൻഡ്' തീരുമാനിക്കും എന്നു പറയുന്നതിന്റെ അർത്ഥം.

'പോളിറ്റ് ബ്യൂറോയുടെ' പ്രവർത്തനവും ഏതാണ്ട് ഇതേ രീതിയിലാണ്. താഴെത്തട്ടു മുതൽ ചർച്ചയോട് ചർച്ച. അവസാനം നിർദേശങ്ങളെല്ലാം പോളിറ്റ് ബ്യൂറോയിലെത്തും. 'ചോദ്യങ്ങളൊന്നും ഇങ്ങോട്ട് വേണ്ട – സ്രാങ്ക് പറയും– നിങ്ങൾ അനുസരിക്കും.' മുഖ്യൻ കണ്ണുരുട്ടും. അനുയായികൾ അഭിപ്രായമൊന്നും പറയാതെ പഞ്ചപുച്ഛമടക്കി എല്ലാം കേട്ട് തലകുലുക്കി സമ്മതിച്ച് സ്ഥലംവിടും.

അങ്ങിനെ കേരളത്തിലെ കോൺഗ്രസുകാർ തമ്മിലടിച്ചും, പാരവെച്ചും തട്ടീം മുട്ടീം ഒരുവിധമൊക്കെ കഴിഞ്ഞു പോരുകയായിരുന്നു.

അപ്പോഴാണ് നമ്മുടെ 'വിശ്വപൗരൻ' കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷിൽ ഒരു പത്രലേഖനം എഴുതിയത്. 'ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ അനുകൂല സാഹചര്യമുള്ള സംസ്ഥാനമാണ് കേരളം. ഈ സർക്കാരിന്റെ കാലത്ത് മൂന്നര ലക്ഷം പുതിയ വ്യവസായ സംരംഭങ്ങളാണ് ഇവിടെ തുടങ്ങിയത്. ഇടത് സർക്കാരിന് എന്റെ അഭിനന്ദനങ്ങൾ'.

ഇതു കേട്ട് തലയുള്ളവർ ചുറ്റുമൊന്ന് നോക്കിയിട്ട് തലതല്ലി ചിരിച്ചു. കോൺഗ്രസുകാർ ആദ്യമൊന്നും ഈ പ്രസ്താവന



**ശരിക്കുമൊന്നാലോചിച്ചാൽ, തരൂരിന് പറ്റിയ തട്ടകം അമേരിക്ക തന്നെയാണ്. ഇവിടെ നമ്മൾ മലയാളികൾക്ക് ഫൊക്കാന, ഫോമാ എന്നീ രണ്ട് മഹത്തായ ദേശീയ സംഘടനകളുണ്ട്. ഒരേ ലക്ഷ്യം– ഒരേ മാർഗ്ഗം . രണ്ടു വർഷം കഴിഞ്ഞ് നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സ്ഥാനാർത്ഥികൾ ഇതിനോടകം തന്നെ അരയും തലയും മുറുക്കി ഗോദായിലിറങ്ങിക്കഴിഞ്ഞു. അണിയറയിൽ ചില വനിതാ രത്നങ്ങൾ ഉൾപ്പടെയുള്ള സ്ഥാനാർത്ഥികൾ രംഗപ്രവേശനം നടത്താൻ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന പിന്നാമ്പുറ വാർത്തയുമുണ്ട്.**

അത്ര ഗൗനിച്ചില്ല. പക്ഷെ കമ്യൂണിസ്റ്റുകാർ ഇത് ഏറ്റുപിടിച്ച് ആഘോഷിച്ചപ്പോഴാണ് 'എവിടെയോ എന്തോ ഒരു പന്തികേട്' എന്നവർക്ക് പിടികിട്ടിയത്.

തരൂര് പിടി ഒന്നൂകൂടി മുറുക്കി: 'കേരളത്തിലെ കോൺഗ്രസുകാർ എല്ലാം മണക്കൂസുകളാണ്. ഒരു നാറിക്കും ഇംഗ്ലീഷ് വായിച്ചാൽ മനസ്സിലാകില്ല. എല്ലാം തികഞ്ഞ ഒരു കോൺഗ്രസുകാരൻ ഞാൻ മാത്രം. എന്നെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടി തെരഞ്ഞെടുപ്പിനെ നേരിടൂ. എന്നാൽ വലിയ വിജയം സുനിശ്ചിതമാണെന്ന് പല അഭിപ്രായ സർവ്വെകളും ഊന്നിപ്പറയുന്നു.'

ഇതിങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ? അതുവരെ തമ്മിലടിച്ച് നടന്നവരെല്ലാം കൂടി. തരൂരിനെ എതിർക്കുന്ന കാര്യത്തിൽ ഒറ്റക്കെട്ടായി.

വായിൽ തോന്നിയത് കോതയ്ക്ക് പാട്ടെന്ന് പറഞ്ഞുപോലെ, തികച്ചും അനാവശ്യമായ കമന്റുകൾ അനവസരത്തിൽ പടച്ചുവിടുന്നത് തരൂരിന്റെ ഒരു ഹോബിയാണ്.

സംഗതി കൈവിട്ട് പോയെന്ന് മനസ്സിലായപ്പോൾ മണിമണി പോലെ ഇംഗ്ലീഷ് പേശുന്നു രാഹുൽ ഗാന്ധി, തരൂർജിയെ ചർച്ചയ്ക്കായി വിളിച്ചു.

'താനൊരു വലിയ സംഭവമാണെന്നും, തനിക്ക് വേണ്ടത്ര പരിഗണന പാർട്ടിയിൽ കിട്ടുന്നില്ലെന്നും, തന്റെ ഇംഗ്ളീഷ് ആർക്കും മനസ്സിലാകുന്നില്ലെന്നും' തരൂർ ഉണർത്തിച്ചു. കേരളത്തിലെ മുഖ്യമന്ത്രി പദമലങ്കരിക്കാൻ താനാണ് മറ്റാരെക്കാളും യോഗ്യൻ എന്ന് അദ്ദേഹം സമർത്ഥിച്ചു.

ഈ സംഭാഷണമെല്ലാം ഒളിഞ്ഞിരുന്ന് കേട്ട വേണുഗോപാൽജി പറയുന്നത്, രാഹുൽ മോൻ, തരൂരിനെ ഗെറ്റൗട്ട് അടിച്ചെന്നാണ്.

അസംതൃപ്താനായ തരൂർ പുറത്തിറങ്ങി പറഞ്ഞത്, 'തന്റെ ഒരു പുല്ലും എനിക്ക് വേണ്ട- എന്റെ മുന്നിൽ ധാരാളം വഴികൾ തുറന്നുകിടപ്പുണ്ടെന്നാണ്.'

ഭരിക്കുന്ന പാർട്ടിയോട് ഒട്ടി നിൽക്കുന്നതാണ് ബുദ്ധി. കേരളത്തിലാണെങ്കിൽ നല്ല ഒന്നാന്തരം ഇംഗ്ലീഷ് പേശുന്ന ഉന്നത വിദ്യാഭ്യാസ മന്ത്രിയും, വാഴക്കുല ഡോക്ടറേറ്റ് നേടിയ യുവതിയുമുണ്ട്. ഒഴിവ് വേളകളിൽ അവരോട് കുശലം പറഞ്ഞിരിക്കാം. മന്ത്രിക്കസേര മോഹിച്ച് അങ്ങോട്ട് ചാടിയ ഡോ. സരിന്റേയും ഡോ. ജോ. ജോസഫിന്റേയും ഗതി വരാതിരുന്നാൽ മതിയായിരുന്നു.

ഒരുപക്ഷെ മൂർത്തമായ സാഹചര്യത്തിൽ, മൂർത്തമായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കിട്ടുമായിരിക്കും.

ബി.ജെ.പിയാണെങ്കിൽ വിശാലമായൊരു വേദിയാണ്. മോദിജി വിദേശ പര്യടനത്തിനു പോകുമ്പോൾ, കൂടെക്കൂടി, നല്ല കടിച്ചാൽ പൊട്ടാത്ത ഇംഗ്ളീഷ് പറഞ്ഞ്, ലോക നേതാക്കന്മാരെ ഞെട്ടിക്കാം.

പക്ഷെ, അവിടെ കാര്യങ്ങളൊക്കെ നല്ല സ്മൂത്തായി പോവുകാണ്. വെറുതെ വേലിയിലിക്കുന്നതിനെ എടുത്ത് അസ്ഥാനത്ത് വെക്കുവാൻ ബുദ്ധിരാക്ഷസനായ അമിത് ഷാ സമ്മതിക്കുമെന്ന് തോന്നുന്നില്ല,

ശരിക്കുമൊന്നാലോചിച്ചാൽ, തരൂരിന് പറ്റിയ തട്ടകം അമേരിക്ക തന്നെയാണ്. ഇവിടെ നമ്മൾ മലയാളികൾക്ക് ഫൊക്കാന, ഫോമാ എന്നീ രണ്ട് മഹത്തായ ദേശീയ സംഘടനകളുണ്ട്. ഒരേ ലക്ഷ്യം- ഒരേ മാർഗ്ഗം . രണ്ടു വർഷം കഴിഞ്ഞ് നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സ്ഥാനാർത്ഥികൾ ഇതിനോടകം തന്നെ അരയും തലയും മുറുക്കി ഗോദായിലിറങ്ങിക്കഴിഞ്ഞു. അണിയറയിൽ ചില വനിതാ രത്നങ്ങൾ ഉൾപ്പടെയുള്ള സ്ഥാനാർത്ഥികൾ രംഗപ്രവേശനം നടത്താൻ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന പിന്നാമ്പുറ വാർത്തയുമുണ്ട്.

ചെറിയ ചില നീക്കുപോക്കുകൾ നടത്തി, ഒരു സമവായമെന്ന രീതിയിൽ, ഈ രണ്ട് സംഘടനകളും കൂടി യോജിച്ച് നിന്ന് ബഹുമാനപ്പെട്ട ശശി തരൂരിനെ പ്രസിഡന്റായി തിരഞ്ഞെടുക്കുക. തലേന്നും, പിറ്റേന്നുമുള്ള രണ്ട് കൺവൻഷനുകൾക്കു പകരം ഒരു കൺവൻഷൻ മതി.

അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലായാൽ വളരെ നല്ലത്.

കുഴപ്പമൊന്നുമില്ല- അപ്രതീക്ഷിതമായി ഇവിടെ ചിലപ്പോൾ കൊടുങ്കാറ്റ് ആഞ്ഞടിക്കാറുണ്ടെന്ന് മാത്രം.

പിന്നെ വ്യക്തിപരമായി ഒരു കാര്യം: ഇന്റർവ്യൂ സമയത്ത് ചില സിനിമാ നടിമാർ, നെറ്റിയിൽ വീഴുന്ന മുടി പിന്നോട്ട് തട്ടിയിടുന്ന രീതിയിൽ തലയാട്ടുന്ന താങ്കളുടെ ആ ഒരു ആർട്ടിഫിഷ്യൽ സ്റ്റൈലുണ്ടല്ലോ- അതൊന്നു മാറ്റിപ്പിടിച്ചാൽ കുറച്ചുകൂടി ഒരു ഗൗരവം കിട്ടുമായിരുന്നു.




GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# സുരക്ഷക്ക് വേണ്ടി നഴ്സുമാരുടെ വമ്പിച്ച റാലി; കാൻഡിൽ ലൈറ്റ് വിജിൽ




വെസ്റ്റ് പാം ബീച്ച്: പാംസ് വെസ്റ്റ് ഹോസ്പിറ്റലിൽ മലയാളി നഴ്സ് ലീലാമ്മ ക്രൂരമായി ആക്രമിക്കപ്പെട്ടതിൽ പ്രതിഷേധിച്ചും സുരക്ഷാ നിയമങ്ങൾ ശക്തമാക്കണമെന്ന് ആവശ്യപ്പെട്ടും നഴ്സുമാരും ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും വമ്പിച്ച റാലി നടത്തി. ഹോസ്പിറ്റലിന് സമീപമുള്ള ജെറോം സെന്ററിന് മുന്നിൽ ഞായറാഴ്ച ഉച്ചക്ക് നടത്തിയ റാലിയിൽ എല്ലാ നാടുകളിൽ നിന്നുമുള്ള നഴ്സുമാരടക്കം നൂറു കണക്കിന് പേർ പങ്കെടുത്തു. 'കെയർ ഫോർ പീപ്പിൾ ഹു കെയർ' എന്നതായിരുന്നു റാലിയുടെ മുദ്രാവാക്യം.

ശനിയാഴ്ച ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡയുടെ ആഭിമുഖ്യത്തിൽ ഡേവിയിലെ ഗാന്ധി സ്കവയറിൽ ഗാന്ധി പ്രതിമക്ക് മുന്നിൽ പ്രാർത്ഥനയും കാൻഡിൽ ലൈറ്റ് വിജിലും നടന്നു. ആശുപത്രിയിൽ ജീവിതത്തിനു വേണ്ടി മല്ലിട്ടു കൊണ്ടിരിക്കുന്ന ലീലാമ്മ ആരോഗ്യം വീണ്ടെടുക്കുന്നതിനും വിഷമസന്ധിയിലൂടെ കടന്നു പോകുന്ന കുടുംബത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുമാണ് പ്രാർത്ഥനയും കാൻഡിൽ ലൈറ്റ് വിജിലും സംഘടിപ്പിച്ചത്.

രണ്ടിടത്തും ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ് വത്സമ്മ എബ്രഹാം, മുൻ പ്രസിഡന്റ് ഡോ ബോബി വർഗീസ് എന്നിവർ സംസാരിച്ചു. ജെറോം സെന്ററിൽ കേരള അസോസിയേഷൻ ഓഫ് പാം ബീച്ച് പ്രസിഡന്റ് മാത്യുവും (രാജു) സംസാരിച്ചു.

ലീലാമ്മയുടെ പുത്രനും പുത്രി ഡോ. സിൻഡിയും ഭർത്താവും മക്കളും ലീലാമ്മയുടെ മൂത്ത സഹോദരിയും പങ്കെടുത്തു. ലീലാമ്മയുടെ സ്ഥിതി മെച്ചപ്പെടുന്നതായാണ് അവർ നൽകിയ സൂചന. ഒരു കണ്ണിന്റെ കാഴ്ച എങ്കിലും തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ലീലാമ്മയെ ആക്രമിച്ച മാനസിക രോഗി സ്റ്റീഫൻ സ്കാന്റിൽബറിക്ക്, 33, എതിരെ വധശ്രമത്തിനും വിദ്വേഷ കുറ്റത്തിനും കേസ് എടുത്തു. ആറ് അടിയിൽ പരം ഉയരമുള്ള അരോഗ ദൃഢഗാത്രനാണ് അയാൾ.

ഗാന്ധി സ്കവയറിലെ വിജിലിൽ പ്രതികാരമോ രോഷമോ അല്ല തങ്ങളെ നയിക്കുന്നതെന്നും ഗുരുതരാവസ്ഥയിൽ കഴിയുന്ന തങ്ങളുടെ സഹോദരിയുടെ സുഖപ്രാപ്തിയാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും സംഘാടകർ ചൂണ്ടിക്കാട്ടി. ഹീലിംഗ് സംബന്ധിച്ചു വിവിധ മതങ്ങളുടെ പ്രാർത്ഥനകളും എം.സി ആയിരുന്ന ഡോ. ബോബി വർഗീസ് ചൂണ്ടിക്കാട്ടി.

മൂന്ന് മക്കളുടെ അമ്മയായ ലീലാമ്മ നന്മ നിറഞ്ഞ വ്യക്തിയാണ്. അവർ സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരാൻ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നുവെന്ന് പ്രസിഡന്റ് വത്സമ്മ എബ്രഹാം പറഞ്ഞു. നഴ്സ് ആകാൻ എന്നും ആഗ്രഹിച്ച ലീലാമ്മ 23 വർഷമായി പാം വെസ്റ്റ് ആശുപത്രിയിൽ ജോലി ചെയ്യുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. അർപ്പണബോധത്തോടെ രോഗിക്ക് ശുശ്രൂഷ നൽകിയ വ്യക്തി ക്രൂരമായ ആക്രമണത്തിനിരയായി ജീവന് വേണ്ടി പോരാടുന്ന സ്ഥിതി അംഗീകരിക്കാനാവില്ലെന്നവർ പറഞ്ഞു. ഈ സ്ഥിതി മാറുകയും എല്ലാ ആരോഗ്യ സംരക്ഷകർക്കും സുരക്ഷിതത്വം ഉറപ്പാക്കുകയും വേണമെന്ന് അവർ ആവശ്യപ്പെട്ടു. ഈ ദുഷ്കരമായ സമയത്ത് പിന്തുണയ്ക്കാനും പ്രാർത്ഥിക്കാനും ഒത്തുചേർന്ന മുഴുവൻ സൗത്ത് ഫ്ലോറിഡ സമൂഹത്തിനും ഇന്ത്യൻ നഴ്സസ് അസോസിയേഷന്റെ നന്ദിയും അവർ അറിയിച്ചു.

സർവമത പ്രാർഥനയിൽ വിവിധ മത വിഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു.




മാർത്തോമ്മാ ചർച്ച് ഓഫ് സൗത്ത് ഫ്ലോറിഡയിൽ നിന്നുള്ള റവ. ഡോ. ജേക്കബ് ജോർജ്, സയൺ അസംബ്ലി ഓഫ് ഗോഡ് ചർച്ചിലെ പാസ്റ്റർ സാം പണിക്കർ, കേരള ഹിന്ദുസ് ഓഫ് സൗത്ത് ഫ്ലോറിഡ പ്രതിനിധി രാജ്കുമാർ എന്നിവർ പ്രാർത്ഥനകൾ നയിച്ചു . ദിവ്യ, നവ്യ, വാണി സുധീഷ് തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു.



എല്ലാ സംഘടനകളുടെയും പ്രതിനിധികൾ പങ്കെടുത്തു. ഫോമാ മുൻ പ്രസിഡന്റ് ജോൺ ടൈറ്റസ്, ഫൊക്കാന മുൻ പ്രസിഡന്റ് ജോർജി വർഗീസ്, ഫൊക്കാന ട്രസ്റ്റി ബോർഡ് അംഗം ഡോ. മാമ്മൻ സി. ജേക്കബ്, കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ് ബിജു ജോൺ, നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ് ഏലിയാസ് പനങ്ങായി, നവകേരള മലയാളി അസോസിയേഷൻ പ്രസിഡന്റ് സൈമൺ പറത്താഴം, കൈരളി പ്രസിഡന്റ് വർഗീസ് ജേക്കബ് തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു.




ജെറോം സെന്ററിൽ ഇന്നലെ നടന്ന റാലിയിൽ പങ്കെടുത്ത ഡോ. സാന്ദ്ര റിസോൾഡി, ഡിഎൻപി, എ-എആർപിഎൻ, പറഞ്ഞു 'എത്രയും വേഗം നിയമങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ഇത് നിയന്ത്രണാതീതമാണ്. അടുത്ത കാലത്ത് രാജ്യത്തുടനീളം ഇത്തരം നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എത്രയും വേഗം നമുക്ക് സംരക്ഷണം ആവശ്യമാണ് . സെനറ്റിൽ ധാരാളം ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്, പക്ഷേ നമുക്ക് അവ പാസാക്കാൻ കഴിയുന്നില്ല.'

ഡോ. ബോബി വർഗീസ് നടത്തിയ പ്രസംഗത്തിൽ 'നമ്മൾ സഹപ്രവർത്തകരായിട്ടല്ല, മറിച്ച് പ്രിയപ്പെട്ട ലീലാമ്മയ്ക്കെതിരെ നടന്ന അചിന്തനീയമായ അക്രമത്തിൽ നടുങ്ങിയ കുടുംബമായിട്ടാണ് ഒത്തുകൂടുന്നതെന്ന്' ചൂണ്ടിക്കാട്ടി. 'രോഗിയെ പരിചരിക്കുന്നതിനിടയിലാണ് അവർ ക്രൂരമായി ആക്രമിക്കപ്പെട്ടത്. ഇപ്പോൾ, അവർ തന്റെ ജീവനുവേണ്ടി പോരാടുമ്പോൾ, പ്രാർത്ഥനയിലും പിന്തുണയിലും മാത്രമല്ല, പ്രവർത്തനത്തിലും നമ്മൾ ഒത്തുചേരണം.

'നഴ്സുമാർ ആരോഗ്യ സംരക്ഷണത്തിന്റെ നട്ടെല്ലാണ്. പരിചരണം, ആശ്വാസം, രോഗശാന്തി എന്നിവ നൽകുന്നതിന് പലപ്പോഴും കടുത്ത സമ്മർദ്ദമുള്ള അന്തരീക്ഷത്തിൽ നമ്മൾ അക്ഷീണം പ്രവർത്തിക്കുന്നു. എന്നിരുന്നാലും, നമ്മൾ ദുർബലരാണ്. ആക്രമണത്തിനും വാക്കു കൊണ്ടുള്ള അധിക്ഷേപത്തിനും മാത്രമല്ല, ഇപ്പോഴിതാ ക്രൂരമായ ശാരീരിക അക്രമത്തിനും വിധേയരാകുന്നു. ഇത് അംഗീകരിക്കാനാവില്ല.

'ആരും അവരുടെ ജോലി ചെയ്യുമ്പോൾ സ്വന്തം സുരക്ഷയെക്കുറിച്ച് ഭയപ്പെടരുത്. പ്രത്യേകിച്ച് ജീവൻ രക്ഷിക്കുക എന്ന ജോലി ചെയ്യുന്നവർ. വർദ്ധിച്ച സുരക്ഷ, ആക്രമണകാരികളായ രോഗികളെ കൈകാര്യം ചെയ്യുന്നതിനുള്ള കർശനമായ പ്രോട്ടോക്കോളുകൾ, ആരോഗ്യ പ്രവർത്തകർക്കെതിരായ അക്രമത്തിന് കടുത്ത ശിക്ഷ നടപ്പിലാക്കുന്ന നിയമങ്ങൾ എന്നിവ ഉണ്ടാകണം.

'നമ്മുടെ ഭരണാധികാരികളോടും നയരൂപീകരണ വിദഗ്ധരോടും ഞാൻ പറയുന്നത് ഇതാണ്: മറ്റൊരു ദുരന്തത്തിനായി കാത്തിരിക്കാൻ നമുക്ക് കഴിയില്ല. ഉടനടി നടപടി ആവശ്യമാണ്. - മെച്ചപ്പെട്ട ജീവനക്കാരെ നിയമിക്കൽ, കൂടുതൽ പരിശീലനം, ആശുപത്രികളിലും ക്ലിനിക്കുകളിലും അക്രമങ്ങളോട് സീറോ ടോളറൻസ് എന്നിവ ഉണ്ടാകണം.

'എന്റെ സഹ നഴ്സുമാരോട്, നാം ഒരുമിച്ച് നിൽക്കുക, അക്രമത്തെ 'ജോലിയുടെ ഭാഗമായി' ഒരിക്കലും അംഗീകരിക്കരുത്. നമ്മുടെ സുരക്ഷ പ്രധാനമാണ്. നമ്മുടെ ജീവൻ പ്രധാനമാണ്.

ഇന്ന്, നമ്മുടെ സഹപ്രവർത്തക ലീലക്കായി നമ്മൾ പോരാടുന്നു. ഇത് ഒരിക്കലും ആവർത്തിക്കാതിരിക്കാൻ നമ്മൾ പോരാടുന്നു.'


INDIAN NURSES ASSOCIATION OF SOUTH FLORIDA
501 (c) (3) Professional Organization Serving Indian Nurses
Together We Serve






Nurses Against Violence Unite
#EndHealthCareViolence




Now baking 4 exciting flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum Cakes Freshly Made in USA
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**രാജമ്മ ഡാനിയേൽ**

ഫിലാഡൽഫിയ: രാജമ്മ ഡാനിയേൽ (100) ഫെബ്രുവരി 23-ന് ഫിലാഡൽഫിയയിൽ അന്തരിച്ചു. കാർത്തികപ്പള്ളി നരീച്ചിറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.റ്റി. ഡാനിയേൽ പത്തനംതിട്ട മച്ചിയിൽ ഗ്രേയ്സ് ഭവൻ കുടുംബാംഗമാണ്. മക്കൾ: എലിസബേത്ത്, ഫിന്നി, ലൂതർ, പാസ്റ്റർ വെസ്ലി, സൂസൻ. മരുമക്കൾ: എം.സി വർഗീസ്, ശോശാമ്മ, മേബിൾ, അക്കാമ്മ, വിൽസൺ. കൊച്ചുമക്കളും അവരുടെ മക്കളുമായി 28 പേർ ഉണ്ട്.

**ഷാജി കെ.ഫിലിപ്പ്**

കിഴക്കേ നട്ടാശേരി:കൊട്ടിപ്പള്ളിയിൽ പരേതനായ ഫിലിപ്പിന്റെയും ചിന്നമ്മയുടെയും മകൻ ഷാജി കെ.ഫിലിപ് (53) അന്തരിച്ചു. ഭാര്യ: മഞ്ജുമോൾ ഷാജി. മക്കൾ: ആൽബിൻ ഷാജി, അലോന ഷാജി.



**കുഞ്ഞമ്മ സക്കറിയ**

ഡാളസ്: കുഞ്ഞമ്മ സക്കറിയ (98)തുണ്ടിയിൽ ഹൗസ്, ഐരൂരിൽ അന്തരിച്ചു.മാർത്തോമാ സഭയിലെ സീനിയർ പട്ടക്കാരനും ഡാളസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച മുൻ വികാരിയുമായ റവ. സാജു സക്കറിയയുടെ മാതാവാണ്.

**ക്ലാരമ്മ തോമസ്**

ചങ്ങനാശേരി:കരിങ്ങട പരേതനായ കെ.എം.തോമസിന്റെ ഭാര്യ ക്ലാരമ്മ തോമസ് (84) അന്തരിച്ചു.മക്കൾ: ജോജി, ജൂലി, മാർട്ടിൻ, ശോഭ, കു ഞ്ഞുമോൻ, ടീന. മരുമക്കൾ: റാണി, രാജൻ ജെ.തോപ്പിൽ, പ്രീതി ഡോണിവില്ല, സജി പൊടി മറ്റം, മാഗി കവലേക്കളം, ബിനോയ് തോട്ടത്തിൽ.

**കെ.ടി.ജോസഫ്**

മൂന്നിലവ്: കല്ലാറ്റ് കെ.ടി.ജോസഫ് (86) അന്തരിച്ചു.



**എം.ജെ. ചെറിയാൻ**

കോട്ടയം: മള്ളൂശ്ശേരി തേക്കുംപറമ്പിൽ റിട്ട. സിൻഡിക്കേറ്റ് ബാങ്ക് ഉദ്യോഗസ്ഥൻ എം.ജെ. ചെറിയാൻ (തമ്പി, 70) അന്തരിച്ചു.ഭാര്യ: മോളി ചെറിയാൻ പാലത്തിങ്കൽ കുടുംബാംഗമാണ്. മക്കൾ: നീനു ചെറിയാൻ, ജോസഫ് ചെറിയാൻ, അലക്സ് ചെറിയാൻ (മൂവരും ഫ്ളോറിഡ). മരുമക്കൾ: ലിയോ ചോരത്ത് കല്ലറ, സ്നേഹ ജോസഫ് വയലിൽ രാജാക്കാട്, അലീഷ അലക്സ് മീമ്പനത്ത് തൊടുപുഴ (മൂവരും ഫ്ളോറിഡ).

**സജി തോമസ്**

നീലിമംഗലം:കൊല്ലൻ കിഴക്കേ തിലായ കാരിമറ്റത്തിൽ പരേതനായ കെ.കെ. തോമസിന്റെയും അന്നമ്മ തോമസിന്റെയും മകൻ സജി തോമസ് (49) അന്തരിച്ചു. ഭാര്യ: ഷൈനി സജി. മക്കൾ: ജിഷോൺ, ജിയോണ.




**കെ.ഒ. ജോസ്**

ഹൂസ്റ്റൺ: കുറുപ്പുംതറ മാൻവെട്ടം കലയന്താനം കെ.ഒ.ജോസ് (79) അന്തരിച്ചു. ഭാര്യ:വത്സമ്മ ജോസ് ഏറ്റുമാനൂർ മുതിരക്കാലായിൽ കുടുംബാംഗമാണ്.മക്കൾ: ജഫിനാ, ജസിനാ,( ഇരുവരും ഹൂസ്റ്റൺ, സെൻറ്.മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് അംഗങ്ങൾ) ,ജോവിൻ (ഏറ്റുമാനൂർ). മരുമക്കൾ: ജോയ്മോൻ പള്ളിപ്പറമ്പിൽ ,സെർനി പുത്തൻപുരയിൽ (ഇരുവരും ഹൂസ്റ്റൺ), റ്റീന കുന്നക്കാട്ടുതറ (കോട്ടയം). കൊച്ചുമക്കൾ: ജെറിൽ, ജോയൽ, ജൂഡ്, ജസ്റ്റസ്, ഇവാന, എംലിൻ, ജനിറ്റ, ജൂബെൽ, ജോവീറ്റ.

**എ.വി.ബാബു**

വരമ്പിനകം:മൂലേപാടംചിറ ആറ്റുപുറം എ.വി.ബാബു (57) അന്തരിച്ചു. ഭാര്യ: രാധ. മക്കൾ: കാർഗിൽ ബാബു (ദുബായ്), അഖിൽ ബാബു.



**ബ്രദർ തോമസ് കുര്യൻ**

ഫ്ളോറിഡ: ഫ്ളോറിഡ ലേക്ലാൻഡ് ബ്രദറൺ അസംബ്ലി സഭാംഗം ബ്രദർ തോമസ് കുര്യൻ (75) ഫ്ളോറിഡയിൽ അന്തരിച്ചു. ആദ്യകാല ബ്രദറൺ കുടുംബങ്ങളിൽ ഒന്നായ പത്തനംതിട്ട മുണ്ടുകോട്ടയ്ക്കൽ ഓലിപ്പാട്ട് പരേതരായ കെ. ജി തോമസിന്റെയും ശോശാമ്മ തോമസിന്റെയും ഇളയ മകനാണ്. ഭാര്യ മേഴ്സി കുര്യൻ കുടുംബാംഗമാണ്.മക്കൾ: നിസ്സി കുര്യൻ, സാം കുര്യൻ, നാൻസി കുര്യൻ. മരുമകൾ: ലിൻഡ കുര്യൻ. കൊച്ചുമക്കൾ : ജയ്ന, ജാരെഡ്, റോഹാൻ, ആഷേർ. സഹോദരങ്ങൾ : എലിയമ്മ തോമസ്, പരേതരായ തങ്കമ്മ, സാറാമ്മ, സാമുവൽ, മറിയാമ്മ.

**വർഗീസ് കെ.ചാണ്ടപ്പിള്ള**

ശാന്തിപുരം: കൊച്ചിക്കുഴിയിൽ വർഗീസ് കെ.ചാണ്ടപ്പിള്ള (73) അന്തരിച്ചു.



**മറിയാമ്മ തോമസ്**

ഫ്ളോറിഡ: നീറിക്കാട് പരേതനായ പി.യു. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് പിണക്കുഴത്തിൽ (95) ഫ്ളോറിഡയിൽ അന്തരിച്ചു. പരേത പേരൂർ പുളിക്കത്തൊടിയിൽ കുടുംബാംഗമാണ്. മക്കൾ: മേരിക്കുട്ടി ജേക്കബ്ബ് പ്ലാക്കൂടത്തിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ), പരേതയായ ഏലിയാമ്മ തോമസ് മറ്റത്തിൽപറമ്പിൽ (റോക്ക്ലാന്റ്, ന്യൂയോർക്ക്), ആനി ഇടിക്കുള പാറാനിയ്ക്കൽ (ഡേവി, ഫ്ലോറിഡ), ഗ്രേസി ജോസഫ് പുതുപ്പള്ളിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ), റോയ് തോമസ് പിണക്കുഴത്തിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ).13 കൊച്ചുമക്കളും 17 കൊച്ചുമക്കളുടെ മക്കളുമുണ്ട്.

**പി.കെ.മാത്യു**

മണർകാട്:കുറ്റിയക്കുന്ന് പി.കെ.മാത്യു അന്തരിച്ചു.



**ഏലിയാമ്മ മാമ്മൻ**

ന്യൂയോർക്ക്: ടപ്പാൻ ക്രൈസ്റ്റ് സിഎസ്ഐ ചർച്ച് അംഗം മാമ്മൻ മത്തായിയുടെ (പാപ്പച്ചായൻ) ഭാര്യ ഏലിയാമ്മ മാമ്മൻ,89, അന്തരിച്ചു. ഏലിയാമ്മ മാമ്മൻ കോട്ടയം മണിയംകുളം ഈപ്പന്റെയും അച്ചാമ്മ ഈപ്പന്റെയും 9 മക്കളിൽ അഞ്ചാമത്തെ പുത്രിയാണ്. ന്യയോർക്കിലെ വിവിധ ആശുപത്രികളിൽ അവർ ജോലി ചെയ്തു. 1997-ൽ വിരമിക്കു ന്നത് ബ്രോങ്ക്സ് ലെബനൻ ആശുപത്രിയിൽ നിന്നാണ്. 1986 മുതൽ ന്യൂയോർക്കിലെ വെസ്റ്റ് നയാക്കിൽ ആയിരുന്നു താമസം. മകൻ അനിൽ മാമ്മൻ, ശോഭ, സാറ,പീറ്റർ, ജേസൺ. മകൾ അനുപമ ജോർജ്, പോൾ, സോഫിയ. സഹോദരിമാർ: കുഞ്ഞുമോൾ, ആനി. കിംഗ് ജോർജ് ആശുപത്രിയിൽ നഴ്സിംഗ് പഠിച്ചു.



**ബീന മാത്യു**

മാഞ്ചസ്റ്റർ സെന്റ് മേരീസ് ക്നാനായ മിഷൻ അംഗമായ ബീന മാത്യു ചമ്പക്കര (53) അന്തരിച്ചു. അന്ത്യം. മാഞ്ചസ്റ്ററിലെ ട്രാഫോർഡ് ജനറൽ ഹോപിറ്റലിൽ നഴ്സായി ജോലിചെയ്തുവരികയായിരുന്നു ബീന. മാഞ്ചസ്റ്റർ എം ആർ ഐ ഹോസ്പിറ്റലിലെ ജീവനക്കാരനായ മാത്യു ചുമ്മാറും മക്കളായ എലിസബത്, ആൽബെർട്, ഇസബെൽ മറ്റു കുടുംബാഗങ്ങളും മരണസമയത്ത് അടുത്തുണ്ടായിരുന്നു. നാട്ടിൽ കോട്ടയത്ത് കുറുപ്പന്തറചമ്പക്കര കുടുംബാംഗമാണ് പരേത. പരേത കോട്ടയം മള്ളുശ്ശേരി മുതലക്കോണത്ത് മാത്യു മറിയാമ്മ ദമ്പതികളുടെ ഇളയമകളാണ്.

**ആർ.ജയിംസ്**

വണ്ടിപ്പെരിയാർ:പാറയ്ക്കൽ വീട്ടിൽ ആർ.ജയിംസ് (68) അന്തരിച്ചു.



**എം.എം ജോർജ്**

മറ്റക്കര: മാമ്പുഴയ്ക്കൽ എം.എം ജോർജ് (83) അന്തരിച്ചു. ഭാര്യ: പരേതയായ ഏലാമ്മ കുറുമുള്ളൂർ പാറ്റിയാൽ കുടുംബാംഗമാണ്. മക്കൾ: ബേബിച്ചൻ, ബീനാ (യു.എസ്.എ), ബിജു (ഡൽഹി). മരുമക്കൾ: സാലി കുട്ടത്തുപറമ്പിൽ മുട്ടം, ജേക്കബ് കിഴക്കേക്കാട്ടിൽ കൈപ്പുഴ (യു.എസ്.എ), സിനി അപ്പോഴിപ്പറമ്പിൽ മേമ്മുറി (ഡൽഹി). ഫാ. തോമസ് മാമ്പുഴയ്ക്കൽ സഹോദരനാണ്.

**ടി.കെ.വർഗീസ്**

ഉമിക്കുപ്പ:തൊട്ടിപ്പറമ്പിൽ ടി.കെ.വർഗീസ് (കുഞ്ഞൂട്ടി 75) അന്തരിച്ചു. ഭാര്യ: മേരിക്കുട്ടി പാറയിൽ. മക്കൾ: രശ്മി (അയർലൻഡ്), ജാസ്മിൻ. മരുമക്കൾ: ബിജു (അയർലൻഡ്), ഫിൽജു (സെന്റ് എഫ്രേംസ് എച്ച്എസ് ചിറക്കടവ്).



**എം.ജെ ചെറിയാൻ**

കോട്ടയം: മള്ളൂശ്ശേരി: തേക്കുംപറമ്പിൽ എം.ജെ ചെറിയാൻ (തമ്പി-70) അന്തരിച്ചു. ഭാര്യ: മോളി പരിപ്പ് പാലത്തിങ്കൽ കുടുംബാംഗമാണ്. മക്കൾ: നീനു, ജോസഫ്, അലക്സ് (മൂവരും യു.എസ്.എ). മരുമക്കൾ: ലിയോ ചാരത്ത്, സ്നേഹ വയലിൽ, അലീഷ മീമ്പനത്ത് (മൂവരും യു.എസ്.എ). സഹോദരങ്ങൾ: ജിജി തോമസ് കുന്നുമാംതൊട്ടിയിൽ സംക്രാന്തി, എബി ജോസഫ് തേക്കുംപറമ്പിൽ മള്ളൂശ്ശേരി, സുജ ജോണി പൂഴിക്കാലായിൽ തൊടുപുഴ.

**ചാക്കോ തോമസ്**

കുറിച്ചി:പള്ളിക്കപറമ്പിൽ ചാക്കോ തോമസ് (83) അന്തരിച്ചു. ഭാര്യ: കുറിച്ചി ചേലാറ കണ്ണകേരിൽ തങ്കമ്മ. മക്കൾ: ബോബി, സോബി, (ഇരുവരും പ്രീയ കളർലാബ് ചങ്ങനാശേരി), ജോർജ്കുട്ടി.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News